318
DECEMBER 2025 -JANUARY 2026

# KERALA PRIVATE COLLEGE TEACHER

ISSN 2454-4795
a monthly journal of the all kerala private college teachers' association



KERALA PRIVATE
# COLLEGE TEACHER

DEC-JAN 2026 **318**

EDITORIAL BOARD

Editor
**Dr. Vidhu Narayan**

Managing Editor
**Dr. N. Renuka**

Assistant Editors
**Dr. M. R. Rajesh**
**Sreelekshmi A.R.**

Issue Editors
**Dr. Bindumol B.**
**Dr. Remya G.**

**Members**
A. Nisanth
Prof. (Dr.) K. Bijukumar
Asha Prabhakaran
Sanjeev G.
Pramod Vellachal
Dr. Sumesh A.S.
Dr. Bindumol B.
N.K. Sunilkumar
Harinarayanan S.
Dr. Vishnu Sreevalsan
Midhun Shah
Dr. Remya G.
Dr. Anju Linda Varghese
Dr. Sanand C. Sadananda Kumar
Dr. Preetha Krishna L.

Design :
Jwala Creatives

Views expressed by individuals in the journal are their own and need not necessarily be taken as policy of the Association.
Edited, Printed and Published by
Prof. (Dr.) K. Bijukumar, AKPCTA State Committee Office, Vanchiyoor, TVPM-35.

AKPCTA State Committee Office
Mathrubhumi Road,
Vanchiyoor, Thiruvananthapuram-35
**Ph: 0471-2463494**
**Mobile: +91 94470 14956**
collegeteacheredt@gmail.com
www.akpcta.org



## എഡിറ്റോറിയൽ


കുത്തകവത്കരണത്തിന്റെയും മുതലാളിത്തത്തിന്റെയും പ്രശ്നഭരിതമായ പുതുപാഠങ്ങൾ പകർന്നുകൊണ്ടാണ് 2025കടന്നുപോയത്. സാധാരണക്കാരെ നേരിട്ടു ബാധിച്ച പ്രശ്നമല്ലെങ്കിൽപ്പോലും വ്യോമയാന മേഖലയിൽ ഇൻഡിഗോയുടെ കുത്തക മൂലമുണ്ടായ പ്രതിസന്ധി കുത്തകവത്കരണം ഭാവിയിൽ വരുത്തിവച്ചേക്കാവുന്ന പ്രശ്നങ്ങൾക്കുള്ള മുന്നറിയിപ്പായി മാറുന്നു. വ്യോമയാന മേഖലയിൽ നിന്നെന്നപോലെ ഉന്നതവിദ്യാഭ്യാസ മേഖലയിൽ നിന്നുള്ള കേന്ദ്രസർക്കാറിന്റെ പിന്മാറ്റശ്രമം ആരംഭിച്ചതിനെ സംബന്ധിച്ച സൂചനകൾ ലഭിച്ചു കഴിഞ്ഞു. സാധാരണക്കാർക്ക് അപ്രാപ്യമാകുന്ന തരത്തിൽ ഉന്നത വിദ്യാഭ്യാസത്തെ കച്ചവടവത്കരിക്കാനുള്ള കോർപ്പറേറ്റുകളുടെ ശ്രമത്തെ നാം പ്രതിരോധിക്കേണ്ടതുണ്ട്. തുല്യതയും ജനാധിപത്യവും സാമൂഹ്യനീതിയും പുലരുന്ന ഒരു പുതുവർഷം ആശംസിച്ചുകൊണ്ട് ഈ ലക്കം വായനക്കാർക്കു സമർപ്പിക്കുന്നു.

**എഡിറ്റർ**
collegeteacheredt@gmail.com
9447237659

Cover Courtesy: Krishen Khanna, News of Gandhiji's Death, 1948,
Oil on canvas H. 33 1/2 x W. 33 1/2 in. (85.1 x 85.1 cm)

# ഉള്ളടക്കം

# പുതുവത്സരാശംസകൾ



## മൊഴി പൊഴിയുമ്പോൾ നിലങ്ങൾ പൂക്കുമ്പോൾ

അഭിമുഖം – മനോജ് കുറൂർ/ രമ്യ ഗോകുലനാഥൻ

12


പോരാട്ടം അതിജീവനം നൈതികത
**ഡോ. ബിജുകുമാർ കെ.** ........ 4

METAL–ORGANIC FRAMEWORKS (MOFS): ENGINEERING THE FUTURE WITH ULTRA-HIGH SURFACE AREAS
**Dr. Jintha Thomas Gipson** ........ 6

ഈ ഡിജിറ്റൽ കാടോരം ചേർന്ന്
**മൈന ഉമൈബാൻ** ........ 17

The wave does sing
**Lekshmy Sreekumar** ........ 22

ഇന്ത്യ
**ഡോ. ബിജു ബാലകൃഷ്ണൻ** ........ 29

സൂസന്നയുടെ ഗ്രന്ഥപ്പുര: വായനയും വിഷാദവും
**ഡോ. എൻ. രേണുക** ........ 30

THE SMART HERBARIUM: AI-ENHANCED DIGITAL REVOLUTION
**Archana P J** ........ 35


എന്റെ പ്രിയ സഖാവിന്.....
**ഡോ. രേണു** ........ 39

മാന്ത്രികഭാവനയിലെ സഞ്ചാരങ്ങളും പാതകളും
**അനൂപ് വി.** ........ 43

അറവുകല്ല് - കുറ്റബോധത്തിന്റെ സുവിശേഷം
**രാഗി ആർ ജി** ........ 46

**സർക്കാർ ഉത്തരവുകൾ** ........ 54

**സംഘടനാവാർത്തകൾ** ........ 55







GENERAL SECRETARY'S PAGE



ഡോ. ബിജുകുമാർ കെ.

# പോരാട്ടം അതിജീവനം നൈതികത

കേരളത്തിന്റെ സാമൂഹിക രാഷ്ട്രീയ അന്തരീക്ഷത്തിൽ തദ്ദേശ തെരഞ്ഞെടുപ്പിൽ പലയിടങ്ങളിലും നാം പ്രതീക്ഷിച്ച ഫലമല്ല ലഭിച്ചത്. കാലോചിതമായ സമഗ്രപദ്ധതികൾ ആവിഷ്കരിച്ച് നടപ്പാക്കിയ ഒരു സംസ്ഥാന സർക്കാർ ആയിട്ടും വർഗ്ഗീയശക്തികളും സ്ഥാപിതതാത്പര്യക്കാരും ഗ്രാമീണതലം മുതൽ നഗരങ്ങൾ വരെ അവരുടെ പ്രതിലോമകരമായ ആശയങ്ങൾ പ്രചരിപ്പിച്ചതിന്റെ ഫലമാണിത്. മതാത്മക വലതുപക്ഷത്തിന്റെ വിജയാരവങ്ങളിൽ ഇല്ലാതാകുന്നത് യഥാർത്ഥത്തിൽ ഇന്ത്യൻ ഭരണഘടനാമൂല്യങ്ങളിൽ അധിഷ്ഠിതമായ മതേതരത്വവും ജനാധിപത്യസങ്കല്പങ്ങളും ജനക്ഷേമതാത്പര്യങ്ങളുമാണ്. വരാനിരിക്കുന്ന നിയമസഭാ തെരഞ്ഞെടുപ്പിൽ ഇടതുപക്ഷം വിജയിക്കേണ്ടതിന്റെ ആവശ്യകത നമ്മുടെ നിലനിൽപ്പിന്റെ കൂടി അനിവാര്യതയാണ്.

വർഗ്ഗീയ ധ്രുവീകരണങ്ങളും മനുഷ്യാവകാശ ലംഘനങ്ങളും തൊഴിൽ മേഖലയിലെ അസമത്വങ്ങളും സ്ത്രീസുരക്ഷയുടെ അപര്യാപ്തതയും കൂടിക്കലർന്ന് സങ്കീർണമായ ഒരു സാമൂഹിക പശ്ചാത്തലം ഇപ്പോൾ കേരളത്തിൽ നിലവിലുണ്ട്. എകെപിസിടിഎ സംസ്ഥാന കൗൺസിൽ ഈ പശ്ചാത്തലത്തിൽ ആണ് ആലുവ യു.സി. കോളജിൽ ചേരുന്നത്. എല്ലാത്തരത്തിലുമുള്ള "അതിജീവനം" എന്നത് സംഘടനയുടെ സംസ്ഥാന കൗൺസിൽ മുന്നോട്ട് വയ്ക്കുന്ന കാതലായ ആശയം തന്നെയാണ്. കാരണം രാജ്യത്ത് നിലനിൽക്കുന്ന സാംസ്കാരികവും രാഷ്ട്രീയവുമായ സംഘർഷങ്ങളോട് ഏറ്റുമുട്ടിയല്ലാതെ പുരോഗമന പക്ഷത്ത് നിൽക്കുന്ന ഒരു സർവീസ് സംഘടനയ്ക്ക് മുന്നോട്ടു പോകാൻ കഴിയില്ല. എകെപിസിടിഎയുടെ രാഷ്ട്രീയനൈതികത അതാണ് ആവശ്യപ്പെടുന്നത്.

ദേശീയ വിദ്യാഭ്യാസ നയം 2020 (NEP 2020), യു.ജി.സി. റെഗുലേഷൻസ് 2025, ലേർണിംഗ് ഔട്ട്കം ബേസ്ഡ് കരിക്കുലം, നാഷണൽ എഡ്യൂക്കേഷൻ കമ്മീഷൻ എന്നിവ ഓരോന്നോരോന്നായി മുന്നോട്ടു വച്ചുകൊണ്ട് കേന്ദ്രസർക്കാർ ഉന്നത വിദ്യാഭ്യാസ മേഖലയിൽ വർഗീയ കാവിവൽക്കരണ അജണ്ട നടപ്പിലാക്കുന്നതിന് കൊണ്ടുപിടിച്ച ശ്രമങ്ങൾ നടത്തി വരുന്നു.

സംസ്ഥാനങ്ങളുടെ അക്കാദമിക് സ്വയംഭരണവും സർവകലാശാലകളുടെ സ്വാതന്ത്ര്യവും ക്രമാതീതമായി ചുരുക്കപ്പെടുന്നു. ലേർണിംഗ് ഔട്ട്കം ബേസ്ഡ് കരിക്കുലം എന്ന ആശയം വിദ്യാഭ്യാസത്തെ വിപണിയുടെ ആവശ്യങ്ങളോട് ചേർത്ത് തൊഴിൽപരമായ പരിശീലനമായി ചുരുക്കുന്നു. ഇതിലൂടെ വിമർശനാത്മക ചിന്ത, സാമൂഹിക ബോധം, ജനാധിപത്യ മൂല്യങ്ങൾ തുടങ്ങിയവ പിന്തള്ളപ്പെടുകയും വിദ്യാഭ്യാസത്തിന്റെ സമഗ്രവും മാനവികവുമായ സ്വഭാവം ദുർബലമാക്കപ്പെടുകയും ചെയ്യുന്നു.

അതോടൊപ്പം, ഉന്നത വിദ്യാഭ്യാസ സ്ഥാപനങ്ങളിൽ വർഗീയതയിൽ

അധിഷ്ഠിതമായ ഇടപെടലുകളും കാവിവൽക്കരണ ശ്രമങ്ങളും ആസൂത്രിതമായി നടപ്പിലാക്കപ്പെടുന്നു. ഭരണഘടന ഉറപ്പുനൽകുന്ന സെക്യുലറിസം, സമത്വം, സാമൂഹ്യനീതി, അക്കാദമിക് സ്വാതന്ത്ര്യം എന്നിവ ഈ നയങ്ങളിലൂടെ ഗുരുതരമായി ലംഘിക്കപ്പെടുന്നു. അതിനാൽ ഭരണഘടനാമൂല്യങ്ങൾ സംരക്ഷിക്കപ്പെടുകയും ഫെഡറൽ സ്വഭാവം നിലനിർത്തുകപ്പെടുകയും ചെയ്യുന്ന ജനാധിപത്യപരവും പുരോഗമനപരവുമായ ഒരു ഉന്നത വിദ്യാഭ്യാസ നയം രൂപപ്പെടുത്തുന്നതിനായി NEP 2020നെയും അതിന്റെ അനുബന്ധ റെഗുലേഷൻസിനെയും സംഘടിതമായി ചെറുത്തുതോൽപ്പിക്കേണ്ടത് അനിവാര്യതയാണ്.

യു ജി സി റഗുലേഷൻസ് 2025 സംബന്ധിച്ച ഒരു കരട് കേന്ദ്രസർക്കാർ പുറത്തിറക്കിയത് അങ്ങേയറ്റം പ്രതിലോമകരമായ പ്രവർത്തനമാണ്. ഉന്നതവിദ്യാഭ്യാസരംഗത്തെ എല്ലാ സമിതികളെയും ഇല്ലാതാക്കിക്കൊണ്ട് ഉന്നതവിദ്യാഭ്യാസ കമ്മീഷൻ രൂപീകരിക്കാൻ കേന്ദ്ര സർക്കാർ കൊണ്ടുവന്ന ബിൽ ഈ മേഖലയിൽ വലിയ പ്രത്യാഘാതം സൃഷ്ടിക്കുന്നതാണ്. യു ജി സി - യും എ ഐ സി ടി ഇ- യും എൻ സി ടി ഇ- യും ഉൾപ്പെടെയുള്ള വ്യത്യസ്ത അപ്പെക്സ് സംവിധാനങ്ങൾ വഴി മുൻകാലങ്ങളിൽ ഉറപ്പാക്കിയിരുന്ന ഗുണമേന്മ, തുല്യത, പ്രാപ്യത എന്നീ ഘടകങ്ങൾ ഇല്ലാതാക്കുവാനും ഇന്ത്യയുടെ ഉന്നതവിദ്യാഭ്യാസ മേഖലയെ കുത്തക മുതലാളിത്ത ശക്തികളുടെ തട്ടകമാക്കുവാനും കേന്ദ്രവിദ്യാഭ്യാസ മന്ത്രാലയം വിവിധ രീതികളിൽ ശ്രമിച്ചു വരികയാണ്. ഇതിന്റെ തുടർച്ചയാണ് ഫെഡറൽ തത്വങ്ങൾ പാടേ നിരാകരിക്കുന്നതും, ജനാധിപത്യമൂല്യങ്ങൾ തകർക്കുന്നതും, സർവ്വകലാശാലകളുടെയും സ്ഥാപനങ്ങളുടെയും സ്വയംഭരണാവകാശം ഇല്ലായ്മ ചെയ്യുന്നതുമായ കേന്ദ്രീകൃത അധികാര സംവിധാനം ബില്ലിലൂടെ കേന്ദ്രസർക്കാർ തയ്യാറാക്കിയിരിക്കുന്നത്. ഇതിനെതിരെ പ്രാദേശികമായ പ്രതിഷേധങ്ങൾ ഉയർന്നു വരേണ്ടതുണ്ട്. കാരണം ഗ്രാമീണ മേഖലയിലടക്കമുള്ള സാധാരണ ഉന്നതവിദ്യാഭ്യാസ സ്ഥാപനങ്ങളുടെ അക്രഡിറ്റേഷനേയും നിലനിൽപ്പിനേയും തന്നെ സാരമായി ബാധിക്കാനിടയുള്ള നിർദ്ദേശങ്ങൾ ഈ ബില്ലിൽ ഉണ്ട്.

ലേബർ കോഡ് സംബന്ധിച്ച വിഷയത്തിലും സ്വേച്ഛാധിപത്യപരമായ ഭരണനയങ്ങളാണ് കേന്ദ്രം നടപ്പാക്കാൻ ശ്രമിക്കുന്നത്. രാജ്യത്ത് നിലനിൽക്കുന്ന 29 തൊഴിൽ നിയമങ്ങളെ ഏകീകരിച്ചുകൊണ്ട് വേതനം, വ്യവസായം, സാമൂഹിക സുരക്ഷ, തൊഴിൽ സുരക്ഷ, ആരോഗ്യം എന്നീ മേഖലകളിൽ നാല് ലേബർ കോഡുകൾ സൃഷ്ടിച്ചതിലൂടെ തൊഴിലാളി വിരുദ്ധവും, എന്നാൽ മുതലാളിമാർക്ക് അനുകൂലവുമായ സാഹചര്യം ആണ് യൂണിയൻ ഗവൺമെന്റ് ഇന്ത്യയിൽ നടപ്പിലാക്കിയത്. മിനിമം കൂലിയോ അസംഘടിത മേഖലകളുടെ തൊഴിൽ പരിരക്ഷയോ പരാതി പരിഹാരമാർഗ്ഗങ്ങളോ ആരോഗ്യപരിരക്ഷയോ നഷ്ടപരിഹാരമോ ഒന്നും പരിഷ്കരിച്ച ലേബർകോഡിന്റെ പരിധിയിൽ വരുന്നതേയില്ല. സ്ഥിരംജോലി ഒരു സങ്കല്പം മാത്രമാവുകയും, തൊഴിലാളികളെ നഷ്ടപരിഹാരമോ കാരണം കാണിക്കലോ കൂടാതെ പിരിച്ചു വിടാം എന്ന നിലയിലേയ്ക്ക് നിയമങ്ങൾ മാറ്റുകയും ചെയ്യുന്നു. തൊഴിൽ രംഗത്ത് നടന്നു വരുന്ന ചൂഷണങ്ങൾക്ക് തൊഴിലുടമകൾക്ക് നിയമപരിരക്ഷ നൽകുന്നതാണ് പുതിയ ലേബർ കോഡ്. ഈ നിയമങ്ങൾക്ക് എതിരെ ഇന്ത്യയിലാകമാനം ഉയർന്നു വന്ന പ്രതിഷേധസമരങ്ങളോടൊപ്പം എകെപിസിടിഎ കൂടി അണിചേരുകയാണ്.

മഹാത്മാഗാന്ധി ഗ്രാമീണ തൊഴിലുറപ്പ് പദ്ധതിക്കു പകരമുള്ള വിബി ജിറാംജി ബില്ലിൽ (വികസിത് ഭാരത് ഗ്യാരണ്ടീ ഫോർ റോസ്ഗാർ ആൻഡ് ആജീവിക മിഷൻ (ഗ്രാമീൺ) രാഷ്ട്രപതി ദ്രൗപദി മുർമു ഒപ്പുവച്ചതോടെ തൊഴിലുറപ്പിന്റെ ചൂഷണകാലം ആരംഭിക്കുകയാണ്. മുൻ പദ്ധതി പ്രകാരം തൊഴിലാളികളുടെ വേതനത്തിന്റെ 100 ശതമാനവും കേന്ദ്രമാണ് വഹിച്ചിരുന്നത്. എന്നാൽ പുതിയ ബിൽ പ്രകാരം വേതനത്തിന്റെ 60 ശതമാനം കേന്ദ്രവും 40 ശതമാനം സംസ്ഥാന സർക്കാരുകളും വഹിക്കണം. ഇരുപത് വർഷത്തെ പ്രവർത്തനങ്ങളിലൂടെ തൊഴിലാളികൾ നേടിയെടുത്ത അവകാശങ്ങൾ ദുർബലമാക്കപ്പെടുമോ എന്ന ആശങ്ക രാജ്യവ്യാപകമായി നിലനിൽക്കുന്നുണ്ട്. കേരളത്തിലെ സർവ്വകലാശാലകൾ കേന്ദ്രീകരിച്ച് ലജ്ജാവഹമായ രീതിയിൽ നടപ്പിലാക്കി വരുന്ന സവർണ്ണഫാസിസത്തിന്റെ നയങ്ങൾ കേരളത്തിലെ ഉന്നതവിദ്യാഭ്യാസ മേഖലയെയും കേരള സമൂഹത്തെയൊന്നാകെയും പ്രതിസന്ധിയിലാക്കുന്നതാണ്. ചാൻസലർ എന്ന ആലങ്കാരിക പദവി നിർവഹിക്കുന്ന കേരള ഗവർണർ രാജേന്ദ്ര ആർലേക്കർ ഹിന്ദുത്വരാഷ്ട്രീയത്തിന്റെ വക്താക്കൾ ആയവരെ വൈസ് ചാൻസലർമാരായി നിയമിക്കാനുള്ള നിയമവിരുദ്ധ ശ്രമങ്ങൾ നടത്തുന്നു. മതചിഹ്നങ്ങളുടെ ആരാധ്യസ്ഥാനങ്ങളായി സർവകലാശാലകളുടെ അകത്തളങ്ങളെ മാറ്റിയെടുക്കുന്നു. ദളിത് വിരുദ്ധതയിലൂടെ, നൂറ്റാണ്ടുകൾക്ക് മുമ്പ് ഇവിടെ നിലനിന്നിരുന്ന ബ്രാഹ്മണ മേധാവിത്വത്തെ വിദ്യാഭ്യാസ മേഖലയിലേക്ക് തിരിച്ചു കൊണ്ടുവരുന്നു. സിൻഡിക്കേറ്റോ സെനറ്റോ കൂടാൻ അനുവദിക്കാതെ സർവകലാശാലയിൽ ഭരണസ്തംഭനം ഉണ്ടാക്കുന്നു. കേരള സർവ്വകലാശാലയ്ക്ക് മുൻപിൽ എകെപിസിടിഎ സംഘടിപ്പിച്ച ധർണ്ണാ സമരത്തിന്റെ പശ്ചാത്തലം ഇതാണ്. നിയമവഴിയിലൂടെ നമുക്ക് അതിജീവിക്കാൻ കഴിയുന്നില്ല. കാരണം മീഡിയ, നീതിപീഠം തുടങ്ങി എല്ലാ സ്ഥാപനങ്ങളും സംഘപരിവാറിന്റെ നിയന്ത്രണത്തിലായിക്കഴിഞ്ഞു.

ക്രൂരമായ ബലാത്സംഗത്തിന് ഇരയായി എട്ട് വർഷം നീണ്ടുനിന്ന പോരാട്ടത്തിനു ശേഷവും അതിജീവിതയ്ക്ക്അർഹിക്കുന്ന നീതിലഭിച്ചില്ലഎന്ന യാഥാർത്ഥ്യം നിലനിൽക്കുകയാണ്. ഇത്തരം അതിസങ്കീർണമായ സാഹചര്യത്തിൽ അതിജീവനവും പോരാട്ടവും മാത്രമാണ് പോംവഴി. ജനാധിപത്യം പുലരണമെന്ന് ആഗ്രഹിക്കുന്ന എല്ലാ മനുഷ്യസ്നേഹികളുടെയും പ്രതീക്ഷ ഇടതുപക്ഷ ഗവൺമെന്റിന്റെ തുടർച്ചയിലാണ്. ■

Dr. Jintha Thomas Gipson
Baselius College, Kottayam

# Metal–Organic Frameworks (MOFs): Engineering the Future with Ultra-High Surface Areas

The scientific world has always been interested to develop porous materials with high surface area owing to their potential applications. Over the past three decades a vast number of solids that contain metal ions linked by molecular species have been indistinctly termed as coordination polymers, hybrid organic–inorganic materials and metal–organic frameworks. At this point, it is relevant to point out the difference between Coordination Polymers (CPs) and Metal–Organic Frameworks (MOFs). In 2013, the IUPAC published a series of recommendations to face the controversial use of terms in this area.[1] The term coordination polymers means an extended system of metal centers and ligands connected through coordination bonds, while for a solid to be named as metal–organic framework, it should be a coordination polymer with an open framework containing potential voids.[2] MOFs have regular pores ranging from micro- to mesopores, resulting in a large pore surface area, and a highly designable framework, pore shape, pore size, and surface functionality. Susumu Kitagawa, Richard Robson and Omar Yaghi were the founders of this family of compounds and have been awarded the Nobel Prize in Chemistry in 2025.

There have been a huge focus of the scientific world on MOFs, with more than thousands of publications every year [3], because they are facile to prepare, aesthetically appealing and because of their inherent modularity, prototypal for a diverse range of structures that are amenable to crystal engineering design strategies. [4] In the new era of crystal engineering, the design and synthesis of coordination compounds has become apparently easy. The proper selection of the metal ions and ligands allow a rational design of the compounds with required or predetermined physical and chemical properties (Figure 1). Yaghi and O'Keeffe futher expanded the node/connector design concept to exploit the concept of secondary building units (SBUs) [5] as molecular polygonal or polyhedral nodes (reticular chemistry) [6], for the construction of MOFs in to higher dimensionalities.

Based on the functionality, MOFs can be classified into four generations. The early developed MOFs were called first generation MOFs, which did not show permanent porosity and they collapsed on guest removal whereas second generation MOFs processed permanent porosity and were stable. Third generation MOFs are called as soft porous MOFs and are dynamic and flexible in nature. Fourth generation MOFs can be further tuned for desired properties by post synthetic modifications on the node, linker or vacant sites [7]

Porosity is considered as the hallmark physical property of the metal–organic frameworks which is key to most of its applications. [8] MOF-5 was one of the early reported MOF with a vast surface area per gram, comparable to one and half the size of a football ground. Nowadays, MOFs possess the highest surface areas ever reported [9] and have surpassed activated charcoal, zeolites and many other porous organic frameworks in this regard. The recently reported MOFs named as NU–109E and NU–110E exhibit the highest surface area ever reported, 7110 and 7140 $m^2/g$, respectively.




Figure 1: Porous MOFs obtained by linking secondary Building Units

NU-110E with a solvent accessible volume of 93.0%. [10]

MOFs are well studied because of their structural beauty, diversity of properties, structural and functional tunability, and large number of applications. [11] Keeping this in mind, currently, researchers are focusing on developing MOFs with high surface areas, high hydrogen storage capacity, selective heterogeneous catalysis, magnetic sorting, channels capable of conducting polymerization, selective capture of carbon dioxide, host dependent luminescence,proton conduction and artificial photosynthesis and photo-catalysis. Their crystalline nature, high and permanent porosity, uniform pore sizes, extraordinary surface areas, and finely tunable pore-surface properties have made these materials an attractive target for further study. Moreover, these easily modifiable materials were well studied and new methods has been developed to create novel porous flexible materials (breathing), and MOF nanoparticles.

MOFs have taken its transition from laboratory to industry since simple synthetic strategies have been developed to produce these materials in industrial scale and thus boosting their potential impact in the market. [12] Researchers and industries are now focusing to develop MOFs that maintain structural integrity at ambient conditions which can be used for gas storage ($H_2$, $CH_4$), gas separation ($CO_2/CH_4$, $CO_2/N_2$), water harvesting from air, carbon capture and reduction, environmental remediation, such as pollutant capture from factory exhaust and detoxification etc.[13] Hence, MOFs represent a transformative class of materials for the 21st century science, offering transformative industrial solutions owing to their exceptional surface area, tunable structures, and multifunctional performance.

References

[1] Batten, S. R. et al. Pure Appl. Chem. 2013, 85, 1715.

[2] (a) Rowsell, J. L. C.; Yaghi, O. M. Micropor. Mesopor. Mater. 2004, 73, 3. (b) Corma, A. et al. Chem. Rev. 2010, 110, 4606. (c) Zhou, H.-C.; Kitagawa, S. Chem. Soc. Rev. 2014, 43, 5415.

[3] J. Mater. Chem. A, 2018, 6, 11564-11581

[4] Perry IV, J. J. Chem. Soc. Rev. 2009, 38, 1400.

[5] Eddaoudi, M. et al. Acc. Chem. Res. 2001, 34, 319.

[6] Yaghi, O. M. et al. Nature 2003, 423, 705.

[7] Jiewei Liu et al. Chem. Soc. Rev., 2014, 43, 6011—6061

[8] An, J. et al. Nat. Commun. 2012, 3, 604.

[9] (a) Férey, G. et al. Science 2005, 309, 2040. (b) Koh, A. et al. J. Am. Chem. Soc. 2009, 131, 4184. (c) Farha, O. K. et al. J. Am. Chem. Soc. 2012, 134, 15016.

[10] (a) Farha, O. K. et al. J. Am. Chem. Soc. 2012, 134, 15016, [b] Zhang, M. et al. CrystEngComm. 2014, 16, 4069.

[11] (a) Zhou, H.-C.; Kitagawa, S. Chem. Soc. Rev. 2014, 43, 5415. (b) Chen, C.-T.; Suslick, K. S. Coord. Chem. Rev. 1993, 128, 293. (c) Janiak, C. Dalton Trans. 2003, 2781. (d) James, S. L. Chem. Soc. Rev. 2003, 32, 276.

[12] (a) Zhang, T.; Lin, W. Chem. Soc. Rev. 2014, 43, 5982. (b) Furukawa, H. et al. Science 2013, 341, 1230444. (c) Zacher, D. et al. Chem. Soc. Rev. 2009, 38, 1418 (d) Spokoyny, A. M. et al. Chem. Soc. Rev. 2009, 38, 1218 (e) Czaja, A. U. et al. Chem. Soc. Rev. 2009, 38, 1284.

[13] Metal-organic frameworks for the future. Nat. Nanotechnol. 2025, 20, 1539

ഡോ. തോമസ് സ്കറിയ
പ്രിൻസിപ്പൽ, സെന്റ് സേവ്യേഴ്സ് കോളജ്, തുമ്പ

# ഗായത്രി ചക്രവർത്തി സ്പിവാക്കും കീഴാളപഠനവും

യൂറോപ്യൻ കൊളോണിയലിസം ചരിത്രപരമായി മുതലെടുക്കുകയും ചൂഷണം ചെയ്യുകയും ചെയ്ത പ്രത്യേക വ്യക്തികളുടെയും സാമൂഹിക ഗണങ്ങളുടെയും അനുഭവങ്ങളും ചരിത്രങ്ങളും വിവരിക്കാൻ ഉചിതമായ ഒരു വിമർശനാത്മക പദാവലി കണ്ടെത്താനുള്ള  നിരന്തരമായ ശ്രമമാണ് ഗായത്രി ചക്രവർത്തി സ്പിവാക്കിന്റെ ചിന്തയുടെ ഏറ്റവും പ്രധാനപ്പെട്ടതും സങ്കീർണ്ണവുമായ വശങ്ങളിലൊന്ന്. ദേശീയ സ്വാതന്ത്ര്യത്തിനോ കൊളോണിയൽ വിരുദ്ധ പ്രതിരോധത്തിനോ വേണ്ടിയുള്ള രാഷ്ട്രീയ പോരാട്ടങ്ങളുടെ പശ്ചാത്തലത്തിൽ, 'കോളനിവൽക്കരിക്കപ്പെട്ടവർ', 'സ്ത്രീ' അല്ലെങ്കിൽ 'തൊഴിലാളി' തുടങ്ങിയ യജമാന പദങ്ങളുടെ ഉപയോഗം, ശക്തരല്ലാത്ത വ്യക്തികൾക്കും സമൂഹത്തിനും സാധാരണ പീഡകർക്ക് എതിരെ ഒന്നിക്കുന്നതിന് യോജിച്ച രാഷ്ട്രീയ സ്വത്വം പ്രദാനം ചെയ്യുന്നതായി തോന്നിയേക്കാം. സ്പിവാക്കിനെ സംബന്ധിച്ചിടത്തോളം ഈ അധീശപദങ്ങൾ   കൊളോണിയൽ വിരുദ്ധദേശീയ സ്വാതന്ത്ര്യ പ്രസ്ഥാനങ്ങളാൽ പലപ്പോഴും അവഗണിക്കപ്പെടുകയും പിന്നീട് മറക്കപ്പെടുകയും ചെയ്ത ആളുകളുടെ ജീവിതത്തോടും ചരിത്രത്തോടും നീതി പുലർത്തുന്നില്ല എന്ന വീക്ഷണമാണ് ഉണ്ടായിരുന്നത്. ഈ പൊളിറ്റിക്കൽ മാസ്റ്റർ വാക്കുകളുടെ സ്ഥാനത്ത്, പ്രബലമായ രാഷ്ട്രീയ വ്യവഹാരങ്ങളാൽ മുൻകൂട്ടി നിർവചിക്കപ്പെട്ടിട്ടില്ലാത്ത വ്യത്യസ്ത വിഷയസ്ഥാനങ്ങളുടെ ഒരു ശ്രേണി ഉൾക്കൊള്ളാൻ സബാൾട്ടേൺ എന്ന വാക്ക് സ്പിവാക് നിർദ്ദേശിക്കുന്നു.

സ്പിവാക്കിന് 'സബാൾട്ടേൺ' എന്ന പദം ഉപയോഗപ്രദമാണ്, കാരണം അത് വഴക്കമുള്ളതാണ്, അതിന് 'കർശനമായ വർഗ്ഗവിശകലനം' എന്ന ലഘൂകരണ നിബന്ധനകൾക്ക് കീഴിൽ വരാത്ത സാമൂഹിക സ്വത്വങ്ങളെയും പോരാട്ടങ്ങളെയും (സ്ത്രീയും കോളനിവത്കൃതരും പോലുള്ളവ) ഉൾക്കൊള്ളാൻ കഴിയും. യുഎസ് ജേണലായ പോളിഗ്രാഫിൽ പ്രസിദ്ധീകരിച്ച അഭിമുഖത്തിൽ അവർ വ്യക്തമാക്കി "ഒരു കാരണത്താൽ എനിക്ക് 'സബാൾട്ടേൺ' എന്ന വാക്ക് ഇഷ്ടമാണ്. ഇത് ശരിക്കും സാഹചര്യപരമാണ്. സൈന്യത്തിലെ ഒരു നിശ്ചിത റാങ്കിന്റെ വിവരണമായാണ് 'സബാൾട്ടേൺ' ആരംഭിച്ചത്. സെൻസർഷിപ്പിന് കീഴിൽ ഈ വാക്ക് ഉപയോഗിച്ചത് ഗ്രാംഷിയാണ്. മാർക്സിസത്തെ 'മോണിസം' എന്ന് ഗ്രാംഷി വിളിച്ചു, തൊഴിലാളിവർഗത്തെ കീഴാളർ എന്ന് വിളിക്കാൻ ബാധ്യസ്ഥനായിരുന്നു, നിർബന്ധിതമായി ഉപയോഗിച്ച ആ വാക്ക് കർശനമായ വർഗ്ഗ വിശകലനത്തിന് കീഴിൽ വരാത്ത എല്ലാറ്റിന്റെയും വിവരണമായി രൂപാന്തരപ്പെട്ടു. സൈദ്ധാന്തികമായ കാഠിന്യം ഇല്ലാത്തതിനാൽ ഞാൻ അത് ഇഷ്ടപ്പെടുന്നു". ഇന്ത്യയിലെ വർഗ/ജാതി വ്യവസ്ഥയെ വെല്ലുവിളിക്കാൻ പരിഗണിക്കപ്പെട്ട ഇടതുപക്ഷ (ലെഫ്റ്റ്-വിംഗ്) കൊളോണിയൽ വിരുദ്ധ ചിന്തകളുടെ നീണ്ട ചരിത്രത്തിന്റെ ഭാഗമാണ് സ്പിവാക്കിന്റെ സബാൾട്ടേൺ സിദ്ധാന്തം.

പോസ്റ്റ്-കൊളോണിയൽ ലോക



ത്ത് അധികാരം നഷ്ടപ്പെട്ട കീഴാളഗ്രൂപ്പുകളുടെ ക്രൂരമായ സാമ്പത്തിക ചൂഷണവും രാഷ്ട്രീയ അടിച്ചമർത്തലും അത്തരം ജനതയുടെ ജീവിതവും ചരിത്രവും ഉചിതമായ രീതിയിൽ പ്രകടിപ്പിക്കാൻ പ്രതിജ്ഞാബദ്ധയായ ഒരു പൊതു ബുദ്ധിജീവി എന്ന നിലയിൽ സ്പിവാക്കിന് ഒരു ധാർമ്മിക പ്രതിസന്ധിയും രീതിശാസ്ത്രപരമായ വെല്ലുവിളിയും നൽകുന്നു.

തീർച്ചയായും, സ്പിവാക്കിന്റെ എഴുത്ത് പ്രകടമാക്കുന്നതുപോലെ, ഇന്ത്യയെപ്പോലുള്ള പോസ്റ്റ്-കൊളോണിയൽ സമൂഹങ്ങളിലെ സാമൂഹികവും രാഷ്ട്രീയവുമായ അടിച്ചമർത്തലിന്റെ അനുഭവം വർഗം, പ്രദേശം, ഭാഷ, വംശം, മതം, തലമുറ, ലിംഗഭേദം, പൗരത്വം എന്നിവയിലെ വ്യത്യാസങ്ങളെ വെട്ടിമുറിക്കുന്നു. ഈ വ്യത്യാസങ്ങൾ നിമിത്തം, വിദ്യാസമ്പന്നരും മെട്രോപൊളിറ്റൻ അധിഷ്ഠിത ബുദ്ധിജീവികളും അധികാരം നഷ്ടപ്പെട്ട സബാൾട്ടേൺ ജനവിഭാഗങ്ങൾക്ക് വേണ്ടി നടത്തുന്ന ഏതെങ്കിലും പൊതുവായ അവകാശവാദങ്ങളോ സൈദ്ധാന്തിക പ്രസ്താവനകളോ പ്രത്യേക സബാൾട്ടൺ ഗ്രൂപ്പുകൾ തമ്മിലുള്ള നിർണായക സാമൂഹിക വ്യത്യാസങ്ങളെ അവഗണിക്കാനുള്ള സാധ്യതയുണ്ട്.മഹാശ്വേതാ ദേവിയുടെ കഥകളുടെ സ്പിവാക്കിന്റെ വിവർത്തനവും വ്യാഖ്യാനങ്ങളും ഇന്ത്യയിലെ പ്രബലമായ ചരിത്രം രാഷ്ട്രീയ വ്യവഹാരങ്ങളിൽ നിന്ന് സ്ത്രീകളെയും കർഷകരെയും ആദിവാസികളെയും തുടച്ചുനീക്കുന്നതിലുള്ള ശക്തമായ എതിർപ്പ് നൽകുന്നു. എന്നിരുന്നാലും, ബ്രിട്ടീഷ് കൊളോണിയലിസത്തിനു മുമ്പും ശേഷവും കർഷക കലാപത്തിന്റെ ചരിത്രം വീണ്ടെടുക്കാൻ താൽപ്പര്യമുള്ള ഇന്ത്യ, ബ്രിട്ടൻ, യുഎസ്എ എന്നിവിടങ്ങളിൽ അധിഷ്ഠിതമായ വിദ്യാസമ്പന്നരും മാർക്സിസ്റ്റ് ചരിത്രകാരന്മാരുമായ ഒരു കൂട്ടം സബാൾട്ടേൺ സ്റ്റഡീസ് കളക്റ്റീവിനുമായുള്ള സ്പിവാക്കിന്റെ വിമർശനാത്മക ഇടപെടലിലും ഈ മായ്ക്കൽ പ്രധാനമായി എടുത്തുകാണിക്കുന്നു. സബാൾട്ടേൺ സ്റ്റഡീസ് ചരിത്രകാരന്മാരുമായുള്ള സ്പിവാക്കിന്റെ ഇടപഴകൽ, ബ്രിട്ടീഷുകാരിൽ നിന്ന് ഇന്ത്യയുടെ സ്വാതന്ത്ര്യത്തിന് മുമ്പും ശേഷവും കർഷക കലാപത്തിന്റെയും ചെറുത്തുനിൽപ്പിന്റെയും ചരിത്രങ്ങൾ വീണ്ടെടുക്കാനുള്ള അവരുടെ നിരന്തരമായ ശ്രമത്തിൽ കൂട്ടായ്മയുടെ രാഷ്ട്രീയ നേട്ടങ്ങൾ എടുത്തുകാണിക്കുന്നു. എന്നിട്ടും സബാൾട്ടേൺ സ്റ്റഡീസ് കൂട്ടായ്മയുടെ ക്ലാസിക് മാർക്സിസ്റ്റ് രീതിശാസ്ത്രം ഇന്ത്യയിലെ സ്ത്രീകളുടെ ചെറുത്തുനിൽപ്പിന്റെ ചരിത്രങ്ങൾ വായിക്കുന്നതിൽ നിന്ന് അവരെ തടയുന്നുവെന്നും സ്പിവാക് ഊന്നിപ്പറയുന്നു.

സബാൾട്ടേൺ സ്റ്റഡീസ് കൂട്ടായ്മയെക്കുറിച്ചുള്ള സ്പിവാക്കിന്റെ വിമർശനവും സബാൾട്ടേണിറ്റിയുടെ സ്വന്തം ഉദാഹരണങ്ങളും കൂടുതൽ വിശദമായി പരിശോധിക്കുന്നതിന് മുമ്പ്, സബാൾട്ടേൺ എന്ന പദത്തിന്റെ ചരിത്രപരവും സാംസ്കാരികവുമായ അർത്ഥങ്ങൾ സ്ഥാപിക്കുന്നത് പ്രധാനമാണ്. മുസ്സോളിനിയുടെ ഇറ്റലിയിലെ തൊഴിൽ വിഭജനവും ഇന്ത്യയിൽ കൊളോണിയൽ തൊഴിൽ വിഭജനവും തമ്മിലുള്ള സമാന്തരങ്ങൾ കാരണം അന്റോണിയോ ഗ്രാംഷിയുടെ സബാൾട്ടേണിന്റെ വിവരണം ഇന്ത്യയിലെ ദരിദ്രരുടെയും താഴ്ന്ന വർഗ്ഗത്തിന്റെയും കർഷകരുടെയും അവസ്ഥ മനസ്സിലാക്കുന്നതിനുള്ള ഒരു പ്രധാന സൈദ്ധാന്തിക വിഭവം നൽകുന്നു.

### ആരാണ് കീഴാളർ?

സബാൾട്ടേൺ എന്ന പദം പരമ്പരാഗതമായി ബ്രിട്ടീഷ് ആർമിയിലെ

ജൂനിയർ റാങ്കിംഗ് ഓഫീസറെ സൂചിപ്പിക്കുന്നുവെങ്കിലും, സ്പിവാക്കിന്റെ സബാൾട്ടേണിന്റെ നിർവചനത്തിന്റെ ഏറ്റവും പ്രധാനപ്പെട്ട ബൗദ്ധിക സ്രോതസ്സുകൾ 20-ാം നൂറ്റാണ്ടിന്റെ തുടക്കത്തിൽ ഇറ്റാലിയൻ മാർക്സിസ്റ്റ് ചിന്തകനായ അന്റോണിയോ ഗ്രാംഷിയും പ്രധാനമായും ഇന്ത്യ ആസ്ഥാനമായുള്ള സബാൾട്ടേൺ പഠന കൂട്ടായ്മയുടെ പ്രവർത്തനവുമാണ്. ഇറ്റലിയിലെ മുസ്സോളിനിയുടെ ഫാസിസ്റ്റ് ഗവൺമെന്റിന്റെ കാലത്ത്, പ്രിസൺ നോട്ട്ബുക്കുകളിൽ, ഗ്രാംഷി സബാൾട്ടേൺ എന്ന പദം ഉപയോഗിച്ച്, "സബോർഡിനേറ്റ്" അല്ലെങ്കിൽ ചില "ഇൻസ്ട്രുമെന്റൽ" എന്നതിന് ആധിപത്യ ഗ്രൂപ്പുകളെയോ ക്ലാസുകളെയോ സൂചിപ്പിക്കാൻ ഒരു ഗ്രൂപ്പെന്ന നിലയിൽ സാമൂഹികമോ രാഷ്ട്രീയമോ ആയ അവബോധമില്ലാത്തതിനാൽ ഭരണകൂടത്തിന്റെ ഭരണപരമായ ആശയങ്ങൾക്കും സംസ്കാരത്തിനും നേതൃത്വത്തിനും വിധേയരായ ദക്ഷിണ ഇറ്റലിയിലെ ഗ്രാമീണ കർഷകരുടെ സംഘടിത ഗ്രൂപ്പുകളെ പരാമർശിക്കാൻ ഗ്രാംഷി സബാൾട്ടേൺ എന്ന പദം ഉപയോഗിച്ചു. സബാൾട്ടേൺ സ്റ്റഡീസ് കൂട്ടായ്മ എന്നറിയപ്പെടുന്ന ഒരു കൂട്ടം ചരിത്രകാരന്മാർ സബാൾട്ടേണിനെക്കുറിച്ചുള്ള വിവരണം കൂടുതൽ വികസിപ്പിച്ചെടുത്തിട്ടുണ്ട്. ഈ ചരിത്രകാരന്മാർ ദക്ഷിണേഷ്യൻ സമൂഹത്തിലെ കീഴാളതയുടെ പൊതുവായ വിശേഷണമായി സബാൾട്ടേണിനെ നിർവചിക്കുന്നു, ഇത് വർഗം, ജാതി, ലിംഗഭേദം, ഓഫീസ് അല്ലെങ്കിൽ മറ്റേതെങ്കിലും വിധത്തിൽ പ്രകടിപ്പിക്കുന്നു. സബാൾട്ടേൺ എന്ന പദത്തിന്റെ അർത്ഥം വിശാലവും വിവിധ സാമൂഹിക സാഹചര്യങ്ങൾ ഉൾക്കൊള്ളുന്നതുമാണ്. ഇന്ത്യയിലെ കർക്കശമായ വർഗ്ഗത്തിന്റെയും ജാതി വ്യവസ്ഥയുടെയും സാമൂഹിക പശ്ചാത്തലത്തിൽ, യൂറോപ്യൻ കൊളോണിയലിസത്തിന്റെയും ദേശീയ സ്വാതന്ത്ര്യത്തിന്റെയും പാളികളുള്ള ചരിത്രങ്ങളാൽ കീഴാളരുടെ സ്ഥാനം കൂടുതൽ ഇല്ലാതാകുന്നു. മാറിക്കൊണ്ടിരിക്കുന്ന ഈ ചരിത്രസാഹചര്യങ്ങളോടുള്ള പ്രതികരണമായി, അധികാരമില്ലാത്ത ഗ്രൂപ്പുകളുടെ ചരിത്രങ്ങളും പോരാട്ടങ്ങളും ആവിഷ്കരിക്കുന്നതിന് അനുയോജ്യമായ ഒരു രീതിശാസ്ത്രം കണ്ടെത്താൻ സ്പിവാക്ക് തുടക്കം മുതൽ ശ്രമിച്ചിരുന്നു.

**സ്പിവാക്കിന്റെ എഴുത്ത് പ്രകടമാക്കുന്നതുപോലെ, ഇന്ത്യയെപ്പോലുള്ള പോസ്റ്റ്-കൊളോണിയൽ സമൂഹങ്ങളിലെ സാമൂഹികവും രാഷ്ട്രീയവുമായ അടിച്ചമർത്തലിന്റെ അനുഭവം വർഗം, പ്രദേശം, ഭാഷ, വംശം, മതം, തലമുറ, ലിംഗഭേദം, പൗരത്വം എന്നിവയിലെ വ്യത്യാസങ്ങളെ വെട്ടിമുറിക്കുന്നു.**

കീഴാളപ്രതിരോധത്തിന്റെ ചരിത്രങ്ങളെക്കുറിച്ചും രാഷ്ട്രീയ ഏജൻസിയുടെ സാധ്യതകളെക്കുറിച്ചും പൂർണ്ണമായും അശുഭാപ്തിവിശ്വാസം പുലർത്തുന്നതിനുപകരം, തെറ്റായ വിഷയങ്ങളെ പ്രതിനിധീകരിക്കാൻ സ്പിവാക് വിസമ്മതിക്കുന്നത്, വിജ്ഞാനത്തിന്റെയും പ്രാതിനിധ്യത്തിന്റെയും പ്രബലമായ സംവിധാനങ്ങളാൽ ശാക്തീകരിക്കപ്പെട്ട പല ഗ്രൂപ്പുകളുടെയും ജീവിതം ഇതിനകം തന്നെ എങ്ങനെ നശിപ്പിക്കപ്പെട്ടു എന്നതിന്റെ ആഴത്തിലുള്ള തിരിച്ചറിവിൽ നിന്നാണ്. ഈ തിരിച്ചറിവ് വ്യക്തമാക്കുന്നതിനുള്ള ഒരു




നിർണായക തന്ത്രം സ്പിവാക്കിന് നൽകുന്നത് അപനിർമ്മാണമാണ്. ഉദാഹരണത്തിന്, 'കീഴാളർക്ക് സംസാരിക്കാൻ കഴിയുമോ?' എന്ന കൃതിയിൽ, 1926-ൽ വടക്കൻ കൽക്കട്ടയിലെ പിതാവിന്റെ അപ്പാർട്ട്മെന്റിൽ വച്ച് ജീവനൊടുക്കിയ ഭുവനേശ്വരി ഭാദുരി എന്ന യുവ, മധ്യവർഗ, ഇന്ത്യൻ സ്ത്രീയുടെ ചരിത്രം സ്പിവാക് ഉദ്ധരിക്കുന്നു... 'ഇന്ത്യൻ സ്വാതന്ത്ര്യത്തിനായുള്ള സായുധ പോരാട്ടത്തിൽ ഏർപ്പെട്ടിരിക്കുന്ന നിരവധി ഗ്രൂപ്പുകളിൽ ഒരാളായിരുന്നു ആ സ്ത്രീയെന്ന് പിന്നീട് കണ്ടെത്തി. സ്പിവാക് ചൂണ്ടിക്കാണിക്കുന്നത് പോലെ, ഭുവനേശ്വരിയെ 'ഒരു രാഷ്ട്രീയ കൊലപാതകം' ഏൽപ്പിച്ചിരുന്നു, അത് നേരിടാൻ അവൾക്ക് കഴിഞ്ഞില്ല, ബ്രിട്ടീഷ് കൊളോണിയൽ അധികാരികളുടെ പിടിയിൽ അകപ്പെടാതിരിക്കാൻ ആത്മഹത്യ ചെയ്യുകയായിരുന്നു. ഹിന്ദു വിധവ ബലിയുടെ പുരാതന ആചാരത്തിന്റെ ആധുനിക ഉദാഹരണമായി കൊളോണിയൽ വിരുദ്ധ കലാപത്തിലെ അവളുടെ പങ്കാളിത്തം മറച്ചുവെക്കാനുള്ള വിപുലമായ ശ്രമമായാണ് ഭുവനേശ്വരിയുടെ ആത്മഹത്യയെ സ്പിവാക് വായിക്കുന്നത്. എന്നിട്ടും അങ്ങനെ ചെയ്യുമ്പോൾ, ഒരു യഥാർത്ഥ ചരിത്ര സ്ത്രീയും കൊളോണിയൽ വിരുദ്ധ സ്വാതന്ത്ര്യ സമര സേനാനിയും എന്ന നിലയിലുള്ള ഭുവനേശ്വരി ഭാദുരിയുടെ ശബ്ദവും ഏജൻസിയും ഔദ്യോഗിക, പുരുഷ കേന്ദ്രീകൃത ചരിത്രരേഖകളിൽ നിന്ന് അപ്രത്യക്ഷമാകുമെന്ന് സ്പിവാക് വാദിക്കുന്നു. ഭുവനേശ്വരി ഭാദുരിയുടെ ആത്മഹത്യയുടെ വായനയുടെ ഉപസംഹാരത്തിൽ, ഭുവനേശ്വരി ഭാദുരിയെ പോലെയുള്ള അവകാശമില്ലാത്തവരുടെ ശബ്ദങ്ങളും പോരാട്ടങ്ങളും വായിക്കുന്നതിന് ഴാക്ക് ദെറിദ 'കൂടുതൽ ശ്രമകരവും ഉപയോഗപ്രദവുമായ' ഒരു മാർഗം നൽകുന്നുവെന്ന് സ്പിവാക് വാദിക്കുന്നു. ഭുവനേശ്വരി ചരിത്രത്തിൽ നിന്ന് അപ്രത്യക്ഷമാകുന്നത് ശാശ്വതമാക്കുന്നതിനുപകരം, ഭുവനേശ്വരിയെപ്പോലുള്ള അവകാശമില്ലാത്ത ആളുകളുടെ ഏകീകൃത അനുഭവങ്ങളെയും ചരിത്രങ്ങളെയും കുറിച്ച് അവളുടെ സ്വന്തം സൈദ്ധാ

**കൊളോണിയൽ വിരുദ്ധ കലാപത്തിന്റെ ചരിത്രരേഖകളിൽ നിന്ന് ഭുവനേശ്വരി ഭാദുരിയുടെ തിരോധാനം മറ്റു ചില പ്രശ്നങ്ങൾ കൂടി ശ്രദ്ധയിൽ കൊണ്ടുവരുന്നുവെന്ന് സ്പിവാക്ക് ഓർമ്മിപ്പിക്കുന്നു. കൊളോണിയൽ വിരുദ്ധ ദേശീയ വിമോചനം, ഫെമിനിസം അല്ലെങ്കിൽ സോഷ്യലിസം തുടങ്ങിയ രാഷ്ട്രീയ പ്രസ്ഥാനങ്ങളുടെ പദാവലികളുടെ പൊതുവായ ചില പ്രശ്നത്തെ അത് ഉയർത്തിക്കാട്ടുന്നു.**

ന്തിക വ്യവഹാരത്തിൽ സംസാരിക്കുന്ന വിധത്തിൽ കൂടുതൽ സ്വയം ബോധവും സ്വയം അട്ടിമറിക്കലും ധാർമ്മിക ഉത്തരവാദിത്തവുമുള്ളവളുമായിരിക്കാൻ സ്പിവാക്കിനെ അനുവദിക്കുന്നു.

കൊളോണിയൽ വിരുദ്ധ കലാപത്തിന്റെ ചരിത്രരേഖകളിൽ നിന്ന് ഭുവനേശ്വരി ഭാദുരിയുടെ തിരോധാനം മറ്റു ചില പ്രശ്നങ്ങൾ കൂടി ശ്രദ്ധയിൽ കൊണ്ടുവരുന്നുവെന്ന് സ്പിവാക്ക് ഓർമ്മിപ്പിക്കുന്നു. കൊളോണിയൽ വിരുദ്ധ ദേശീയ വിമോചനം, ഫെമിനിസം അല്ലെങ്കിൽ സോഷ്യലിസം തുടങ്ങിയ രാഷ്ട്രീയ പ്രസ്ഥാനങ്ങളുടെ പദാവലികളുടെ പൊതുവായ ചില പ്രശ്നത്തെ അത് ഉയർത്തിക്കാട്ടുന്നു. ഈ പ്രസ്ഥാനങ്ങൾ തൊഴിലാളി, സ്ത്രീ, അല്ലെങ്കിൽ അധിനിവേശിതർ എന്നിങ്ങനെയുള്ള അമൂർത്തമായ പ്രമാണപദങ്ങൾ ഉപയോഗിച്ച് ന്യൂനപക്ഷ വിഭാഗങ്ങളുടെ പ്രത്യേക ചരിത്രങ്ങളെയും അനുഭവങ്ങളെയും പോരാട്ടങ്ങളെയും പേരിട്ട് നിർവചിക്കാൻ ശ്രമിക്കുന്നു.ഈ പ്രമാണപദങ്ങൾ കാറ്റാക്രസിസ് (catachreses) അല്ലെങ്കിൽ അനുചിതമായ വാക്കുകളോ ആണെന്ന് സ്പിവാക്ക് വാദിച്ചു. കാരണം. യഥാർത്ഥ തൊഴിലാളി", "യഥാർത്ഥ സ്ത്രീ," എന്നതിന് "യഥാർത്ഥ" ഉദാഹരണങ്ങൾ ഇല്ലാത്തപ്പോൾ, അവ എല്ലാ സ്ത്രീകളെയും എല്ലാ തൊഴിലാളികളെയും എല്ലാ തൊഴിലാളിവർഗത്തെയും പ്രതിനിധീകരിക്കുന്നുവെന്ന് വരുന്നു. ദറിദയാണ് ഭാഷയെ കാറ്റാക്രസിസിന്റെ അടിസ്ഥാനത്തിൽ ചിന്തിക്കണമെന്ന് പറഞ്ഞത്. യഥാർത്ഥത്തിൽ "പദങ്ങളുടെ ദുരുപയോഗം" എന്നർത്ഥം. ദെറിദയ്ക്ക് അത് ഒരാശങ്കയായിരുന്നു. പദത്തിന് അതിന്റേതായ ശരിയായ അർത്ഥം ഇതുവരെ ഇല്ലാതിരിക്കെ ഒരു അർത്ഥം അതിന്മേൽ അടിച്ചേൽപ്പിക്കുകയാണ്. ഒരു ആശയത്തിന് അനുയോജ്യമായ ഒരു ചിഹ്നത്തിന്റെ വിനാശകരമായ വിപുലീകരണം. വാക്കുകളുടെ തെറ്റായ ഉപയോഗത്തെക്കുറിച്ചല്ല കാറ്റാക്രസിസ് പറയുന്നത്. മറിച്ച്, പദങ്ങൾക്ക് മൗലികവും സ്ഥിരവുമായ അർത്ഥങ്ങൾ ഇല്ലെന്ന നിർദ്ദേശത്തിലാണ് അതിന്റെ വിശകലനപരമായ മൗലികത സ്ഥിതിചെയ്യുന്നത്; ചരിത്രപരവും സാമൂഹികവുമായ വ്യത്യസ്തസന്ദർഭങ്ങളിൽ വാക്കുകൾ ഉപയോഗിക്കുന്നതിനാൽ അർത്ഥങ്ങൾ നിരന്തരം ഉത്പാദിപ്പിക്കപ്പെടുന്നു. അതിനാൽ അധിനിവേശാനന്തര പഠനത്തിലും കാറ്റാക്രസിസ് സ്പിവാക് സ്വീകരിക്കുന്നു. ■



■ അഭിമുഖം – മനോജ് കുറൂർ/രമ്യ ഗോകുലനാഥൻ

# മൊഴി പൊഴിയുമ്പോൾ നിലങ്ങൾ പൂക്കുമ്പോൾ..

പ്രമുഖനോവലിസ്റ്റും കവിയും താളവിദഗ്ധനുമായ ഡോ. മനോജ് കുറൂരിന്റെ നിലം പൂത്തു മലർന്നനാൾ എന്ന നോവലും അതിന്റെ ഇംഗ്ലീഷ് വിവർത്തനമായ THE DAY THE EARTH BLOOMED എന്ന കൃതിയും ക്രോസ് വേർഡ് പുരസ്കാരത്തിന് അർഹമായി. കൃതിയുടെ ഇംഗ്ലീഷ് വിവർത്തനം നടത്തിയ ജെ. ദേവികയുമുംകൂടി ചേർന്നു ലഭിച്ച അവാർഡിലൂടെ ഈ നോവൽ അന്താരാഷ്ട്രപ്രശസ്തിയിലേക്ക് ഉയർന്നു. ഇതേ വിവർത്തനത്തിന് കെ.എൽ.എഫ് അവാർഡും ലഭിച്ചിട്ടുണ്ട്. കൃതിയുടെ തമിഴ് വിവർത്തനത്തിന് കെ. വി. ജയശ്രീക്ക് വിവർത്തനത്തിനുള്ള കേന്ദ്രസാഹിത്യഅക്കാദമി അവാർഡും ലഭിച്ചിരുന്നു. കേരളത്തിന്റെയും തമിഴ്നാടിന്റെയും പ്രാചീനചരിത്രം വിഷയമാകുന്ന നിലം പൂത്തു മലർന്ന നാൾ എന്ന നോവലിനെക്കുറിച്ചും വിവർത്തന അനുഭവങ്ങളെക്കുറിച്ചും എഴുത്തുകാരൻ സംസാരിക്കുന്നു.

**ക്രോസ് വേർഡ് അവാർഡിന് അർഹമായ നിലം പൂത്തു മലർന്ന നാൾ എന്ന നോവലിന്റെ രചനാപശ്ചാത്തലം പറയാമോ?**

പത്ത് വർഷം മുമ്പ് 2015 ൽ ആണ് ഞാൻ നിലം പൂത്തു മലർന്ന നാൾ എന്ന നോവൽ എഴുതുന്നത്. അതിനുശേഷം 2020 ൽ മുറിനാവ് എന്ന നോവലും 2024 ൽ മണൽപ്പാവ എന്ന മൂന്നാമത്തെ നോവലും പ്രസിദ്ധീകരിച്ചു. കേരളചരിത്രത്തിന്റെ വിവിധ ഘട്ടങ്ങളെ അടിസ്ഥാനപ്പെടുത്തിയാണ് ഈ നോവലുകൾ എഴുതിയിട്ടുള്ളത്. ചരിത്രസാഹചര്യത്തിൽ അതതു കാലത്തെ ജനങ്ങളുടെ വൈകാരികവും സാംസ്കാരികവുമായ ജീവിതത്തെ എഴുതുക എന്ന മട്ടിലാണ് ഇവയുടെ രചന. നിലം പൂത്തു മലർന്ന നാൾ ഏകദേശം 1800 വർഷങ്ങൾ മുൻപുള്ള ചരിത്രത്തെ പശ്ചാത്തലമാക്കുന്നു. അതായത് ബി.സി. രണ്ടാം നൂറ്റാണ്ടു മുതൽ എ.ഡി. നാല് അഞ്ച് നൂറ്റാണ്ടുകൾ വരെ നീണ്ടുനിൽക്കുന്ന സംഘകാലം എന്ന് അറിയപ്പെടുന്ന പ്രത്യേക കാലഘട്ടത്തിലെ സവിശേഷമായ ഒരു സന്ദർഭത്തെ ആധാരമാക്കിയാണ് ഈ നോവൽ എഴുതിയിട്ടുള്ളത്.

**ചരിത്രം വിഷയമാകുന്ന നോവലുകൾ എഴുതുന്നതിന്റെ പ്രസക്തി എന്താണ്?**

എന്തിനാണ് ഇത്തരം ചരിത്രനോവലുകൾ എഴുതുന്നത് എന്നത് ഒരു ചോദ്യമായി പലപ്പോഴും മുന്നിലേക്ക് വരാറുണ്ട്. ചരിത്രം എന്നത് അധികാരത്തിന്റെയും അട്ടിമറികളുടെയും മാറിമാറിയുള്ള തുടർച്ച എന്ന തോന്നലാണ് ഉണ്ടാക്കുന്നത്. രാജാക്കന്മാരുടെ ഭരണം അവയോടുള്ള ജനങ്ങളുടെ പ്രതികരണം എന്നുള്ള സാമാന്യമായ അവസ്ഥയ്ക്ക് അപ്പുറം ഓരോ കാലത്തും ജനങ്ങൾ എങ്ങനെയാണ് ജീവിച്ചിരുന്നത്; അവരുടെ സാംസ്കാരിക സവി

> **നിലം പൂത്തു മലർന്ന നാൾ എന്ന നോവൽ സംഘകാലത്തെ ആധാരമാക്കി എഴുതിയ നോവലാണ്. ബി.സി രണ്ട് മുതൽ പൊതുവർഷം അഞ്ച് വരെയുള്ള കാലഘട്ടം നമുക്ക് കേരളവും തമിഴ്നാടും ഒന്നിച്ചു പങ്കിട്ടിരുന്ന ഒരു ഭൂതകാലത്തെക്കുറിച്ചുള്ള ഓർമകളാണ്.**

ശേഷതകൾ എന്തൊക്കെയാണ്; അവരുടെ വൈകാരിക ജീവിതം എങ്ങനെയൊക്കെയായിരിക്കാം ഇങ്ങനെയൊക്കെയുള്ള ചില കാര്യങ്ങൾ ഉണ്ട്. ഊരും പേരുമുള്ള സാധാരണ മനുഷ്യരുടെ ജീവിതം നമുക്ക് ചരിത്രം എന്ന് പറഞ്ഞു വരുന്ന വ്യവഹാരത്തിൽനിന്ന് ലഭ്യമാവുകയില്ലല്ലൊ. അത്തരം വിഷയങ്ങൾ ഭാവനാത്മകമായിട്ട് എങ്കിലും സംബോധന ചെയ്യാനുള്ള ശേഷി ചരിത്രത്തെ ആധാരമാക്കിയ നോവലുകൾക്ക് ഉണ്ട്. ചരിത്രം നമ്മെ വിവേകമുള്ളവരാക്കുന്നു. നമ്മൾ വിചാരിക്കുന്നത് പോലെയാകില്ല ചരിത്രത്തിന്റെ പരിണാമഗതി. എന്തൊക്കെയാണ് സംഭവിച്ചത്; എന്തു കൊണ്ടാണ് ഒരു സംഭവം ഉണ്ടായത്; അത് എങ്ങനെയാണ്

ജനങ്ങളെ ഉത്ക്കർഷത്തിലേക്ക് എത്തിക്കുകയോ അപകർഷത്തിലേക്കു തള്ളിവിടുകയോ ചെയ്തത്; അതിന്റെ തുടർച്ചയായി നമ്മൾ കൈക്കൊള്ളേണ്ട കരുതലുകൾ എന്തെല്ലാമാണ് ഇങ്ങനെ പല സംഗതികളും ചരിത്രത്തെ ആധാരമാക്കിയ നോവലുകളിൽ നിന്ന് നമുക്ക് അനുഭവിക്കാനാവും. അതു കൊണ്ടാണ് ഈ നോവലുകൾ എഴുതിയത്.

**നിലം പൂത്തുമലർന്ന നാൾ എന്ന നോവൽ പ്രത്യേകമായ പ്രദേശവും കാലവും ആണല്ലോ അടയാളപ്പെടുത്തുന്നത്. ഈ തെരഞ്ഞെടുപ്പിന് ചരിത്രവസ്തുതകൾ പ്രത്യേകമായി റെഫർ ചെയ്തിരുന്നോ?**

നിലം പൂത്തു മലർന്ന നാൾ എന്ന നോവൽ സംഘകാലത്തെ ആധാരമാക്കി എഴുതിയ നോവലാണ്. ബി. സി. രണ്ട് മുതൽ പൊതുവർഷം അഞ്ച് വരെയുള്ള കാലഘട്ടം നമുക്ക് കേരളവും തമിഴ്നാടും ഒന്നിച്ച പങ്കിട്ടിരുന്ന ഒരു ഭൂതകാലത്തെക്കുറിച്ചുള്ള ഓർമകളാണ്. അക്കാലത്ത് ഏറെ സാഹിത്യകൃതികൾ ഉണ്ടാകുന്നുണ്ട്. എഴുത്തധികാരം, ചൊല്ലധികാരം പെരുളധികാരം എന്നിങ്ങനെ മൂന്ന് വിഭാഗങ്ങളുള്ള തൊൽക്കാപ്പിയം ആ കാലഘട്ടത്തിലെ- അതായത് തമിഴകത്തിലെ- ഭാഷയും ലാവണ്യശാസ്ത്രവും എന്താണ് എന്നൊക്കെ വിശദീകരിക്കുന്ന കൃതിയാണ്. കേരളവും തമിഴ്നാടും ഒരേ പ്രദേശമായി തമിഴകം എന്ന പേരിൽ അക്കാലത്ത് അറിയപ്പെട്ടു. ഇതിന് പല തെളിവുകളും ഉണ്ട്. ഒന്ന് തൊൽക്കാപ്പിയത്തിന്റെ ആമുഖപദ്യം അല്ലെങ്കിൽ പ്രശസ്തി പദ്യം (ചിറപ്പുപ്പായിരം) തന്നെയാണ്. തൊൽക്കാപ്പിയം എഴുതിയ തൊൽക്കാപ്പിയരുടെ സമകാലീനനായ പരമ്പാരനാർ എഴുതിയതാണത്. വട വേങ്കടം തെൻകുമരി ആയിടൈ തമിഴ്ക്കൂറ് നല്ലൊരുലകം എന്നാണ് അതിൽ




പഴയ തമിഴകത്തെപ്പറ്റി പറയുന്നത്. അതായത് വടക്ക് വെങ്കട മല തെക്ക് കുമരി - കന്യാകുമാരി - ഇവയ്ക്ക് ഇടയിലുള്ള പ്രദേശമാണ് തമിഴ്ക്കൂറുള്ള ഉലകം എന്നാണ്.

സംഘകാലഘട്ടത്തിന്റെ ഏകദേശം അന്ത്യത്തിൽ ഉണ്ടാവുന്ന ചിലപ്പതികാരം എന്ന കൃതിയിൽ അനുബന്ധത്തിൽ പറയുന്ന കാര്യവും ഇതിനോടു ചേർത്തു വയ്ക്കാം. വടക്ക് വെങ്കട മല തെക്ക് കുമരി മുനമ്പ്; കന്യാകുമാരി കിഴക്കും പടിഞ്ഞാറും പെരുങ്കടൽ എന്നാണ് അതിലുള്ളത്. അതായത് ഇന്നത്തെ കേരളവും ഇന്നത്തെ തമിഴ്നാടും പൂർണമായി ഉൾക്കൊള്ളുന്ന പ്രദേശമാണ് അത്.

**നിലം പൂത്തുമലർന്ന നാൾ എഴുതുമ്പോൾ നേരിട്ട ഭാഷാപരമായ വെല്ലുവിളികൾ എന്തെല്ലാമാണ്**

ആ ഒരു കാലത്തെ ജീവിതമാണ് എഴുതേണ്ടത് എന്നുള്ളത് കൊണ്ടു തന്നെ ഭാഷയിലും മറ്റും പ്രത്യേകമായ സമീപനം സ്വീകരിക്കാൻ നിർബ്ബന്ധിതനായി. ഇന്നത്തെ മലയാളത്തിന്റെയും ഇന്നത്തെ തമിഴിന്റെയും പൂർവഭാഷയാണ് അന്നത്തെ സംഘകാലഭാഷ. ഇന്നത്തെ മലയാളിക്കോ തമിഴനോ സംഘകാലഭാഷ മനസ്സിലാക്കാൻ വ്യാഖ്യാനങ്ങളുടെ സഹായം വേണം. അതുകൊണ്ട് ആ ഭാഷയിൽ എഴുതുക എന്നത് അസാധ്യമാണ്. പിന്നീട് എഴുത്തുകാരൻ എന്ന നിലയിൽ ചെയ്യാൻ പറ്റുന്നത് ആ കാലഘട്ടത്തെ ഓർമിപ്പിക്കുന്ന അല്ലെങ്കിൽ ആ കാലഘട്ടത്തെ ചിത്രീകരിക്കാൻ ഉതകുന്ന, ഭാവനാത്മകമായി, സർഗാത്മകമായി അനുഭവപ്പെടുന്ന ഒരു ഭാഷ കണ്ടെത്തുക എന്നതാണ്. അങ്ങനെയാണ് നിലംപൂത്തു മലർന്ന നാളിന്റെ ഭാഷയിലേക്ക് ചെന്നു ചേരുന്നത്. സംഘകാലഭാഷയല്ല ഇതിലുള്ളത് എന്ന് എടുത്തുപറയട്ടെ. ആ ഭാഷയിൽ ഒരു നോവൽ എഴുതുക അസാധ്യമാണ്. കാരണം ഇന്നത്തെ തമിഴർക്കോ മലയാളികൾക്കോ വ്യാഖ്യാനം കൂടാതെ അക്കാലത്തെ തമിഴ് മനസ്സിലാക്കാനാവില്ല. പൂർണ്ണമായും



സമകാലികഭാഷയിലെഴുതിയാൽ അക്കാലത്തെ അന്തരീക്ഷം കിട്ടുകയില്ല എന്നും തോന്നി. കാരണം സംസ്കൃതാക്ഷരങ്ങൾകൊണ്ടും സംസ്കൃതപദങ്ങൾകൊണ്ടും ബഹുലമാണ് ഇന്നത്തെ മലയാളം. പഴയ തമിഴകത്തെ ഭാഷയിൽ മുപ്പത് എഴുത്തുകൾ (phonemes) ആണുള്ളത്  എന്ന് തൊൽക്കാപ്പിയത്തിൽ ത്തന്നെ പറയുന്നുണ്ട്. അവ:

അ, ആ, ഇ, ഈ, ഉ, ഊ, എ, ഏ, ഐ, ഒ, ഓ, ഔ

ക, ങ, ച, ഞ, ട, ണ, ത, ന, പ, മ, യ, ര, ല, വ, ള, ഴ, റ, ഩ

അതായത് പന്ത്രണ്ട് ഉയിരെഴുത്തുകളും (സ്വരങ്ങൾ), പതിനെട്ടു മെയ്യെഴുത്തുകളും (വ്യഞ്ജനങ്ങൾ) ചേർന്ന മുപ്പത് എഴുത്തുകൾ. ഈ എഴുത്തുകൾ മാത്രമേ നോവലിലും ഉപയോഗിച്ചിട്ടുള്ളൂ. സംസ്കൃതത്തിൽ നിന്നു മലയാളത്തിലേക്കും തമിഴിലേക്കും വന്ന, തമിഴിൽ വടമൊഴിയെഴുത്തുകൾ എന്നറിയപ്പെടുന്ന, വർണ്ണങ്ങളെ ഇതിൽ ഒഴിവാക്കിയിരിക്കുന്നു. ചുരുക്കിപ്പറഞ്ഞാൽ ഈ മുപ്പത് അക്ഷരങ്ങൾ ചേർത്തു നിർമിക്കാവുന്ന വാക്കുകൾ മാത്രം ഉപയോഗിച്ചാണ് നിലം പൂത്തു മലർന്ന നാൾ എന്ന നോവൽ എഴുതിയിട്ടുള്ളത്. മാത്രമല്ല മലയാള ഭാഷ പിന്നിട്ടുപോന്ന പല ചരിത്രഘട്ടങ്ങളിൽ അതിന്റെ ഭാഗമായി തീർന്നിട്ടുള്ള വാക്കുകളാണ് നോവലിൽ ഉപയോഗിച്ചിട്ടുള്ളത്. അങ്ങനെ ഭാഷാപരമായി ചില സവിശേഷതകൾ മലയാളത്തിൽ ഈ നോവൽ വരുമ്പോൾ ഉണ്ടായിരുന്നു. മലയാളത്തിൽ അത് കുറച്ച് ഒരപരിചിതമായ ഭാഷ ഒക്കെ ആയതുകൊണ്ടുള്ള കൗതുകം.... പിന്നെ ചിലർക്ക് അതിനോടുള്ള ഇഷ്ടം ചിലർക്ക് അതിനോടുള്ള പരിഭവം ഇങ്ങനെയൊക്കെ പല തരത്തിലുള്ള പ്രതികരണങ്ങൾ അതിൽ നിന്ന് കിട്ടുകയുണ്ടായി. പ്രധാനപ്പെട്ട നിരവധി എഴുത്തുകാരും അതുപോലെ നിരവധി വായനക്കാരും ഈ മലയാളം അതായത് സംസ്കൃതവും തമിഴും അല്ലാതെ പ്രാചീനകാലത്തുതന്നെ ഉണ്ടായിരിക്കാവുന്ന ഒരു മലയാളം- ആ ഒരു മലയാളത്തിന്റെ സാന്നിധ്യം ഈ നോവലിൽ അനുഭവിച്ചു എന്ന് തോന്നിയിട്ടുണ്ട്.

**അക്കാലഘട്ടത്തിലെ സാംസ്കാരികസവിശേഷതകൾ നോവലിലേക്ക് സന്നിവേശിപ്പിക്കുന്ന ആഖ്യാന പരീക്ഷണം എപ്രകാരം ആയിരുന്നു?**

ഒരു നോവൽ എന്നു പറയുമ്പോൾ ഭാഷമാത്രമല്ല ഒരു കാലഘട്ടത്തിന്റെ സാംസ്കാരിക സവിശേഷതകൾ പലതും പല ഇടങ്ങളിലായി സന്നിവേശിപ്പിച്ചിട്ടുണ്ടാവും. അത് ഒരിക്കലും ഒരു ബൗദ്ധികമായ രീതിയിലാവില്ല. പകരം അതത് ജീവിത സന്ദർഭങ്ങൾക്കനുസരിച്ചാണ് അത്തരത്തിലുള്ള സാംസ്കാരിക സവിശേഷതകൾ കടന്നു വരുന്നത്.  ഏതെങ്കിലും ഒരു സാംസ്കാരികസന്ദർഭം ആദ്യം എടുത്തിട്ട് അതിന്റെ പാകത്തിന് കഥയെ സന്നിവേശിപ്പിക്കുകയല്ല ചെയ്തിരിക്കുന്നത്. പകരം ഒരു ചരിത്രസാഹചര്യത്തിൽ സംഭാവ്യമാകുന്ന കഥാപാത്രങ്ങളുടെ

ജീവിതം എന്ന നിലയിൽ ഇവരണ്ടും കൂടിയുള്ള സ്വാഭാവികമായ കൂടിച്ചേരൽ ആയാണ് നോവൽ എഴുതുക. ബൗദ്ധികത അല്ലെങ്കിൽ ബുദ്ധിപരത ഏറി നിൽക്കാതെയിരിക്കുവാനാണ് എപ്പോഴും ശ്രദ്ധിക്കുക. പകരം എപ്പോഴും ഇന്ദ്രിയാനുഭവത്തിന്റെ അല്ലെങ്കിൽ വൈകാരികാനുഭവത്തിന്റ ഒരു തലം നിലനിർത്തുക എന്നതാണ് കലയുടെയും എഴുത്തിന്റെയും മർമം എന്ന് ഞാൻ കരുതുന്നു. ആ രീതിയിലാണ് ഈ നോവലും എഴുതിയിട്ടുള്ളത്. നോവലിനെക്കുറിച്ച് പറയുമ്പോൾ ബൗദ്ധികമായ ചില നിരീക്ഷണങ്ങൾ നടത്തുന്നതായി തോന്നും. പക്ഷേ വായിക്കുമ്പോൾ അങ്ങനെയല്ല അനുഭവപ്പെടുക. മലയാളത്തിൽ ഈ നോവൽ ആവേശത്തോടെ സ്വീകരിക്കപ്പെട്ടു. ഈ നോവലിനെ അടിസ്ഥാനപ്പെടുത്തി തിരുവനന്തപുരം മുതൽ പയ്യന്നൂർ വരെ ചർച്ചകൾ സംഘടിപ്പിക്കപ്പെട്ടു. നോവലിൽ പരാമർശിക്കപ്പെട്ട സംഘകാല ജീവിതവുമായി ബന്ധപ്പെട്ട പ്രദേശങ്ങളിൽ ചർച്ചകൾ ഉണ്ടായി. അങ്ങനെ ഒരു വലിയ സാംസ്കാരിക പ്രവർത്തനം ഈ നോവലിന്റെ പ്രസിദ്ധീകരണത്തെ തുടർന്ന് ഉണ്ടായി.

**നോവലിന്റെ തമിഴ് വിവർത്തനത്തിന്റെ വഴികൾ വിശദമാക്കാമോ?**

പിന്നീടാണ് ഈ നോവൽ തമിഴിലേക്ക് മൊഴിമാറ്റുന്നത്. കെ.വി ജയശ്രീ ആണ് തമിഴിലേക്ക് ഈ നോവൽ മൊഴിമാറ്റിയത്. വളരെ സമർപ്പണ ബുദ്ധിയോടെയാണ് ജയശ്രീ ആ വിവർത്തനം നിർവഹിച്ചത്. നോവലിന്റെ തുടക്കം മുതൽ ഒടുക്കം വരെയുള്ള വാക്കുകൾ പലതും തമിഴ് എഴുത്തുകാർക്ക് പരിചയം ഉള്ളതാണ്. ചിലവാക്കുകൾ തമിഴിൽ പരിചയമുള്ളതാണ്. ചിലത് പരിചയം ഇല്ലാത്തതും. മലയാളത്തിന്റെ ഭാഗമായി വന്നിട്ടുള്ളതാണ് ഇതിലെ പ്രധാനമായ വാക്കുകൾ. തന്നെത്താനെ ഉണ്ടാക്കിയിട്ടുള്ള വാക്കുകൾ ഉണ്ട്. ഇങ്ങനെയുള്ള വാക്കുകൾ ഒക്കെ എങ്ങനെ തമിഴിലേക്ക് മൊഴി മാറ്റണം എന്ന ഒരു പ്രധാനപ്പെട്ട പ്രശ്നം ഉണ്ടായിരുന്നു. അത് വളരെ വിദഗ്ധമായി ചർച്ചയിലൂടെ ആലോചിച്ച് തീരുമാനിച്ച് ജയശ്രീ തമിഴിന്റേതായ രീതിയിൽ ചെയ്യുകയാണ് ഉണ്ടായത്. ഈ നോവൽ തമിഴിലേക്ക് വരുമ്പോൾ ഏകദേശം ഒരു verbatim translation പോലെയാണ് നിൽക്കുക. അതായത് മലയാള വാചകങ്ങൾ വായിച്ച് തമിഴ് അതിന്റെ സമാന്തരമായി വായിച്ചാൽ മലയാളം തന്നെ തമിഴായി മാറിയതുപോലെ തോന്നും. രണ്ടും ഒരേ ഭാഷാഘടനയാണല്ലോ. മാത്രമല്ല തമിഴിന് ഉൾക്കൊള്ളാവുന്ന നിരവധി വാക്കുകൾ ഈ കൃതിയിൽ ഉണ്ട്. ഒന്നു തന്നെ മറ്റൊന്നായി മാറുന്ന ഒരു വിവർത്തനമാണ് തമിഴിൽ സംഭവിച്ചത്. ഒരു കൗതുകകരമായ കാര്യം ഉണ്ടായി. സ്വരങ്ങളിൽ ഋ ഌ എന്നിവയും അതിഖര മൃദു ഘോഷാക്ഷരങ്ങളും ഈ നോവലിൽ ഇല്ലല്ലോ. കൂടാതെ മലയാളത്തിലെ ശ ഷ സ എന്നീ ഊഷ്മാക്കൾ ഹ എന്ന ഘോഷി എന്നിവയും ഈ നോവലിൽ ഇല്ല. തമിഴിലായപ്പോഴേക്കും ആ ഒരു സവിശേഷത തമിഴിന് അഭിമുഖീകരിക്കേണ്ട ആവശ്യം പോലും ഇല്ലായിരുന്നു. കാരണം തമിഴിൽ അല്ലെങ്കിൽത്തന്നെ ഇത്രയും അക്ഷരങ്ങളേ ഉള്ളൂ. പില്ക്കാലത്ത് ജ ശ ഷ സ ഹ എന്നിങ്ങനെ ചില വർണങ്ങൾ തമിഴിൽ ഉച്ചാരണത്തിൽ വരുന്നുണ്ട്. ഇങ്ങനെയൊക്കെ ഉണ്ടെങ്കിൽ പോലും പൊതുവേ തമിഴിന്റെ അടിസ്ഥാനഘടനയിൽ കങ ചഞ ടണ തന പമ ഇത്രയും വർഗ്ഗാക്ഷരങ്ങളിൽ കങ വർണ്ണങ്ങളേ ഉള്ളൂ. മലയാളത്തിൽ ഖഗഘ, ഛജഝ, ഠഡഢ, ഥദധ, ഫബഭ എന്നിങ്ങനെയുള്ള അക്ഷരങ്ങൾ ഒഴിവാക്കിയപ്പോൾ ഉണ്ടായ ഭാഷാപരമായ സവിശേഷത തമിഴ് വിവർത്തനത്തിൽ ഉണ്ടായില്ല. തമിഴിൽ ആ അക്ഷരങ്ങൾ സ്വതവേതന്നെ ഇല്ലാത്തതുകൊണ്ട് ആ സവിശേഷത തമിഴ്‌വായനക്കാർക്ക് തിരിച്ചറിയാനും പറ്റില്ല. ആ പരീക്ഷണത്തിന്റെ ഒരു പ്രസക്തി തമിഴിൽ ഇല്ലാതെയായി. അതായിരുന്നു പ്രധാനപ്പെട്ട കൗതുകം. പക്ഷേ ആ സാംസ്കാരിക സാഹചര്യം- അത് വളരെ പ്രധാനമാണ്. മലയാളവും തമിഴും പങ്കിട്ടിരുന്ന നിരവധി വാക്കുകൾ, പല തരത്തിലുള്ള പ്രയോഗങ്ങൾ ഒക്കെ ഈ നോവലിൽ വരുന്നുണ്ട്. അതുപോലെ പങ്കിട്ടിരുന്ന വിശ്വാസങ്ങൾ ആചാരങ്ങൾ എന്നിവയും വരുന്നുണ്ട്. അതൊക്കെയുള്ളതുകൊണ്ട് തമിഴിലെ പ്രശസ്തനായ എഴുത്തുകാരൻ നാഞ്ചിൽനാടൻ പറഞ്ഞത് മലയാളത്തിൽ എഴുതപ്പെട്ട തമിഴ് നോവൽ ആണ് നിലം പൂത്തു മലർന്ന നാൾ എന്നാണ്. നമുക്കേറ്റവും അമ്പരപ്പ് തോന്നുന്ന അല്ലെങ്കിൽ സന്തോഷം തോന്നുന്ന ഒരു കാര്യം എന്താണ് എന്ന വച്ചാൽ തമഴിലേക്ക് ഇത് വിവർത്തനം ചെയ്തതോടുകൂടി ലോകം എങ്ങുമുള്ള തമിഴ് ജനതയ്ക്കിടയിൽ ഈ നോവൽ വളരെ കാര്യമായി ചർച്ച ചെയ്യപ്പെട്ടു. സിംഗപ്പൂർ, കാനഡ, കൊളംബോ എന്നിങ്ങനെ തമിഴർ ഉള്ള സ്ഥലങ്ങളിലെല്ലാം ഈ നോവലിനെ അടിസ്ഥാനപ്പെടുത്തിയുള്ള ചർച്ചകൾ ഉണ്ടായി. തമിഴിലെ പ്രശസ്തരായ പല എഴുത്തുകാരും ഈ നോവലിന് അഭിവാദ്യം അർപ്പിച്ചു കൊണ്ടുള്ള വീഡിയോകൾ ഇറക്കി. അങ്ങനെ തമിഴ്ഭാഷയിൽ തന്നെ ഉണ്ടായ ഒരു നോവലിന് കിട്ടുന്നത് പോലുള്ള ഒരു അംഗീകാരം ഈ നോവലിന് കിട്ടുകയുണ്ടായി. വളരെ പ്രശസ്തരായ എഴുത്തുകാർ

**ഒരു നോവൽ എന്നു പറയുമ്പോൾ ഭാഷ മാത്രമല്ല ഒരു കാലഘട്ടത്തിന്റെ സാംസ്കാരിക സവിശേഷതകൾ പലതും പല ഇടങ്ങളിലായി സന്നിവേശിപ്പിച്ചിട്ടുണ്ടാവും. അത് ഒരിക്കലും ഒരു ബൗദ്ധികമായ രീതിയിലാവില്ല. പകരം അതാത് ജീവിത സന്ദർഭങ്ങൾക്കനുസരിച്ചാണ് അത്തരത്തിലുള്ള സാംസ്കാരിക സവിശേഷതകൾ കടന്നുവരുന്നത്.**

നേരിട്ട് കാണണം എന്ന് പറഞ്ഞു കൊണ്ട് അട്ടുത്തുവരികയുണ്ടായി. കോട്ടയത്തു തന്നെ എന്നെ കാണാനായി പല എഴുത്തുകാരും വന്നിട്ടുണ്ട്. ജോ ഡിക്രൂസിനെപ്പോലെ കേന്ദ്ര സാഹിത്യ അക്കാദമി പുരസ്കാരം കിട്ടിയ ഒരു എഴുത്തുകാരനും നിലം പൂത്തു മലർന്ന നാൾ എഴുതിയ ആളെ കാണാൻ മാത്രമായി ചെന്നൈയിൽനിന്നു കോട്ടയത്തു വന്നു എന്ന് പറയുമ്പോൾ ഊഹിക്കാമല്ലോ തമിഴ് ജനത എത്ര സ്നേഹത്തോടെയാണ് ഇതിനെ പരിചരിച്ചതെന്ന്. ഭാഷയോടും സംസ്കാരത്തോടുമുള്ള ഇഷ്ടത്തിൽ നിന്ന് രൂപപ്പെട്ടതാണ് ഇതൊക്കെ. അങ്ങനെ ഒരു അനുഭവമാണ് തമിഴിൽ നിന്ന് ഉണ്ടായത്.

### ഇംഗ്ലീഷ് വിവർത്തനത്തിൽ ഉണ്ടായ വെല്ലുവിളികൾ എന്തെല്ലാമാണ്?

പിന്നീടാണ് ഈ നോവൽ ഇംഗ്ലീഷിലേക്ക് translate ചെയ്യപ്പെടുന്നത്. തമിഴിലേക്കുള്ള വിവർത്തനം എന്ന് പറയുമ്പോൾ ഒരു verbatim പദാനുപദ വിവർത്തനം സാധ്യമാകുന്ന സാഹചര്യം ഉണ്ട്. തമിഴും മലയാളവും ഒരേ ഘടനയിലുള്ള ഭാഷകളായതു കൊണ്ടും നിരവധി വാക്കുകൾ ഒരേ പോലെ രണ്ടു ഭാഷയിൽ ഉള്ളതു കൊണ്ടും അങ്ങനെയൊരു വിവർത്തനം സാധ്യമാണ്. പക്ഷേ തികച്ചും വ്യത്യസ്തമാണ് ഇംഗ്ലീഷിലേക്കുള്ള വിവർത്തനം. ഒന്നാം എഴുത്ത്, രണ്ടാം എഴുത്ത്, മൂന്നാം എഴുത്ത് എന്നിങ്ങനെ മൂന്ന് ഭാഗങ്ങളായിട്ടാണ് നോവൽ എഴുതിയിട്ടുള്ളത്. പതിഞ്ഞ ഒരു കാലത്തിൽ തുടങ്ങി ക്രമമായി വേഗത കൂടുന്ന ഒരു സംഗീതശില്പത്തിന്റെ ഘടന അതെഴുതുമ്പോൾ സങ്കല്പിച്ചിരുന്നു. അതിൽ ഒന്നാം എഴുത്ത് കുറച്ച് വിളംബ കാലത്തിലാണ്. Slow tempo യിൽ ആണ്. രണ്ടാം എഴുത്ത് മധ്യമലയത്തിലാണ്. മൂന്നാമത്തേത് ദ്രുതലയത്തിലാണ്. അതായത് Fast tempo ആണ്. ഈ ഒരു സവിശേഷ ഒക്കെ തമിഴിലും നിലനിർത്താൻ പറ്റും. പക്ഷേ ഇംഗ്ലീഷിൽ ഇതൊക്കെ recreate ചെയ്യുക എന്നത് വലിയ വെല്ലുവിളിയായിരുന്നു. ആ വെല്ലുവിളിയാണ് ജെ. ദേവിക ഏറ്റെടുത്തത്.

> **ഇംഗ്ലീഷിൽ ആകുമ്പോൾ ഭാഷയുടെ ഒരു പുനരവതരണംതന്നെ വേണ്ടി വരും. ആ രീതിയിൽ ഉള്ള ഒരു സ്വാതന്ത്ര്യം ദേവിക ഈ വിവർത്തനത്തിൽ എടുത്തിട്ടുണ്ട്. ചെയ്തിട്ടുള്ള വേറൊരു സംഗതി എന്താണ് എന്നു വച്ചാൽ മലയാളത്തിലും തമിഴിലും ഉള്ള സവിശേഷമായ കുറേയേറെ വാക്കുകൾ ഇംഗ്ലീഷ് ട്രാൻസ്ലേഷനിലും നിലനിർത്തി എന്നുള്ളതാണ്.**

ഇംഗ്ലീഷ് ഭാഷയിൽ ആഴത്തിലുള്ള അറിവും കൂടാതെ പഴയ തമിഴ് സംസ്കാരത്തെക്കുറിച്ചുള്ള അറിവും ഒക്കെ ഉള്ളതുകൊണ്ട് ദേവികയ്ക്ക് അതിനു ബുദ്ധിമുട്ടുണ്ടായില്ല. അക്ഷരങ്ങളുടെ കാര്യത്തിൽ നേരത്തെ പറഞ്ഞ സവിശേഷതകളോ അല്ലെങ്കിൽ വാക്കുകളുടെ കാര്യത്തിൽ പറഞ്ഞ സവിശേഷതകളോ ഒന്നും ഇംഗ്ലീഷിൽ കൊണ്ടുവരാൻ പറ്റില്ല എന്നറിയാം അതൊക്കെ പറ്റുന്നതു തമിഴിലാണ്. ഇംഗ്ലീഷിൽ ആകുമ്പോൾ ഭാഷയുടെ ഒരു പുനരവതരണംതന്നെ വേണ്ടി വരും. ആ രീതിയിൽ ഉള്ള ഒരു സ്വാതന്ത്ര്യം ദേവിക ഈ വിവർത്തനത്തിൽ എടുത്തിട്ടുണ്ട്. ചെയ്തിട്ടുള്ള വേറൊരു സംഗതി മലയാളത്തിലും തമിഴിലും ഉള്ള സവിശേഷമായ കുറേയേറെ വാക്കുകൾ ഇംഗ്ലീഷ് ട്രാൻസ്ലേഷനിലും നിലനിർത്തി എന്നുള്ളതാണ്. അതായത് ഇംഗ്ലീഷ് വായനക്കാർക്ക കൂടി മനസ്സിലാകുന്ന തരത്തിൽ ഒരു ചെറിയ വിശദീകരണം കൂടി ആ വാക്കിനൊപ്പം കാണും. അടിക്കുറിപ്പുകൾ ഇല്ല. ഉദാഹരണത്തിന് അക്കാലത്ത് വേട്ടയാടി ജീവിച്ചിരുന്നവരാണ് എയിനർ, കുറവർ എന്നീ സമുദായങ്ങൾ. മലയാളത്തിൽ 'വേട്ടക്കാരായ എയിനരും കുറവരും' എന്നത് 'Aiyner and Kuravar, hunters' എന്ന രീതിയിലാണ് ദേവിക മൊഴിമാറ്റുന്നത്. അതുപോലെ അച്ചാ, അമ്മാ, അണ്ണാ തുടങ്ങിയ വിളിപ്പേരുകൾ, അക്കാലത്തെ സംഗീതോപകരണങ്ങളുടെ പേരുകൾ ഇവയെല്ലാം അങ്ങനെത്തന്നെ ഇംഗ്ലീഷിലും നിലനിർത്തിയിട്ടുണ്ട്. ആ ഒരു തരത്തിലാണ് ദേവിക അത് ചെയ്തിട്ടുള്ളത്. അപ്പോൾ പറയാൻ ശ്രമിച്ച കാര്യം എന്താണ് എന്നു വച്ചാൽ ഒന്ന് ഇംഗ്ലീഷ് ഭാഷയിലും ഇതിന്റെ ഒരു tempo – ഈ slow tempo, Medium tempo, Fast tempo എന്നുള്ളത് ഭാഷാഘടനയിൽ നിലനിർത്താൻ ശ്രമിച്ചിട്ടുണ്ട്. പിന്നെ ഇതിന്റെ ഒരു rhythm അത് മലയാളം തമിഴ് വായനയുടെ റിഥത്തെ ഓർമിപ്പിക്കുന്ന തരത്തിൽ ഒരു tempo സൂക്ഷിക്കാനായി ശ്രമിച്ചിട്ടുണ്ട്, പലവാക്കുകളും മലയാളത്തിന്റെയും തമിഴിന്റെയും സ്വഭാവവും തനിമയും നിലനിർത്തുന്ന തരത്തിൽ ഇംഗ്ലീഷിലേക്ക് കൊണ്ടുവരുവാനും ശ്രമിച്ചിട്ടുണ്ട്. ഇംഗ്ലീഷ് വിവർത്തനത്തിനും മികച്ച രീതിയിലുള്ള പ്രതികരണങ്ങളാണ് കിട്ടിക്കൊണ്ടിരിക്കുന്നത്. അതും വലിയ സന്തോഷമുള്ള കാര്യമാണ്. തമിഴിലും ഇംഗ്ലീഷിലും നിരവധി പഠനങ്ങൾ ഉണ്ടായിട്ടുണ്ട്. തമിഴിൽ ഈ നോവലിനെക്കുറിച്ച് ഗവേഷണപ്രബന്ധങ്ങൾ ഉണ്ടായി. കൂടാതെ നിരന്തരം അക്കാദമിക് പഠനങ്ങളും വന്നു കൊണ്ടിരിക്കുന്നു. ഇംഗ്ലീഷിൽ വിവർത്തനം വന്നപ്പോൾ Hindustan Times, The Mint പോലെയുള്ള പത്രങ്ങളിൽ ദീർഘമായ റിവ്യൂകൾ വന്നു. അന്തർദേശീയതലത്തിൽത്തന്നെ ശ്രദ്ധിക്കപ്പെടുന്ന അംഗീകാരങ്ങളും വരുന്നു. കേരളം എന്ന ചെറിയ ദേശത്തെ മലയാളം എന്ന ഭാഷയിൽ എഴുതപ്പെട്ട ഈ നോവൽ പല നാടുകളിലുള്ളവർ ഏറ്റെടുക്കുന്നതു കാണുമ്പോൾ അങ്ങേയറ്റം സന്തോഷമുണ്ട് എന്നേ പറയാനുള്ളു. ■

മൈന ഉമൈബാൻ
എം ഇ എസ് കോളേജ്, മമ്പാട്

# ഈ ഡിജിറ്റൽ കാടോരം ചേർന്ന്

കാടിന്റെ സംഗീതം കേട്ടുണരുന്ന ഒരു പുൽക്കുടിലിലായിരുന്ന കുട്ടിയായിരുന്ന ഞാൻ. താഴെ കാട്ടരുവിയുടെ കളകളാരവം. നേരം വെളുത്താൽ ആറ്റിലേക്കിറങ്ങി ഏതെങ്കിലുമൊരു കല്ലിലിരുന്ന് വെള്ളത്തിലേക്ക് കാൽ നീട്ടിയിരിക്കുന്നു. ചെറുമീനുകൾ പാദത്തെ പൊതിയുന്നു. ചിലപ്പോൾ ആറ്റിൻ തീരത്തുകൂടി വെള്ളം തെറിപ്പിച്ച് നടക്കുന്നു. മറ്റു ചിലപ്പോൾ കാട്ടുവഴിയിലേക്ക് മഴയത്ത് തെന്നിക്കിടക്കുന്ന പാറ കയറുന്നു. അകലെ അകലേയ്ക്ക്  ഞൊറികളോടെ നില്ക്കുന്ന നീലമലകൾ...

ആ മലകൾക്കപ്പുറം ലോകമുണ്ടെന്നെനിക്കറിയില്ലായിരുന്നു. ഉയർന്നു നിന്ന മലകൾക്കും കാടിനുമിടയിലൂടെ പടിഞ്ഞാറോട്ട് ഒരു കാട്ടാറൊഴുകുന്നു. അതെവിടെ ചെന്നെത്തുന്നു എന്നറിയില്ല. കടലിലേക്കെന്ന്  സ്കൂളിൽ നിന്ന് പഠിച്ചിട്ടുണ്ട്. കടലെങ്ങനെയാണെന്നും അറിയില്ലായിരുന്നു. അതും സങ്കല്പം മാത്രമായിരുന്നു. മലഞ്ചെരുവുകളെ മുറിച്ചു കൊണ്ടൊരു പാത. അതിലെ വല്ലപ്പോഴുമൊക്കെ വാഹനങ്ങൾ കടന്നു പോയി. ആ വാഹനങ്ങളിലൊന്നിൽ കയറി എങ്ങോട്ടെങ്കിലും പോകാമെന്നും മോഹിച്ചിരുന്നില്ല. എങ്ങോട്ട് എന്ന ഇടം ഞങ്ങൾക്ക് അന്യമായിരുന്നു. ആധുനിക ലോകത്തായിരിക്കുന്നവർക്ക് ഞങ്ങളുടെ കുട്ടിക്കാലം തികച്ചും പ്രാകൃതമാണ്. പ്രഭാതത്തിൽ ഞങ്ങളുടെ കാലിൽ മഞ്ഞിൻ വെള്ളവും പുൽപ്പൊടികളുമായിരുന്നു. തണുത്ത കാറ്റിന്റെ താളത്തിനൊപ്പിച്ച്, ഈറ്റക്കാടുകളുടെ മർമരങ്ങൾക്കൊപ്പിച്ച് സ്കൂളില്ലാത്ത ദിവസങ്ങളിൽ  ഞങ്ങൾ അലഞ്ഞു നടന്നു.

ഒരുപക്ഷേ, എൺപതുകളിൽ ബാല്യം കടന്നു പോയവരൊക്കെ സമാനനുഭവങ്ങളുള്ളവരാവാം. നാട്ടിലും നഗരത്തിലും ചെറു വ്യത്യാസങ്ങളുണ്ടാവാനേ സാധ്യതയുള്ളൂ. ഞങ്ങളെ സംബന്ധിച്ച് ലോകം ചെറുതായിരുന്നു. മണ്ണിന്റെ ഗന്ധം നിറഞ്ഞ, കാടിന്റെ രുചി നിറഞ്ഞ വെള്ളത്തിന്റെ നനുനനപ്പാർന്ന ജീവിതം. എന്നുവെച്ച് അത് ആനന്ദങ്ങളുടേതാണെന്നർത്ഥമില്ല. പട്ടിണിയുടേയും കഷ്ടപ്പാടിന്റേതുമായ ചുറ്റുപാടുകളായിരുന്നു മുതിന്നവർക്ക്. അവിടെ നാളെയൊരു ഡിജിറ്റൽ ലോകത്ത് ജീവിക്കേണ്ടിവരുമെന്നത് വിദൂര സ്വപ്നങ്ങളിൽ പോലുമില്ലായിരുന്നു.

രണ്ടോ മൂന്നോ കട്ട ബാറ്ററി ടോർച്ച്, റേഡിയോ ഇതുമാത്രമായിരുന്നു ഇലക്ട്രോണിക് ഉപകരണങ്ങൾ. കറണ്ട് എല്ലായിടത്തും എത്തിയിട്ടില്ല. സന്ധ്യയായാൽ ഞങ്ങൾ കാട്ടിൽ ലയിക്കുന്നു. സ്വച്ഛമായി കിടന്നുറങ്ങുന്നു.

ഇന്ന് നമുക്കറിയാവുന്ന ഡിജിറ്റൽ സാങ്കേതികവിദ്യ ഞങ്ങളുടെ ലോകത്തുണ്ടായിരുന്നില്ല.  ഞാൻ ആദ്യം കണ്ട ഡിജിറ്റൽ ഉപകരണങ്ങൾ  വാച്ചുകളോ കാൽക്കു



ലേറ്ററോ ആയിരുന്നു. അക്കങ്ങൾ എഴുതിക്കാണിക്കുന്ന എന്നാണ് അവയെപ്പറ്റി മനസിലാക്കിയത്. എന്നാൽ അവയിൽ എനിക്ക് വലിയ താൽപ്പര്യമുണ്ടായിരുന്നില്ല. അക്കാലത്ത്, സൂചിയിൽ കറങ്ങിക്കൊണ്ടിരിക്കുന്ന മനോഹരമായ അനലോഗ് വാച്ചുകളുടെ വൈവിധ്യത്തിലായിരുന്നു കണ്ണ്!

ഈ അനലോഗ് ലാളിത്യം ഉടൻ തന്നെ ഒരു  ഡിജിറ്റൽ യാഥാർത്ഥ്യത്തിലേക്ക് വഴിമാറുമെന്ന് എനിക്കപ്പോൾ അറിയില്ലായിരുന്നു.  വർഷങ്ങൾ കടന്നുപോകുന്തോറും നമ്മൾ എങ്ങനെ ജീവിക്കുന്നു, ജോലിചെയ്യുന്നു, പരസ്പരം ആശയവിനിമയം ചെയ്യുന്ന തുടങ്ങിയ കാര്യങ്ങളിൽ വലിയ രീതിയിൽ മാറ്റം വരുന്നുവെന്ന് വിചാരിക്കാൻ സാധിച്ചില്ല. ഒരുപക്ഷേ, 'കാടൻ ' ജീവിതത്തിൽ നിന്നും ഡിജിറ്റൽ ജീവിതത്തിലേക്കുള്ള പരിവർത്തനം.  ഡിജിറ്റൽ ലോകം പൂർണ്ണമായും എത്തിക്കഴിഞ്ഞിരിക്കുന്നു.

ഡിഗ്രി ക്ലാസിൽ വെച്ചാണ് ആദ്യമായി ഒരു കമ്പ്യൂട്ടർ കീബോർഡിൽ തൊടുന്നത്. ഡിജിറ്റൽ വാച്ച് ആദ്യം കണ്ടതുപോലെ കീബോർഡിൽ തൊടുമ്പോഴും അത്ര അത്ഭുതമൊന്നും തോന്നിയില്ല. കമ്പ്യൂട്ടർ എന്താണെന്ന് മനസിലാക്കുന്നതേ ഉണ്ടായിരുന്നുള്ളൂ. അതിനു മുമ്പ് പത്താം ക്ലാസ് പരീക്ഷ കഴിഞ്ഞ മധ്യവേനലവധിക്കാലത്ത് ടൈപ്പ്റൈറ്റിംഗ് പഠിക്കാൻ പോയിരുന്നു. ആ ടൈപ്പ് റൈറ്റിംഗ് പഠിക്കാൻ പോകലിന് പിന്നിൽ ഒരു പ്രണയം ചുറ്റിക്കളിക്കുന്നുണ്ടായിരുന്നു.

asdf എന്നൊക്കെ ബലമായി കട്ടകളിൽ അമർത്തേണ്ടിയിരുന്നു. പൊട്ടമെഷിനുകളിൽ കൈയ്യമർത്തൽ – നന്നായി ശീലിച്ചാലേ നല്ല മെഷിനുകളിലേക്ക് കയറ്റം കിട്ടുമായിരുന്നുള്ളൂ. ആ ശീലം കൊണ്ട് കമ്പ്യൂട്ടറിൽ 'ടപ്പേ ടപ്പേ' എന്ന് ഞെക്കിക്കൊണ്ടിരുന്നു.

ടൈപ്പ് പഠിച്ചതാണല്ലേ, ഇങ്ങനെ അമർത്തേണ്ട, ഒന്നു തൊട്ടാൽ മതിയെന്ന് ടീച്ചർ പറഞ്ഞു. പക്ഷേ, ഒന്നരക്കൊല്ലം ടൈപ്പ് റൈറ്റിംഗ് മെഷിൻ ഉപയോഗിച്ച ബാധ എന്നെ ഇന്നും വിട്ടൊഴിഞ്ഞിട്ടില്ല. യന്ത്രത്തിൽ ശീലിച്ചത് ബൈനറി കോഡ് മാത്രമാണിവിടെയെന്ന് അറിയാഞ്ഞിട്ടല്ല. പുതിയ നൂറ്റാണ്ടിന്റെ തുടക്കത്തിൽ 0, 1 എന്നീ അക്കങ്ങളാൽ തീർത്ത മാന്ത്രിക ലോകത്തിന്റെ ഭാഗമാകാൻ തുടങ്ങിരുന്ന ഞാൻ. കണക്കുകളെല്ലാം കിലോബൈറ്റും മെഗാബൈറ്റും ജിഗാബൈറ്റു ടെറാബൈറ്റുമൊക്കെയായി മാറി.

കോഴിക്കോട് മാനാഞ്ചിറയുള്ള പബ്ലിക് ലൈബ്രറി കെട്ടിടത്തിന്റെ താഴത്തെ നിലയിലുള്ള ഇന്റർനെറ്റ് കഫെയിൽ നിന്നാണ് ഞാൻ റെഡിഫ്മെയിലിൽ ഒരു അക്കൗണ്ട് തുറന്നത്.   തമാശയായിട്ടോ പരീക്ഷണമായിട്ടോ അടുത്ത ക്യൂബിക്കിളിലുള്ള  സുഹൃത്തിന് "ഹായ്" എന്നൊരു ഇമെയിൽ അയച്ചു. ഞങ്ങൾ പരസ്പരം ഇരുതുരാമെയിൽ അയച്ചു കൊണ്ടിരുന്നു... പിന്നീടെപ്പോഴോ യാഹുവിൽ അക്കൗണ്ട് തുറന്നു. ഇത് വല്ലപ്പോഴും കഫെയിൽ പോയി ചെയ്യേണ്ട ഒന്നായതുകൊണ്ട് രഹസ്യവാക്ക് മറന്നു പോയി.

പഠനാവശ്യങ്ങൾക്കായി, ഞാൻ അക്കാലത്ത് യാഹുവിൽ സർഫ് ചെയ്യാൻ തുടങ്ങിയിരുന്നു. ജേണലിസം കോഴ്സിന് ചേർന്നപ്പോൾ ഡെസ്ക് ടോപ് പബ്ലിഷിംഗ് (DTP) പഠനം നിർബന്ധമായിരുന്നു. ടൈപ്പ് റൈറ്റിംഗ് പഠിച്ചതിൻറെ ഗുണത്തിൽ മലയാളവും ഇംഗ്ലീഷും ടൈപ്പ് ചെയ്യാൻ എളുപ്പമായിരുന്നു. പക്ഷേ, 'ടപ്പേ ടപ്പേ' എന്ന് കീബോർഡിൽ വിരലമർത്തി എന്നു മാത്രം.

ജേണലിസം ക്ലാസിൽ വെബ് ജേണലിസം പഠിപ്പിക്കുമ്പോഴാണ് വാർത്തകളുടെ, കഥകളുടെ, കവിതകളുടെ വെബ് ലോകം പിടികിട്ടുന്നത്. അക്കാലത്ത് ഇന്റർനെറ്റ് ഉപയോഗിക്കുന്നതിന് വലിയ തുക വേണമായിരുന്നു. കമ്പ്യൂട്ടർ സ്ക്രീനിൽ മലയാളം പോർട്ടലുകൾ ദൃശ്യമായി തുടങ്ങി. പക്ഷേ ആ മലയാളം കാണണമെങ്കിൽ പ്രത്യേക ഫോണ്ട് കമ്പ്യൂട്ടറിൽ വേണമായിരുന്നു.

മൊബൈൽ ഫോൺ അപൂർവ്വം ചിലരുടെ കയ്യിലേ ഉണ്ടായിരുന്നുള്ളൂ. 2004–2005 കാലഘട്ടത്തിലാണ് മൊബൈൽ ഫോൺ മിക്കവരുടെ കൈയിലും എത്തുന്നത്. അതും ബിഎസ്എൻഎല്ലിൽ നിന്ന് സിം വന്നതോടു കൂടി. സർക്കാർ ജീവനക്കാർക്ക് സിം കൊടുത്ത കൂട്ടത്തിൽ അമ്മച്ചിയും ഒരെണ്ണം വാങ്ങി വെച്ചിരുന്നു. പക്ഷേ സിമ്മിടാൻ ഫോൺ വാങ്ങിയിരുന്നില്ല. ആയിടക്കാണ് ബാങ്കിൽ ജോലിക്ക് പോയ എനിക്ക് തല കറങ്ങുകയും ആശുപത്രിയിൽ

പോയി ടിപ്പിടേണ്ടിയും വന്നത്. ടിപ്പ് തീർന്ന ആ ഉച്ചമുതൽ ഞാൻ പങ്കാളിയായ സുനിലിനെ കാത്ത് ആശുപത്രിയിൽ ഇരുപ്പ് തുടങ്ങി. തലകറങ്ങി ആശുപത്രിയിലേക്ക് വരുമ്പോൾ ബാഗ് എടുത്തിരുന്നില്ല. കയ്യിൽ പൈസ പോയിട്ട് ഒന്നുമില്ല. ആശുപത്രിയിലാക്കിയിട്ട് പോയയാൾ ജോലിയിൽ മുഴുകി അക്കാര്യം മറന്നു എന്നു തോന്നുന്നു. തലകറങ്ങി ആശുപത്രിയിൽ കിടന്നതിനേക്കാൾ നിരാശയും സങ്കടവുമായിരുന്നു. ഫോൺ ചെയ്യാൻ പറ്റാത്തതിൽ, കാശ് കയ്യിലില്ലാത്തതിൽ, പോയയാൾ തിരിച്ചു വരാത്തതിലൊക്കെ ഞാനാകെ പരിഭ്രമിച്ചു. വൈകിട്ടോടെ മടിച്ചുമടിച്ച് ഒരു നഴ്സിനോട് ചോദിച്ച് അവരുടെ ലാൻഡ് ഫോണിൽ നിന്ന് സുനിൽ ജോലി ചെയ്യുന്ന ബാങ്കിലെ ലാൻഡ് ഫോണിലേക്ക് വിളിച്ചു. അന്ന് തീരുമാനിച്ചു എനിക്കൊരു മൊബൈൽ ഫോൺ വേണമെന്ന്...

കോഴിക്കോട് കമ്മ്യൂണിക്കേഷൻ ആൻഡ് ജേണലിസം ഇൻസ്റ്റിറ്റ്യൂട്ടിൽ പഠിച്ചുകൊണ്ടിരിക്കുമ്പോഴാണ് എനിക്ക് ബാങ്കിൽ ജോലി കിട്ടുന്നത്. അവധിയെടുത്ത് കോഴ്സ് പൂർത്തീകരിക്കുകയായിരുന്നു. ബാങ്ക് കല്ലായി റോഡിലും ബസ്സിറങ്ങുന്നത് മിക്കവാറും മാനാഞ്ചിറയിലുമായിരുന്നു. ചില ദിവസം അധ്യാപകരെ കാണുന്നതിനായിട്ട് ഇൻസ്റ്റിറ്റ്യൂട്ടിലേക്ക് കയറി ചെല്ലും. അധ്യാപകനായ ജോസഫ് ആന്റണി സർ ഒരു ദിവസം ഒരത്ഭുതം കാണിച്ചു തന്നു. സാറൊരു ബ്ലോഗ് തുടങ്ങിയിരിക്കുന്നു!


പഠിച്ച ISM GIST നിന്ന് യൂണീക്കോഡിലേക്ക് കൺവെർട്ട് ചെയ്യാവുന്ന Typeit പരിചയപ്പെടുത്തി. നമുക്ക് തോന്നുന്നത് എന്തും എപ്പോൾ വേണമെങ്കിലും എഴുതാമെന്നും അത് ലോകത്തിന്റെ വിവിധ ഭാഗങ്ങളിൽ ഇരിക്കുന്ന മലയാളികൾ വായിക്കുന്നു എന്നുമൊക്കെയാണ് സാർ അന്ന് പറഞ്ഞു തന്നത്. എന്നാൽ എനിക്കും ഇതൊന്നു തുടങ്ങണമല്ലോ എന്നായി. 2003 ൽ പേന കൊണ്ടുള്ള എഴുത്ത് നിർത്തിയിരുന്നു. എഴുത്ത് കീബോർഡിലായി കഴിഞ്ഞിരുന്നു. കമ്പ്യൂട്ടർ സ്ക്രീൻ കണ്ടാലേ ഭാവന വരൂ എന്ന അവസ്ഥയുമുണ്ടായിരുന്നു!

ഒരു ഗൂഗിൾ അക്കൗണ്ട് തുറന്ന് ബ്ലോഗിൽ എഴുതാൻ തുടങ്ങി. അന്നത്തെ സോഷ്യൽ മീഡിയ പ്ലാറ്റ്ഫോമായ ഓർക്കുട്ടിൽ ചേർന്നു, അവിടെ ഒരുപാട് സുഹൃത്തുക്കളെ കണ്ടു. ലോകത്തിന്റെ വിവിധ ഭാഗങ്ങളിലുള്ള മലയാളികളെ പരിചയപ്പെട്ടു. 'സർപ്പഗന്ധി' എന്ന ബ്ലോഗിൽ ആകാശത്തിനും ഭൂമിക്കുമിടയിലുമുള്ള എന്തിനെപ്പറ്റിയും എഴുതാൻ തുടങ്ങി. എന്തിനും ഏതിനും സഹായിക്കാൻ ബ്ലോഗർമാർ. ജി മെയിലിന്റെ ചാറ്റ് ബോക്സിൽ അരികത്തെന്നപോലെ സുഹൃത്തുക്കൾ. എന്റെ എഴുത്ത് ജീവിതം ഡിജിറ്റൽ ജീവിതവുമായി ചേർന്ന് ഒഴുകാൻ തുടങ്ങി.

സോഷ്യൽ മീഡിയയിൽ പഴയ സുഹൃത്തുക്കളെ, വായനക്കാരെ, സഹപ്രവർത്തകരെ, ഗുരുക്കന്മാരെ, ബന്ധുക്കളെ കണ്ടെത്തി. പണ്ട് നേർക്കുനേരെ കണ്ടിട്ടും മിണ്ടാതിരുന്നിവരോട് ഒരുപാട് സംസാരിച്ചു. ചിലരോട് കലഹിച്ചു. ചിലരെ എന്നെന്നേക്കുമായി പുറത്താക്കി. വളരെ കുറച്ചുപേരോട് ഹൃദയൈക്യം പുലർത്തി.

പണ്ട്, പതിവായി കവലയിലേക്ക് പോയിരുന്നു ഞാൻ. മുറുക്കുന്നത്ത എന്നു ഞങ്ങൾ വിളിച്ചിരുന്ന മുത്തച്ഛനോടൊപ്പമായിരുന്നു ആ യാത്രകൾ തുടങ്ങിയത്. അഞ്ചോ ആറോ വയസ്സുള്ളപ്പോൾ തുടങ്ങിയ ആ നടപ്പ് ഇരുപത്തിയൊന്നുവയസ്സുവരെ തുടർന്നു. ആദ്യം മുറുക്കുന്നത്തയ്ക്കൊപ്പം ഒരു പരിപ്പുവട മോഹി






ച്ചായിരുന്നവെങ്കിൽ പിന്നെയത് ഉത്തരവാദിത്വമാവുകയായിരുന്നു. ഒറ്റയ്ക്കായിരുന്നു പോക്കുവരവുകൾ. വീട്ടിൽ ആൺകുട്ടികൾ ഇല്ലായിരുന്നതുകൊണ്ട് സ്വാഭാവികമായും കടയിൽ പോക്ക് എന്റെ തലയിൽ വന്നു വീഴുകയായിരുന്നു. ആറുവയസ്സുകാരി തലയുയർത്തിപ്പിടിച്ച് ചുറ്റുപാടുകളെ മുഴുവൻ നോക്കി തുള്ളിച്ചാടിയായിരുന്നു കവലയിലേക്ക് പോയിരുന്നത് എങ്കിൽ കൗമാരത്തിൽ ആളുകൂടിനിന്നിടം (പ്രത്യേകിച്ച് പാലത്തിന്റെ കൈവരിയിലിരിക്കുന്നവർക്കു മുന്നിൽ) എത്തുമ്പോൾ തലകുനിച്ച് എങ്ങും നോക്കാതെ ഒറ്റപ്പോക്കായിരുന്നു. ദിവസത്തിൽ ഒരുവട്ടമെങ്കിലും കവലയിൽ പോകേണ്ടിയിരുന്നു. വീട്ടുസാധനങ്ങൾ മേടിക്കാൻ, ആഴ്ചപ്പതിപ്പുകൾ മേടിക്കാൻ, കശുവണ്ടിയോ കുരുമുളകോ കാപ്പിയോ ഒക്കെ വിറ്റു കാശുമേടിക്കാൻ..കവല ഒരു പൊതു ഇടമായിരുന്നു. പലതരം ആളുകൾ, പലതരം കച്ചവടങ്ങൾ, പലതരം വർത്തമാനങ്ങൾ..സത്യത്തിൽ അതൊരു പുരുഷ ഇടമായിരുന്നു. കൈവരിയിലിരിക്കുന്ന ചെറുപ്പക്കാരോട് എനിക്ക് അസൂയ തോന്നിയിരുന്നു. കാരണം അതുപോലെ എനിക്കും ഇരിക്കണമെന്നുണ്ടായിരുന്നു. എന്റെ ചിന്തകളും ആശയങ്ങളും കുശുമ്പും കുന്നായ്മയുമൊക്കെ പോക്കുവെയിലേറ്റിരുന്ന് സംസാരിക്കണമെന്ന് മോഹിക്കുമായിരുന്നു. പക്ഷേ കവല എന്ന പൊതുയിടത്തിൽ നാവിനെ അടക്കി നിർത്തേണ്ടവളായിരുന്നു സ്ത്രീ എന്നും. ഞങ്ങളുടെ പൊതുവിടമായത് കുളിക്കടവ് മാത്രമായിരുന്നു. അവിടെയാണെങ്കിൽ പൊടിപ്പും തൊങ്ങലും വെച്ച കഥകൾക്കേ സ്ഥാനമുണ്ടായിരുന്നുള്ളൂ.

മുതിർന്നപ്പോൾ പൊതുവിടം ഇല്ലാത്തവളാണ് സ്ത്രീ എന്ന് ബോധ്യപ്പെട്ടു. പക്ഷേ, ഞങ്ങൾ ഭാഗ്യവതികളാണെന്ന് വൈകാതെ തിരിച്ചറിവായിരിക്കുന്നു. ചുമ്മാ കണ്ട സ്വപ്നങ്ങൾ യാഥാർത്ഥ്യമായിരിക്കുന്നു. സോഷ്യൽ മീഡിയ എന്ന കവലിയിൽ ധൈര്യപൂർവ്വം തലയുയർത്തിപ്പിടിച്ച് നിൽക്കുന്നു. എന്റെ ആശയങ്ങളും ചിന്തകളുമൊക്കെ കൂടെ നിൽക്കുന്നവരോട് പങ്കുവെക്കുന്നു. ഇവിടുത്തെ കൈവരിയിലിരുന്ന് വഴിയേ പോകുന്നവരെ ഇഷ്ടത്തോടെ നോക്കുന്നു(like).

ചിലരെ കണ്ടില്ലെന്നു നടിക്കുന്നു. ചിലരെയൊന്ന് തോണ്ടുന്നു(poke). ചിലരയങ്ങ് കമന്റുന്നു(comments). ചിലപ്പോൾ ശക്തമായ വാദപ്രതിവാദങ്ങളിൽ ഏർപ്പെടുന്നു. പാലത്തിന്റെ കൈവരിയിലിരിക്കുമ്പോൾ ഒരു കുഴപ്പമുണ്ട്, ശ്രദ്ധിച്ചിരുന്നില്ലെങ്കിൽ താഴെ വെള്ളത്തിലേക്ക് വീണുപോകും. നീന്തലറിയാമെങ്കിൽ കരയ്ക്കുകയറാം. ഇല്ലെങ്കിൽ ഒഴുക്കിൽപെട്ട് പോയതുതന്നെ. അതുകൊണ്ട് സോഷ്യൽ മീഡിയ കവലയിലെ കൈവരിയിലിരിക്കുമ്പോഴും ഇതെന്റെ പൊതുവിടമാണെന്ന് ഉറക്കെ പ്രഖ്യാപിക്കുന്നതിനൊപ്പം ജാഗരൂകയും കൂടിയാണ്.

സോഷ്യൽ നെറ്റ്വർക്കിംഗ് സൈറ്റുകളൊന്നും എന്റെ സ്വകാര്യമേയല്ല. ചിലരെങ്കിലും അങ്ങനെ കരുതുന്നുണ്ട്. ഒരു ഫോട്ടോ കൊടുക്കുമ്പോൾ തീർച്ചയായും അത് സ്വകാര്യ ആൽബത്തിലേക്കല്ല, കവലയിലെ മതിലിൽ പതിച്ച സിനിമാപോസ്റ്റർ പോലെയാണ്. പക്ഷേ, ആ ഫോട്ടോയുമെടുത്തൊരുവൻ കല്യാണം മുടക്കാൻ വരും എന്നു വിചാരിക്കാൻ മാത്രം മണ്ടിയല്ല ഈ ഡിജിറ്റൽ യുഗത്തിൽ ഞാൻ.

യഥാർത്ഥലോകത്ത് ഒരുവൾക്ക് കിട്ടാത്ത സ്വാതന്ത്ര്യം, ഉറന്നെഴുത്തിനുള്ള അവസരം ഈ പ്രതീതി ലോകത്ത് കിട്ടുന്നുണ്ട്. മുഖത്തോടു മുഖം കാണാനാവാത്തവർ തമ്മിൽ കണ്ടുമുട്ടുന്നിടമാണ്. മുഖത്തോടു മുഖം കണ്ടാൽ പറയാനാവാത്ത പലതും ഇവിടെ മുഖം നോക്കാതെ പറയാനാവുന്നു. തീർച്ചയായും പൊതുവിടം നഷ്ടപ്പെട്ടവർക്ക് കിട്ടു



ന്ന പുതുലോകമാണിത്.

ശരിയാണ് അപകടങ്ങളുണ്ട്. ഏകാന്തത അനുഭവിക്കുന്ന ഒരാൾക്ക്, വീട്ടിൽ നിന്നോ സമൂഹത്തിൽ നിന്നോ അംഗീകാരം കിട്ടാത്ത ഒരാളേ സംബന്ധിച്ച് ഇവിടെ വന്ന് ഇൻബോക്സ്, മെസ്സഞ്ചറിൽ ചാറ്റ് തുടങ്ങിയാൽ ഒരുപക്ഷേ അപകടത്തിൽ പെട്ടേക്കാം. ഒറ്റപ്പെടലിനെ മറികടക്കാൻ ശ്രമിക്കേണ്ടത് ചാറ്റിലൂടെ പരിചയമില്ലാത്തൊരാളുമായല്ല. സാമ്പത്തികമായി, വൈകാരികമായി, മാനസികമായി അങ്ങനെ പലതരം മുതലെടുപ്പുകൾ ഉണ്ടായേക്കാം. ഇത്രയൊക്കെ പറയുന്ന ഞാനും ചിലനേരങ്ങളിൽ ശരിയായ പരിചയമില്ലാത്തവരിൽ പെട്ടുപോയിട്ടുണ്ട്. പക്ഷേ, മറികടക്കാനുള്ള ശക്തിയുണ്ടായിരുന്നു. എത്ര ശ്രദ്ധിച്ചാലും നമ്മുടെ വഴികൾ ശരിയായിക്കൊള്ളണമെന്നില്ല. മനുഷ്യരാണ്. ഉള്ളിൽ നിർമ്മിക്കപ്പെടുന്നതാണ് ചിന്തകൾ. മനസ്സും ചിന്തയും ഒരേവഴിക്കു സഞ്ചരിക്കണമെന്നില്ല.

"അനിയന്ത്രിതമായ് ചിലപ്പൊഴീ മനമോടാത്ത കുമാർഗ്ഗമില്ലെടോ"- എന്ന് സമാധാനിച്ച് ആശാനെ തൊടുന്നു.

ഈ ഡിജിറ്റൽ വനത്തിൽ മുഴുകിയപ്പോൾ, അതിന്റെ അത്ഭുതങ്ങളും അതിന്റെ കെണികളും കണ്ടു നിന്നിട്ടുണ്ട്. ഡിജിറ്റൽ മാർക്കറ്റിംഗ്, സോഷ്യൽ മീഡിയ, വെർച്വൽ സൗഹൃദങ്ങൾ എന്നിവ പുതിയ വാതിലുകൾ തുറന്നു തന്നിട്ടുണ്ട്. അതേസമയം വഞ്ചനയും സ്വകാര്യതാ ലംഘനങ്ങളുമായി ഇടയ്ക്കിടെ ഉണ്ടാകുന്ന അനുഭവങ്ങൾ ഈ പുതിയ ലോകം അപകടങ്ങളില്ലാത്തതല്ലെന്ന് എന്നെ ഓർമ്മിപ്പിച്ചുകൊണ്ടിരിക്കുന്നു.

ഡിജിറ്റൽ യുഗത്തിലെ ഏറ്റവും വലിയ ആശങ്കകളിലൊന്ന് സ്വകാര്യതയാണ്. നമ്മുടെ ഓൺലൈൻ പ്രവർത്തനങ്ങൾ സ്വകാര്യമാണെന്ന് നമ്മൾ വിശ്വസിച്ചേക്കാമെങ്കിലും, നമ്മുടെ ഡാറ്റകൾ വിവിധ സ്ഥാപനങ്ങൾ ശേഖരിക്കുകയും വിശകലനം ചെയ്യുകയും ഉപയോഗിക്കുകയും ചെയ്യുന്ന എന്നതാണ്

**യഥാർത്ഥലോകത്ത് ഒരുവൾക്ക് കിട്ടാത്ത സ്വാതന്ത്ര്യം, തുറന്നെഴുത്തിനുള്ള അവസരം ഈ പ്രതീതി ലോകത്ത് കിട്ടുന്നുണ്ട്. മുഖത്തോടുമുഖം കാണാനാവാത്തവർ തമ്മിൽ കണ്ടുമുട്ടുന്നിടമാണ്. മുഖത്തോടുമുഖം കണ്ടാൽ പറയാനാവാത്ത പലതും ഇവിടെ മുഖം നോക്കാതെ പറയാനാവുന്നു. തീർച്ചയായും പൊതുവിടം നഷ്ടപ്പെട്ടവർക്ക് കിട്ടുന്ന പുതുലോകമാണിത്.**

സത്യം. ഡിജിറ്റൽ ലോകം ഒരു സങ്കീർണ്ണ ആവാസവ്യവസ്ഥയാണ്. നമുക്ക് അറിയാൻ പോലും കഴിയാത്ത വിധത്തിൽ നമ്മുടെ പ്രവർത്തനങ്ങൾ നിരീക്ഷിക്കുകയും ട്രാക്ക് ചെയ്യുകയും ചെയ്യുന്നു.

ഇന്ന് എന്റെ മൊബൈൽ ഫോണിൽ കിട്ടാത്ത ഒന്നുമില്ല. ചിലനേരം അനവധി ഡിജിറ്റൽ ചന്തകളിലൂടെ ഞാൻ സഞ്ചരിക്കുന്നു. പണം യഥാർത്ഥ രൂപത്തിൽ വല്ലപ്പോഴും മാത്രമാണ് കാണുന്നത്. ബസ് ടിക്കറ്റ് എടുക്കുന്നതിന്, ഓട്ടോ യാത്രയ്ക്ക്, സൈക്കിളിൽ മീനുമായി വരുന്നയാൾക്ക്... ഇങ്ങനെ ചിലയിടങ്ങളിൽ മാത്രമാണ് ഞാൻ പണം പണമായി നൽകുന്നത്. കുറച്ചുദിവസം മുമ്പ് ഒരു റീഫിൽ വാങ്ങിയപ്പോൾ അതിന്റെ വിലയായ മൂന്നു രൂപ ഗൂഗിൾപേ ചെയ്തതോർക്കുന്നു.

മാഗ്സ്റ്ററിൽ ഞാൻ ആഴ്ചപ്പതിപ്പുകൾ വായിക്കുന്നു. സ്റ്റോറിടെല്ലിൽ നോവൽ കേൾക്കുന്നു. രേഖകൾ ഡിജി ലോക്കറിലാക്കിയിരിക്കുന്നു. പനി വന്നാൽ ഇ സഞ്ജീവനിയിൽ ഡോക്ടറെ കാണുന്നു. പ്രൈമിലും ഹോട്സ്റ്റാറിലും യൂട്യൂബിലും മറ്റും മറ്റും സിനിമ കാണുന്നു. ക്ലാസെടുക്കാൻ ഗൂഗിൾ മീറ്റും സൂമും മറ്റും.. ഹാജറിന് മറ്റൊരു ആപ്പ്, ശമ്പളത്തിനും സർവ്വീസ് വിവരത്തിനും മറ്റൊരാപ്പ് ...

അങ്ങനങ്ങനങ്ങനെ എന്റെ മൊബൈൽ ഫോണിൽ നൂറിലേറെ ആപ്ലിക്കേഷനുകളുണ്ട്. ഈ ലോകം മുഴുവൻ ഈ വിരൽത്തുമ്പ് കൊണ്ട് എന്റെ മൊബൈൽ സ്ക്രീനിൽ കാണാൻ സാധിക്കുന്നുവെങ്കിലും 'ആപ്പ് 'കളുടെ ലോകത്ത് കുടുങ്ങി കിടക്കുകയാണല്ലോ ഞാനെന്ന് വിചാരിക്കുന്നു.

കുട്ടിക്കാലത്തെ കാടോരം ചേർന്ന നടപ്പുകളിൽ നിന്ന് ഇന്നത്തെ ഡിജിറ്റൽ ലോകം എന്റെ ജീവിതത്തെ എണ്ണമറ്റ വഴികളിലൂടെ സമ്പന്നമാക്കിയിട്ടുണ്ടെങ്കിലും, അത് സ്വകാര്യത, സുരക്ഷ, മനുഷ്യബന്ധം എന്നിവയുടെ സ്വഭാവത്തെക്കുറിച്ച് പല ചോദ്യങ്ങളും മനസിൽ ഉയർത്തിയിട്ടുമുണ്ട്.

മനുഷ്യന്റെ അസ്തിത്വത്തിന്റെ ഗതിയെ എന്നെന്നേക്കുമായി മാറ്റിമറിച്ച പാരഡൈം ഷിഫ്റ്റിന് തുടക്കമിട്ടുകൊണ്ട് ഡിജിറ്റൽ യുഗം നമ്മെ കീഴടക്കിക്കളഞ്ഞു. എന്നെ സംബന്ധിച്ചാണെങ്കിൽ ഒരിക്കൽ പരിചിതമായിരുന്ന കാടിന്റെയും കാട്ടാറിന്റെയും പ്രകൃതി, സ്ക്രീനുകളുടെയും ഉപകരണങ്ങളുടെയും വെർച്വൽ മേഖലകളാൽ മാറ്റിസ്ഥാപിക്കപ്പെട്ടു. പ്രകൃതിയിൽ മുഴുകി ചെലവഴിച്ച മണിക്കൂറുകൾ ഇപ്പോൾ ഡിജിറ്റൽ ലോകത്തിന്റെ അനന്ത സാധ്യതകൾ നാവിഗേറ്റ് ചെയ്യാൻ നീക്കിവെച്ചിരിക്കുന്നു...

അപ്പോഴും ചിന്തിക്കുന്നൊരു കാര്യമുണ്ട്. കുറച്ചുകാലത്തേക്ക് ഡിജിറ്റൽ ലോകം ഇല്ലാതാവുന്ന അവസ്ഥയ്ക്ക് സാധ്യതയുണ്ടോ? ഇന്റർനെറ്റും മൊബൈൽ ഫോണും ഇല്ലാത്ത ഒരു കാലത്തെപ്പറ്റി ഇനി ചിന്തിക്കാനാവുമോ? ഭാവി പ്രവചിക്കാൻ സാധ്യമല്ലെങ്കിലും ഭൂമിയിൽ ഒന്നും സ്ഥിരമല്ലെന്നും സുരക്ഷിതമല്ലെന്നും തിരിച്ചറിയുന്നു. അപ്പോൾ ഞാൻ അനന്തമായ ആകാശത്തിന് കീഴേ ചക്രവാളത്തിലേക്ക് നോക്കി വെറും കൈയ്യോടെ നടക്കാനിറങ്ങുന്നു... ■

Lekshmy Sreekumar
KSMDB College, Sasthamkotta

# The wave does sing

The wave does sing
In her seeking of night's delight,
to breathe the fragrance of the midnight wonder,
I rose up,
flew high,
so high—
a heavenly wave.

Within me, roars of thunder,
crystals of sparkling sand,
all those fine particles
bound in a bundle of desire.

I rose up, so high,
only to fall down mercilessly,
to scatter into a billion droplets.
To rise, I fall—
and to fall, I rise.
In this endless rhythm,
somewhere I am lost,
and somewhere I am found
in the vastness of the blue.

ഡോ. അബ്ദുസമദ് കെ. ടി.
ദേവസ്വം ബോർഡ് കോളേജ്, തലയോലപ്പറമ്പ്

# 'ഇവരെ പടച്ചുവിട്ട കാലത്തിന് പത്തിൽ പത്ത്'

1970കളിൽ ന്യൂയോർക്കിലെ ബ്രോങ്ക്സിൽ രൂപംകൊള്ളുകയും തുടർന്ന് ആഫ്രിക്കൻ, അമേരിക്കൻ, ലാറ്റിൻ അമേരിക്കൻ, കരീബിയൻ സമൂഹങ്ങളിലെല്ലാം വലിയ സ്വീകാര്യത ലഭിക്കുകയും ചെയ്ത ജനപ്രിയ സാംസ്കാരികപ്രസ്ഥാനമാണ് ഹിപ് - ഹോപ്പ്. MCing (റാപ്പിംഗ്), DJing, ബ്രേക്കിംഗ് (നൃത്തം), ഗ്രാഫിറ്റി ആർട്ട് എന്നിങ്ങനെയുള്ള ഉപവിഭാഗങ്ങളുള്ള ഈ പ്രസ്ഥാനവുമായി ബന്ധപ്പെട്ട സംസ്കാരം, സംഗീതം, ഫാഷൻ, ജീവിതശൈലി എന്നിവയെ സൂചിപ്പിക്കുന്ന ഒരു വിശാലമായ പദമായാണ് ഹിപ്-ഹോപ്പ് പരിഗണിക്കപ്പെട്ടുപോരുന്നത്.

യുവാക്കൾക്കിടയിൽ വലിയ സ്വീകാര്യതയുള്ള ഹിപ്-ഹോപ്പ് അരികുവൽക്കരിക്കപ്പെട്ട സമൂഹങ്ങളെ കേന്ദ്രമാക്കുകയും പ്രാദേശിക ശൈലികളെ സ്വാംശീകരിക്കുകയും ചെയ്തു. അധികാരത്തിനെതിരെയുള്ള ശബ്ദം ഉറക്കെയുറപ്പിക്കുകയും പാർശ്വവൽകൃത സമൂഹത്തിന്റെ പോരാട്ടങ്ങളെ പ്രതിഫലിപ്പിക്കുകയും വഴി ലോകമെമ്പാടും എൺപതുകളും തൊണ്ണൂറുകളും ഹിപ് - ഹോപ്പ് സംഗീതത്തിന്റെ സുവർണ്ണകാലമായിരുന്നു. രണ്ടായിരം തൊട്ടുള്ള കാലത്തിൽ വാണിജ്യവൽക്കരണത്തിന്റെ പുതിയ രീതികളിലൂടെ സഞ്ചരിച്ച ഹിപ് - ഹോപ്പ് മലയാളമടക്കമുള്ള മിക്ക പ്രാദേശിക ഭാഷകളിലേക്കും പതിയെ എത്തിച്ചേർന്നു. ഹിപ് - ഹോപ്പിന്റെ ഉപവിഭാഗമായ റാപ്പ് ആണ് മലയാളത്തിൽ കാര്യമായ പ്രചാരം നേടിയത്. എല്ലാ റാപ്പുകളും ഹിപ്-ഹോപ്പ് ആണ്, എന്നാൽ എല്ലാ ഹിപ്-ഹോപ്പും റാപ്പ് അല്ല. ഹിപ്-ഹോപ്പ് വിശാലമായ സാംസ്കാരിക പ്രസ്ഥാനമാണ്, അതേസമയം റാപ്പ് ആ പ്രസ്ഥാനത്തിലെ ഒരു പ്രത്യേക സംഗീത വിഭാഗമാണ്. താളാത്മകമായ സംസാരം, ഗാനരചയിതാപരമായ ഒഴുക്ക്, അതിനനുസൃതമായ പദപ്രയോഗങ്ങൾ മുതലായവയാണ് റാപ്പിന്റെ പൊതുരീതി.

2004-ൽ '4 ദി പീപ്പിൾ' എന്ന സിനിമയ്ക്കായി ജാസി ഗിഫ്റ്റ് ഒരുക്കിയ ഗാനങ്ങൾ മലയാളത്തിലും റാപ്പിന്റെ വരവറിയിച്ചു. ചിത്രത്തിലെ 'ലജ്ജാവതിയേ', 'നിന്റെ മിഴിമുന', 'അന്നക്കിളി', 'റെയിൻ റെയിൻ കം എഗയ്ൻ'ലെ 'തെമ്മാ തെമ്മാ തെമ്മാടിക്കാറ്റേ', 'നില്ല് നില്ല്' എന്നിങ്ങനെയുള്ള ഗാനങ്ങളെല്ലാം അന്ന് വൻ തരംഗമായി. ജാസി ഗിഫ്റ്റിലൂടെയും മറ്റും മലയാള ചലച്ചിത്ര ഗാനശാഖയിൽ ഈ രീതി തുടർന്നുപോന്നെങ്കിലും വലിയ ശ്രദ്ധ അവയ്ക്ക് കിട്ടിയിരുന്നില്ല. വരികളിലും താളത്തിലും മറ്റുമുള്ള ചട്ടതലയുണ്ടായിരുന്നെങ്കിലും അക്കാലത്തെ മിക്ക ഗാനങ്ങളുടെയും പ്രമേയങ്ങൾക്ക് സമാനമായി സ്ത്രീസൗന്ദര്യത്തിലേക്കുള്ള വിവിധ കാമുകനോട്ടങ്ങൾ തന്നെയാണ് ഈ പാട്ടുകളിലുണ്ടായിരുന്നത്. നവതരംഗസിനിമയുടെ ഭാവുകത്വമാറ്റം ഇക്കാലവുംകഴിഞ്ഞ് കുറേ വർഷങ്ങൾക്ക് ശേഷമാണ് മലയാളത്തിലെത്തിയത് എന്നതിനാൽ അതൊരു പോരായ്മയായി കരുതാനാകില്ല എന്നുപറയുമ്പോൾ തന്നെ റാപ്പിന്റെ വൈവിധ്യപ്രമേയങ്ങളിലേക്ക് പോകാനായില്ല എന്ന യാഥാർത്ഥ്യം ഈ പാട്ടുകൾ



അവശേഷിപ്പിക്കുന്നുണ്ട്.

കോവിഡാനന്തര കാലമാണ് ഇതിൽ ഒരു മാറ്റം ഉണ്ടാക്കിയത്. പാൻഡെമിക്കിന് ശേഷമിറങ്ങിയ സിനിമകളിലും ലൈവായി അരങ്ങേറുന്ന സംഗീതമേളകളിലും വലിയ സ്വീകാര്യത ഇത്തരം പാട്ടുകൾക്ക് ലഭിച്ചു. കോവിഡാനന്തരം സാങ്കേതിക മേഖലയിലുണ്ടായ കുതിച്ചുചാട്ടവും സ്മാർട്ട്ഫോണുകളുടെ വർധിച്ച സൗകര്യങ്ങളും ആപ്പുകളുടെ ഉപയോഗത്തിലുള്ള ചിരപരിചിതത്വവും ഈ സ്വീകാര്യതയുടെ പിറകിൽ പ്രവർത്തിച്ച പ്രധാന കാരണങ്ങളാണ്. സിനിമയിൽ ഉൾപ്പെടുത്താതെ പ്രൊമോഷണൽ ട്രാക്ക് ആയി മാത്രം നിർമ്മിക്കപ്പെട്ട ഗാനങ്ങൾ പോലും ലക്ഷക്കണത്തിന് മനുഷ്യരുടെ ഇഷ്ടഗാനമായി മാറി. ഒരു സിനിമയുടെയും ഭാഗമല്ലാതെ കേവലം ആൽബമായി അപ്ലോഡ് ചെയ്യപ്പെട്ട പാട്ടുകൾ പോലും വലിയ തരത്തിൽ സ്വീകരിക്കപ്പെട്ടു. കാസറ്റ്, സി. ഡി. കാലത്ത് അഞ്ചോ ആറോ പാട്ടുകളെങ്കിലും ഉണ്ടായാലേ ഒരു ആൽബം സാധ്യമാകൂ എന്നിടത്തു നിന്ന് ഒരൊറ്റ പാട്ടാണെങ്കിലും അപ്ലോഡ് ചെയ്യാനുള്ള സാധ്യതകളുണ്ടായി. അങ്ങനെയുള്ള ചില പാട്ടുകൾ ലക്ഷക്കണക്കിന് കാഴ്ചക്കാരെ (സംഗീതം ശ്രാവ്യകല എന്ന നിലയിൽ നിന്ന് അർത്ഥാസ്വാദനപൂർത്തീകരണത്തിൽ ദൃശ്യ പരിചരണം കൂടി ആവശ്യപ്പെടുന്ന ഒന്നായി സാമൂഹ്യമാധ്യമകാലത്ത് മാറുന്നുണ്ട്) വളരെവേഗം സൃഷ്ടിക്കുകയും ചെയ്യുന്നുണ്ട്.

2022ൽ പുറത്തിറങ്ങിയ 'തല്ലുമാല' എന്ന എന്ന സിനിമയുടെ ഭാഗമായി പുറത്തിറക്കിയ മണവാളൻ തഗ് ഇതിന്റെ മികച്ച ഉദാഹരണമാണ്. 10 കോടിയിലേറെ കാഴ്ചക്കാരാണ് യൂട്യൂബിൽ മാത്രം ആ പാട്ടിനുള്ളത്. ഇൻസ്റ്റാഗ്രാം റീൽസുകളിലെ എണ്ണവും മറ്റു സ്ട്രീമിങ് ആപ്പുകളിലെ കണക്കും ഇതിന് പുറമെയാണ്. സാധാരണ മനുഷ്യർക്ക് ചിരപരിചിതമായ ജീവിത സന്ദർഭങ്ങളെയും സംസ്കാരത്തെയും തങ്ങൾക്ക് പിടികിട്ടുന്ന ഭാഷയിൽ പറയാൻ ശ്രമിച്ചതാണ് ഈ വലിയ സ്വീകാര്യതയ്ക്ക് കാരണമായത്. ബ്രിട്ടീഷ് മ്യൂസിക് സോഷ്യോളജിസ്റ്റായ സൈമൺ ഫ്രിത്ത് റോക്ക് സംഗീതത്തെ മുൻനിർത്തിയുള്ള ആലോചനകളിൽ വിവിധ സാമൂഹിക മൂല്യങ്ങൾ, സ്വത്വമാതൃകകൾ എന്നിവ റോക്ക് സംഗീതം രൂപപ്പെടുത്തുന്നത് അതിന്റെ സാംസ്കാരിക പ്രാധാന്യമായി ചൂണ്ടിക്കാണിക്കുന്നുണ്ട്. സംഗീതത്തെ കേവലം ഉപഭോഗ വസ്തു എന്നതിലുപരി ഒരു സാംസ്കാരിക പ്രയോഗമായി മനസ്സിലാക്കണമെന്ന വാദമാണ് അദ്ദേഹം മുന്നോട്ട് വെച്ചത്. തല്ലുമാലയിലെ ഈ പാട്ടിൽ മലബാർ മാപ്പിള സംസ്കാരവും അതിന്റെ തനതായ നാട്ടുഭാഷയും വാമൊഴിവഴക്കവും മനോഹരമായി ഉൾച്ചേരുന്നത് കാണാം. മാപ്പിളപ്പാട്ടും അതിലൂടെ ആവിഷ്കൃതമാകുന്ന മാപ്പിള സംസ്കാരവും മലയാളസിനിമാഗാനങ്ങളിൽ പുതിയതല്ല. നീലക്കുയിലിലെ പാട്ടുകൾ തൊട്ട് ശ്രദ്ധേയമായ

നിരവധി പാട്ടുകൾ അത്തരത്തിൽ ചൂണ്ടികാണിക്കാനാവും. പതിഞ്ഞ താളത്തിൽ കല്ലായിപ്പുഴ പോലെ ഒഴുകിയിരുന്ന ആ പാട്ടുകൾ പുതിയ കാലത്തിന്റെ ദ്രുതവേഗത കൈവരിക്കുന്നത് ഈ പാട്ടിൽ കാണാം.

കജ്ജുക്ക്, കജ്ജില്, മൊഞ്ച്, ലങ്കിമറിയൽ, പോരിശ തുടങ്ങി മലബാർ മാപ്പിള വഴക്കത്തിന്റെ ജീവിതമുദ്രകൾ പാട്ടിൽ നിന്ന് കണ്ടെടുക്കാം. പാട്ടിൽ ആവർത്തിച്ച വരുന്ന 'സുഗ്ഗുണ്ടയ്യൊരു സെരിയുണ്ട്' എന്ന വരി നൈക്ക് ഷൂവിലെ ചിരപരിചിതമായ ശരിയുടെ ചിഹ്നത്തെയാണ് പ്രതിനിധാനം ചെയ്യുന്നത് എന്നാണ് കരുതപ്പെട്ടിരുന്നത്. എന്നാൽ ജൻഡർ വ്യത്യാസമില്ലാതെ എന്ത് ധരിക്കണം എന്ന് ഓരോരുത്തർക്കും നിശ്ചയിക്കാനുള്ള ശരിയെയാണ് താൻ ഉദ്ദേശിച്ചത് എന്ന് രചയിതാവായ ഡബ്സി തന്നെ പറയുന്നുണ്ട് (ഗ്രീഷ്മ ജോർജുമായി ഡബ്സി നടത്തിയ അഭിമുഖം, മലയാള മനോരമ ഓൺലൈൻ, 2022 ഓഗസ്റ്റ് 24). സ്വത്വബോധത്തിൽ അധിഷ്ഠിതമായ പുതിയ സ്വാതന്ത്ര്യ പ്രഖ്യാപനങ്ങളെയാണ് ഇത്തരം വരികൾ ഉൾവഹിക്കുന്നത്. തല്ലുമാലയുടെ ക്രെഡിറ്റ് റോൾ സോങ് ആയി ഉൾപ്പെടുത്തിയ മാലപ്പാട്ടും ഇത്തരമൊരു രീതി തന്നെയാണ് പിന്തുടരുന്നത്. പുണ്യാത്മാക്കളുടെ അപദാനങ്ങൾ വാഴ്ത്തുന്ന കീർത്തനങ്ങളാണ് മാലപ്പാട്ടുകൾ എന്ന പരമ്പരാഗത നിർവചനത്തെ ആദ്യമേ തകിടം മറിക്കുന്നുണ്ട് ഈ പാട്ട്. പ്രതിപാദിക്കപ്പെടുന്ന വ്യക്തിയുടെ ജീവിതനന്മ, ഗുണവിശേഷങ്ങൾ, കൽപ്പനകൾ തുടങ്ങിയവയാണ് സാധാരണ മാലപ്പാട്ടുകളിൽ പ്രതിപാദിക്കപ്പെടാറുള്ളത് എന്ന മുൻസങ്കല്പങ്ങളെയെല്ലാം ഈ പാട്ട് പൊളിച്ചെഴുതുന്നു. ബർക്കത്ത് ഉള്ള ഒരു നല്ല ദിവസത്തിൽ പോലും വഴക്കിടുന്ന രണ്ടു പേരാണ് ഈ പാട്ടിലുള്ളത്. അതിൽ ഒരാൾ വെളുക്കനെ ചിരിക്കുന്നോനും മറ്റൊരാൾ പത്തിരി മോറുള്ളവനുമാണ്. വെളുക്കനെ ചിരിക്കുക എന്ന പ്രയോഗം പോലും ചിരിയുടെ സൗന്ദര്യമായല്ല, വിപരീതാർത്ഥത്തിൽ വൈരൂപ്യമെന്ന നിലയിലാണ് പാട്ടിൽ അവതരിപ്പിക്കപ്പെടുന്നത്.

തീരദേശ ജനതയുടെ കടലിനെ ആശ്രയിച്ചുള്ള ജീവിതത്തിന്റെ അനിശ്ചിതാവസ്ഥയും അതിജീവനശ്രമങ്ങളും 'കൊണ്ടൽ' സിനിമയിലെ 'കടലമ്മ കരഞ്ഞല്ലേ പെറ്റത്' എന്ന് തുടങ്ങുന്ന റാപ്പിൽ വേടൻ ചിത്രീകരിക്കുന്നുണ്ട്. മീനും ചോരയും മണക്കുന്ന കടലിൽ നിന്ന് തിരിച്ച് കരയിലെത്താനാകുമോ എന്ന കടൽജീവിതത്തിന്റെ അപ്രവചനീയത എല്ലാ യാത്രയിലും ഏത് സമയത്തും മത്സ്യത്തൊഴിലാളികളുടെ കൂടെയുണ്ട്. വെള്ളത്തിൽ വരച്ച വരപോലെ കൺമുമ്പിൽ മാഞ്ഞു പോകാൻ എപ്പോഴും സാധ്യതയുള്ള ജീവിതത്തെ യഥാർത്ഥ തീരദേശ ജനതയുടെ വ്യവഹാരങ്ങളിലില്ലാത്ത ചില മിത്തുകളുടെ പിൻബലത്താലല്ലാതെ ഇത്രയും യാഥാർത്ഥ്യബോധത്തോടെ മലയാള സിനിമാഗാനം ഇതുവരെ ചിത്രീകരിച്ചിട്ടില്ല. നീണ്ടുകിടക്കുന്ന നീലക്കടലിന്റെ ഭംഗിയും വ്യാപ്തിയും തിരമാലകളുടെ ചലനവേഗവും കടൽതീരത്തിരുന്നുള്ള ദുഃഖനെടുവീർപ്പുകളും അറബിക്കഥയിലെ രാജകുമാരി സുഖമായി വാഴുന്നോ എന്ന അന്വേഷണവും കടലിനക്കരെ കാണാപ്പൊന്ന് തേടി പോണോരോട് പോയിവരുമ്പോൾ എന്ത് കൊണ്ടുവരുമെന്ന ചോദ്യവുമൊക്കെയായി കഴിഞ്ഞിരുന്ന ഗാനങ്ങൾ കാര്യമായി കടലിലേക്കിറങ്ങിയിരുന്നുമില്ല. കടലിന്റെ രൗദ്രഭാവത്തെ മത്സ്യത്തൊഴിലാളി ജീവിതത്തിലേക്ക് കൂടി സമർത്ഥമായി ഈ പാട്ട് കടത്തിവിടുന്നുണ്ട്.

സൈമൺ ഫ്രിത്തിന്റെ മറ്റൊരു






ആലോചനാവിഷയം റോക്ക് സംഗീതം മുന്നോട്ടു വെക്കുന്ന യുവജന സംസ്കാരത്തെ മുൻനിർത്തിയുള്ളതാണ്. യുവത്വം ഇത്തരം ഗാനങ്ങളിലൂടെ എങ്ങനെ തങ്ങളുടെ സ്വത്വത്തെ സ്വയം പ്രഖ്യാപിക്കുന്നു എന്നും അധികാരത്തിന് എതിരായ പ്രതിഷേധത്തെ രേഖപ്പെടുത്തുന്നു എന്നും ഫ്രിത്ത് അന്വേഷിക്കുന്നുണ്ട്. 2024ൽ പുറത്തിറങ്ങിയ 'ആവേശം' എന്ന സിനിമയിലെ ഏതാണ്ടെല്ലാ ഗാനങ്ങളും യുവത്വത്തിന്റെ റാപ്പ് ജിഹ്വകളാണ്. ഒരു അരക്ഷിതാന്തരീക്ഷത്തിൽ തങ്ങൾക്ക് രക്ഷകനായി അവതരിച്ച ആളോടുള്ള ആരാധന 'ഇല്ലുമിനാറ്റി' എന്ന ഗാനത്തിൽ സിനിമയിലെ പുതുതലമുറ നിരന്തരം പ്രകടിപ്പിക്കുന്നത് കാണാം. ഒന്ന് കാലെടുത്ത് വെച്ചാൽ സ്വർഗ്ഗത്തെ പോലും അണ്ടർവേൾഡ് ആക്കാനാകുന്ന 'അണ്ണന്' ദൈവനിർമ്മിതിയിൽ പോലും കൈകടത്തി നിർമ്മിതികളെ മാറ്റിമറിക്കാനാകും. അണ്ണൻ പേനാകത്തി കൊണ്ട് വിദ്യാരംഭം കുറിച്ചവനും കട്ടച്ചോര കൊണ്ട് ജ്യൂസ്, സോഡാ സർബത്ത് എന്നിവ ഉണ്ടാക്കുന്നവനുമാണ്. 'ആർമാദം' എന്ന ഗാനത്തിൽ സ്നേഹം വന്നാൽ മധുരത്തേനായും കോപം കൊണ്ടാൽ വില്ലനായും മാറുന്ന അണ്ണനെ വീണ്ടും ചിത്രീകരിക്കുന്നുണ്ട്. അയാൾ ഇരുകണ്ണിനുഴകായും പുരുഷത്വത്തികവായും വർണനയാൽ വീണ്ടും വലുതാക്കപ്പെടുകയാണ്. രചയിതാക്കൾ ബഹുഭൂരിപക്ഷവും പുരുഷന്മാർ ആകുമ്പോഴും പെണ്ണുടലിന്റെ സൗന്ദര്യസങ്കൽപ്പത്തെ മാത്രം കണ്ടുപരിചയിച്ചിരുന്ന മലയാള സിനിമാഗാനങ്ങളിൽ ഇത്തരം പുരുഷത്വത്തികവുകൾ അധികം കാണാനാകില്ല. വടക്കൻ പാട്ടുകളിൽ, പുത്തൂരം വീട്ടില് ജനിച്ചോരിൽ പൂപോലഴകുള്ളോരായി നിൽക്കുന്നത് സ്ത്രീകളാണ്. ആണുങ്ങളായി ജനിച്ചോരെല്ലാം അങ്കം ജയിച്ചവരാകുന്നിടത്ത് വീര്യമായാണ് പുരുഷന്മാർ പ്രതിപാദിക്കപ്പെടുന്നത്. കാമുകനെ ഇതിഹാസങ്ങളിലെ പുരുഷകഥാപാത്രങ്ങളോട് ആകാരഭംഗിയാൽ സാദൃശ്യപ്പെടുത്തുന്ന കാമുകിമാരും ഏറിയാൽ മാനത്തുന്നെങ്ങാനും വന്നതാണോ കുന്നത്ത് സൂര്യൻ ഉദിച്ചതാണോ എന്നൊക്കെയുള്ള സംശയമേ ചോദിച്ചുള്ളൂ. ഇതോടൊപ്പം 'തോറ്റടിഞ്ഞ ഡാൻസിറാണി - പാട്ടൊഴിഞ്ഞ ആകാശവാണി - തോട്ടുവക്കത്താടി നിക്കണ കാറ്റാടി'യായി സൂപ്പർ ശരണ്യ നിൽക്കുന്നതും ഇത്തരത്തിൽ ഒരു വ്യത്യസ്ത കാഴ്ചയാണ്. ചന്ദ്രസദൃശ്യമായ മുഖത്തോടെയും വെണ്ണ തോൽക്കുന്ന അവയവമാർദവത്തോടെയും പലവിധ പൂക്കളാലുമൊക്കെ ഉപമിക്കപ്പെട്ടിരുന്ന പെണ്ണുടൽ ഇങ്ങനെയുമാകാമെന്ന് റാപ്പ് നമ്മെ ഓർമ്മിപ്പിക്കുന്നു.

പുതിയ മലയാളം റാപ്പ് ഗാനങ്ങളിൽ യുവത്വം തങ്ങളുടെ നേരെയുള്ള അധികാരസ്ഥാപന ശ്രമങ്ങളെ പലവിധത്തിൽ എതിർക്കുന്നത് കാണാം. അധികാരരൂപങ്ങളിൽ കുടുംബം എന്ന വ്യവസ്ഥയാണ് മലയാളം റാപ്പുകളിൽ മിക്കപ്പോഴും പ്രതിസ്ഥാനത്ത് നിൽക്കുന്നത്. പുച്ഛമായും പ്രതിഷേധമായും ഏറ്റു പറച്ചിലായുമെല്ലാം അത് പ്രത്യക്ഷപ്പെടുന്നുണ്ട്. 'ആവേശ'ത്തിൽ തന്നെയുള്ള 'ജാഡ' എന്ന ഗാനം താങ്കളുടെ നേരെ മുഖംചുളിക്കുന്ന മുഴുവൻ മനുഷ്യരെയും പുച്ഛത്തോടെ നേരിടുന്ന ഒന്നാണ്. ഗാനത്തിൽ ആദ്യമുള്ള അഭിസംബോധനയിൽ തന്നെ കുലീനരെയും ഉദാത്തരെയും ശുദ്ധമർത്യരെയും അഭിസംബോധന ചെയ്യുന്നതിലൂടെ തന്നെ അത് വ്യക്തമാകും. താഴെ വീണത് കണ്ടു പല്ല് ഇളിച്ചവർക്കും ഏറ്റ തോൽവി കണ്ട് നോക്കി നിന്നവർക്കും പെട്ട മാനഹാനി ആസ്വദിച്ചവർക്കും തീർന്നുപോകുമെന്ന് മുൻവിധിച്ചവർക്കും ശക്തിയുള്ളവന്റെ കുടപിടിക്കുന്നവർക്കും നേരെ അൽപ്പർ, മൂഢർ, മൂകർ എന്നിങ്ങനെയുള്ള വിശേഷണങ്ങൾ കൊടുക്കുന്നതിൽ തന്നെ നയം വ്യക്തമാണ്. അന്യജീവിതത്തിലേക്ക് കണ്ണുകൾ തിരിച്ചുവെക്കുമ്പോഴും ശുദ്ധമർത്യനെന്ന നാട്യം ചമയുന്ന ചുറ്റുപാടിലെ എല്ലാ തന്തവൈബിനെയുമാണ് പാട്ട് തുറന്നുകാട്ടുന്നത്.

മാതാപിതാക്കളേ മാപ്പ് എന്ന ഗാ

നത്തിന്റെ തുടക്കം ഒരു ഏറ്റുപറച്ചിലിലാണെങ്കിലും പിന്നീടങ്ങോട്ട് യുവത്വത്തിന്റെ സ്വാതന്ത്ര്യപ്രഖ്യാപനമാണ്. ഇനിയങ്ങോട്ട് തന്നിഷ്ടക്കുത്തായിരിക്കുമെന്നും ഉന്നം മറന്ന പോക്കായിരിക്കുമെന്നും ഇത് തന്റെ പാതയും അധികാരവുമാണെന്നും വഴിതെറ്റാൻ അവകാശമുണ്ടെന്നും സുഖ സന്തോഷമാണ് പ്രധാനമെന്നും ഗുണപാഠങ്ങൾ മതിയാക്കാനും ചെവികളിൽ ഇനി ഉപദേശം അരുതെന്നും പാട്ട് ഓർമ്മിപ്പിക്കുന്നുണ്ട്. ഇങ്ങനെ ശുദ്ധമർത്യർക്ക് വഴിതെറ്റിയ ഒരു കൂട്ടം താമസിക്കുന്ന കൊട്ടാരം 'രോമാഞ്ചം' സിനിമയിലെ 'തലതെറിച്ചവർ' എന്ന പാട്ടിൽ കാണാം. തല തെറിച്ചവർ ഒട്ടാകെ വാഴണ കൊട്ടാരത്തിൽ പെട്ടാൽ പെട്ടത് തന്നെ. ദാരിദ്ര്യത്തിന്റെ മൂർധന്യാവസ്ഥയിൽ നിൽക്കുമ്പോഴും അധ്വാനിക്കാൻ തക്ക മൂഡ് അവിടെ ആർക്കുമില്ല. പൊളി മൂഡേ ഉള്ളൂ. നേരവും കാലവും മാറുന്നത് പോലും ബോധ്യമില്ലാത്ത ആളുകളാണവിടെ.

തങ്ങളുടെ ജീവൻ ഏതോ കാലക്കേടിലാണ് എന്ന് ബോധ്യം ഉണ്ടാകുമ്പോഴും ലോകം കാണാൻ തേരാപാര നടക്കുന്ന യുവതയെ 'വാഴ'യിൽ കാണാം. ഒരു പൂ തരാമോ എന്ന അടങ്ങാത്ത ആഗ്രഹത്തിലേക്ക് മനസ്സ് സഞ്ചരിച്ച് തുടങ്ങുമ്പോൾ തന്നെ അഥവാ പൂ കിട്ടിയാൽ തന്നെ കൊടുക്കാൻ ആൾ ഇല്ലാതെ, ആൾ ഉണ്ടെങ്കിൽ തന്നെ കയ്യിൽ കായ് ഇല്ലാത്ത സ്ഥിതിയാണെന്ന യഥാർത്ഥ്യബോധത്തിലേക്കും വരാൻ അവർക്ക് ആവുന്നുണ്ട്. നെഞ്ചിനുള്ളിൽ കല്ലോ മുള്ളോ തീയോ എന്ന സന്ദേഹം പണ്ട് എല്ലാവരും ചൊല്ലിയിരുന്ന കരിങ്കല്ലിനെ മാത്രമാക്കി വിടുതൽ ചെയ്യുന്നില്ല. വാളുമായി അടിച്ചമർത്താൻ ശ്രമിക്കേണ്ടതില്ലെന്നും തോൽവിയിൽ കുരുത്തതാണെന്നും ജയിച്ച് ശീലം ഇല്ലെന്നും പ്രഖ്യാപിക്കുന്നതിലൂടെ ടോക്സിക് പാരന്റിംഗ് അടക്കമുള്ള അധികാര പ്രയോഗങ്ങളെക്കൂടി അത് തള്ളിക്കളയുന്നു. മുമ്പ് അടിച്ചും പേടിപ്പിച്ചും വിറപ്പിച്ചും നിയന്ത്രിച്ചിരുന്ന മക്കളെ ഇനിയതിന് കിട്ടില്ല എന്ന തിരിച്ചറിവ് രക്ഷിതാക്കൾക്കില്ലെങ്കിലും പുതിയ തലമുറയ്ക്ക് കൃത്യമായുണ്ട്. മക്കൾ ഞങ്ങൾക്ക് വേണ്ടി ജീവിക്കണം, ഞങ്ങളുടെ ഇഷ്ടത്തിന് ജീവിക്കണം, ഞങ്ങൾക്കിഷ്ടപ്പെട്ട ജോലി തെരഞ്ഞെടുക്കണം എന്നുതുടങ്ങി എന്തിന് രക്ഷിതാക്കൾക്കിഷ്ടപ്പെട്ട വിഷയം വരെ മക്കളെക്കൊണ്ട് പഠിക്കുവാൻ നിർബന്ധിക്കുന്ന രക്ഷിതാക്കൾ സ്വന്തം കാര്യം, സ്വന്തം അത്മാഭിമാനം, സ്വന്തം അന്തസ്സ് എന്നിവയിൽ മാത്രമായി ചിന്തിച്ചിരുന്നതിൽ നിന്നാണ് ഈ മാറ്റമുണ്ടാകുന്നത്.

ആർക്കും വേണ്ടിയല്ലാതെ നിനക്ക് വേണ്ടി തന്നെ ജീവിക്ക് എന്ന ആഹ്വാനം 'മറഡോണ' എന്ന സിനിമയിലെ 'അപരാടാ പങ്കാ' എന്ന ഗാനത്തിൽ കാണാം. 'ചങ്കുറ്റം നെഞ്ചിലേറ്റുന്ന യൗവ്വനത്തിടമ്പുകൾ ഞങ്ങൾ കാട്ടിക്കൂട്ടും പലതും എന്നും ഇനി ഗുണദോഷം വേണ്ട' എന്നും പാട്ട് തുടർന്ന് പറയുന്നു. ചെറിയ സ്വപ്നങ്ങളിൽ ചെറിയ ലക്ഷ്യങ്ങളിൽ ജീവിക്കുന്ന ഒരു കൂട്ടത്തെ 'മഞ്ഞുമ്മൽ ബോയ്സ്'ിലെ 'കുതന്ത്രം' പാട്ടിലും കാണാം. കിനാവ് കൊണ്ട് കെട്ടിയ കൊട്ടാരത്തിൽ മന്ത്രിയും രാജാവും തങ്ങൾ തന്നെ ആയിരിക്കുമ്പോഴും താങ്കൾക്ക് വിധിച്ചത് ചെറിയ ഭൂമി ആണെന്നും മണ്ണിൽ ജീവിക്കാൻ ഭക്ഷണം മതിയെന്നും കരുതുന്ന അവർ വയറു നിറയ്ക്കാനായുള്ള നെട്ടോട്ടത്തിലാണ്. അഴക്കിൽ പിറന്ന അവർക്ക് പകൽ പറന്നു പോയി എന്ന് മനസ്സിലാവുമ്പോഴും





രാത്രി നമുക്കുള്ളതാണെന്ന വിശ്വാസമാണ് കൂട്ട്. കുതന്ത്ര തന്ത്ര മന്ത്രമൊന്നും അറിയാത്തതിനാൽ കിട്ടാതെപോയ പദവിയ്ക്കും പണത്തിനും അപ്പുറത്ത് ഉരുക്കു ഉണമുള്ള തൊലിയാണ് അവർ പ്രധാനമായി കാണുന്നത്.

സാമൂഹികവും രാഷ്ട്രീയവുമായ ആശയങ്ങൾ വിനിമയം ചെയ്യപ്പെടുന്നത് ഗാനങ്ങളിലൂടെയാണ് എന്ന ഫ്രിത്തിന്റെ വാദം യുവസംസ്കാരത്തിന്റെ സമകാല സങ്കീർണതകളെ ആവിഷ്കരിക്കുന്ന ഗാനങ്ങളിലൂടെ മനസ്സിലാക്കാനാവും. യുവ സംസ്കാരത്തിന്റെ പുതിയ ബോധ്യങ്ങൾ, പഴയ തലമുറകളുടെ മൂല്യങ്ങളോടുള്ള വെല്ലുവിളികൾ എന്നിവ റോപ്പ് സംഗീതത്തിന്റെ തുടക്കക്കാലങ്ങളിൽ തന്നെ ഉണ്ടായിരുന്നതാണ്. അത് പുതിയ സാമൂഹിക സാഹചര്യങ്ങളിൽ കൂടി വെളിവാക്കപ്പെടുന്നു എന്നതാണ് മലയാളത്തിലെ റാപ്പ് ഗാനങ്ങളെ പ്രസക്തമാക്കുന്നത്.

പലവിധം സാമൂഹിക പ്രശ്നങ്ങൾക്കെതിരെയുള്ള ആഹ്വാനമാത്രകകളായാണ് മലയാള സിനിമയിലെ പുതിയ റാപ്പ് ഗാനങ്ങൾ മിക്കതും രൂപപ്പെടുന്നത്. അതേസമയം സിനിമയുടെ വാണിജ്യവിജയത്തിൽ ഒരു പ്രധാന ഘടകം എന്ന നിലയിലും ഈ ഗാനങ്ങൾ പ്രവർത്തിക്കുന്നുണ്ട്. റോക്ക് സംഗീതം വിമർശിക്കുന്ന സിസ്റ്റത്തിന്റെ ഉൽപ്പന്നമായിക്കൂടി ഒരേസമയം അത് പ്രവർത്തിക്കുന്നു എന്നർത്ഥം. റോക്ക് സംഗീതത്തിന്റെ വാണിജ്യ വിരുദ്ധ ധാർമികതയും അതിന്റെ അനിവാര്യമായ വാണിജ്യവൽക്കരണവും തമ്മിലുള്ള പിരിമുറുക്കവും സംഘർഷവും ഫ്രിത്തും ചർച്ച ചെയ്യുന്നുണ്ട്. 'ആവേശം' എന്ന സിനിമയുടെ ഗാനങ്ങൾ, റിലീസായ സമയത്ത് സ്ട്രീമിങ് ആപ്പായ സ്പോട്ടിഫൈയിൽ Taylor Swift, Pearl Jam എന്നിവരുടെ ആൽബങ്ങൾക്ക് പുറകിൽ ആഗോളതലത്തിൽ മൂന്നാമതെത്തി എന്നതിൽ തന്നെ അന്തർദേശീയ അടിസ്ഥാനത്തിൽ വളരെ ചെറിയ ഭാഷയായ മലയാളത്തിന്റെ പ്രാധാന്യം വ്യക്തമാകുന്നുണ്ട്. ഹോട്ട് ഹിറ്റ്സ് മലയാളം, ടെൻഡിങ് നൗ മലയാളം തുടങ്ങിയ പ്ലേ ലിസ്റ്റുകളും സ്പോട്ടിഫൈയിൽ ലക്ഷക്കണക്കിനാളുകളുടെ ഫേവറിറ്റ് ലിസ്റ്റിലുണ്ട്. ജിയോസവൻ, ഗാന, ആമസോൺ പ്രൈം മ്യൂസിക്, യൂട്യൂബ് മ്യൂസിക് തുടങ്ങിയ സ്ട്രീമിംഗ് പ്ലാറ്റ്ഫോമുകളിലെയും ഇൻസ്റ്റ റീൽസുകളിലെയും സ്ഥിതി സമാനമാണ്. കാസറ്റ്, സിഡി, യു എസ് ബി കാലങ്ങൾക്ക് ശേഷമുള്ള സോഷ്യൽ മീഡിയ, സ്ട്രീമിങ് ആപ്പ് കാലത്തും മലയാള സിനിമാഗാനങ്ങൾ അതിന്റെ വാണിജ്യ പ്രാധാന്യം നിലനിർത്തുന്നു എന്നതും അതിൽ മുൻപന്തിയിൽ നിൽക്കുന്നത് റാപ്പ് ഗാനങ്ങളാണ് എന്നും മനസ്സിലാക്കാവുന്നതാണ്.

**ഉപസംഹാരം**

സംഗീതത്തിന് പാർശ്വവൽക്കരിക്കപ്പെട്ട വിഭാഗങ്ങളുടെ ശബ്ദമാകാൻ കഴിയുമെന്ന അഭിപ്രായമാണ് ഫ്രിത്തിന് ഉണ്ടായിരുന്നത്. മലയാള സിനിമാഗാനങ്ങളിലെ റാപ്പ് ഗാനങ്ങൾ ആ രീതിയിലേക്ക് കാര്യമായി മാറിയിട്ടില്ല. നിലനിൽക്കുന്ന സാമൂഹിക ചുറ്റുപാടുകളുടെ പിരിമുറക്കങ്ങളും അന്തർ സംഘർഷങ്ങളും പ്രതിഫലിപ്പിക്കുന്ന രീതിയിലാണ് ഇപ്പോൾ പ്രധാനമായും അത് പ്രവർത്തിക്കുന്നത്. കൂട്ടായ വ്യക്തിത്വരൂപീകരണത്തിനുള്ള ഒരു ഇടമായി ഗാനങ്ങൾ വർത്തിക്കുന്നു എന്ന ഫ്രിത്തിന്റെ ആശയത്തെ മേൽപ്പറഞ്ഞ ഗാനങ്ങളിൽ മിക്കതും ശരിവെക്കുന്നുണ്ട്. ആ അർത്ഥത്തിൽ ഇത്തരം ഗാനങ്ങൾ കേവലമായ ഒരു വിനോദരൂപം മാത്രമല്ലെന്നും സ്വത്വം, പ്രത്യയശാസ്ത്രം, സാമൂഹിക ബന്ധങ്ങൾ എന്നിവ വെളിപ്പെടുത്തുന്ന സാംസ്കാരിക ഉൽപ്പന്നമാണെന്നും കാണാം. തങ്ങൾ തങ്ങൾക്ക് വേണ്ടി തങ്ങളുടെ ജീവിതം ജീവിച്ചോളാമെന്നും തന്തവൈബിന്റെ ഉപദേശനിർദ്ദേശങ്ങളുമായി ആരും ഈ വഴിക്ക് വരേണ്ടതില്ലെന്ന പ്രഖ്യാപനവും അഭിരുചികളിൽ കാലത്തിന്റെ സ്വാധീനം പ്രകടമാക്കുന്നതാണ്.

സഹായകഗ്രന്ഥങ്ങൾ:

ഹരികുമാർ, പി. കെ. മലയാള ചലച്ചിത്രഗാനം സാഹിത്യം ചരിത്രം, നാഷണൽ ബുക്ക്സ്റ്റാൾ, കോട്ടയം.

ഗ്രീഷ്മ ജോർജുമായി ഡബ്സി നടത്തിയ അഭിമുഖം, മലയാള മനോരമ ഓൺലൈൻ, 2022 ഓഗസ്റ്റ് 24.

Simon Frith. The Sociology of rock, Constable and Company Ltd.

■

ഡോ. ബിജു ബാലകൃഷ്ണൻ
ശ്രീകൃഷ്ണ കോളേജ്, ഗുരുവായൂർ

# ഇന്ത്യ

ഇന്ത്യയെന്നപേരിലുണ്ടൊരായിരം
കിനാവുകൾ
ചൊരിഞ്ഞു പൂർവികർ നമുക്ക തന്നൊരാ സ്വതന്ത്രത
വിന്ധ്യനോളമുണ്ടവർക്കുയിർബലമുദാരമായ്
നെഞ്ചിലൂർന്നുറഞ്ഞ നന്മകൾ നിറഞ്ഞു ഗംഗപോൽ

മുന്നിലുണ്ടുറച്ചുയർന്നു നില്ക്കുമീ ഹിമാലയം
ഉള്ളിലുണ്ടുയിർവികാരമായ് സ്വരാജ്യ നന്മകൾ
സത്യധർമ്മസ്നേഹശാന്തിപാഠപുസ്തകങ്ങളാൽ
ഉജ്വലചരിത്രമാരചിച്ചു കർമയോഗികൾ

ആറ്റുനോറ്റുനമ്മളൂറ്റമോടെയേറ്റുചൊല്ലി ഇന്ത്യ-
എന്റെ രാജ്യമാണു നമ്മളഖിലരും സഹോദരർ
"ഇന്ത്യ എന്റെ രാജ്യമാണഖിലരും സഹോദരർ",കനൽ -
ക്കടൽകടന്നുമാതൃനാടിനെപ്പുണർന്നവർ

മർദ്ദനങ്ങളേറെയേറ്റുടൽ പിടഞ്ഞ നേരവും
അത്രമേൽക്കരുത്തുമായഹിംസയെപ്പുണർന്നവർ
നമുക്കുമുന്നിലുണ്ടവർ നയിച്ച ധീരപാതകൾ
നമുക്കുകാവലാണവർ ചൊരിഞ്ഞ രക്തഗാഥകൾ

കവിത കവിയുടെ
ശബ്ദത്തിൽ കേൾക്കാൻ
കോഡ് സ്കാൻ ചെയ്യുക



**ഡോ. എൻ. രേണുക**
എൻഎസ്എസ് കോളജ് ചേർത്തല

# സൂസന്നയുടെ ഗ്രന്ഥപ്പുര: വായനയും വിഷാദവും

വായനയുടെ ചരിത്രമെഴുതാൻ ശ്രമിച്ചവരെല്ലാം എഴുത്തിന്റെ അനിശ്ചിത രൂപങ്ങളിലൂടെ കടന്നുപോയി. സാങ്കേതിക ജ്ഞാനമടക്കം അനേകം ഭൗതിക ഘടകങ്ങൾ എഴുത്ത് വഴികളെ നിർണ്ണയിക്കുന്നുണ്ട്. അച്ചടിയും പേനയും കടലാസും പുസ്തകങ്ങളും ലൈബ്രറികളും വായനയുടെ സൂക്ഷ്മജീവിതത്തിൽ ഇടപെട്ടുകൊണ്ടേയിരിക്കുന്നു. എഴുത്തുപകരണങ്ങളും പ്രതലങ്ങളും വായനയുടെ ഉപാധികളും മാറിയിട്ടും പുസ്തകങ്ങളും ഗ്രന്ഥശാലകളും ദ്രവിച്ച താളുകളും പൊടിമണവും പ്രലോഭിപ്പിക്കുന്ന കാഴ്ചകളും സാന്നിധ്യങ്ങളുമായി ഗ്രന്ഥശാലകൾ ഓർമ്മകളിൽ നിറയുന്നത് എന്തുകൊണ്ടാണ്? സാങ്കേതിക മാറ്റങ്ങളെ മറികടന്ന് പോകുന്ന വൈകാരികമായ അദൃശ്യജീവിതം പുസ്തകങ്ങൾക്കുണ്ട്. പുസ്തകങ്ങളെക്കുറിച്ച് വരുന്ന പുസ്തകങ്ങൾ ഫിക്ഷനെന്നോ നോൺ ഫിക്ഷൻ എന്നോ വർഗ്ഗീകരിക്കാനാവാത്ത രീതിയിൽ കലർപ്പുള്ള രൂപങ്ങളായി നിലനിൽക്കുന്നു. തീവ്രമായ ആത്മബന്ധങ്ങൾ കൊണ്ടും ഉപേക്ഷിക്കാനാവാത്ത ഓർമ്മകൾ കൊണ്ടും അസഹ്യമായ ഉത്കണ്ഠകൾ കൊണ്ടും കൊരുക്കപ്പെട്ട ആഖ്യാനത്തിന്റെ അനേകം അടരുകൾ ഇത്തരം എഴുത്തുകളിൽ രൂപപ്പെട്ടുവരുന്നു. ആൽബർട്ടോ മാഗ്വൽ രചിച്ച 'എ ഹിസ്റ്ററി ഓഫ് റീഡിംഗ് 'എന്ന പുസ്തകത്തിന്റെ മാതൃകയിൽ ഒരു പുസ്തക സഞ്ചാരമാണ് താൻ ഭാവന ചെയ്യുന്നതെന്ന് അജയ് പി. മങ്ങാട്ട് സൂസന്നയുടെ ഗ്രന്ഥപ്പുര എന്ന തന്റെ ആദ്യ നോവലിന്റെ മുഖക്കുറിപ്പിൽ പറയുന്നുണ്ട്. എന്നാൽ എഴുത്തുവഴികളിലെവിടെയോ വച്ച് 'നോവൽ' എന്ന സങ്കേതത്തിലേക്ക് വഴിതിരിഞ്ഞുപോയി. രേഖീയമായ സമയസങ്കല്പങ്ങളെയും നിശ്ചിതമായ സ്ഥലബോധത്തെയും ചിതറിച്ചുകൊണ്ട് ഭൂമി മുഴുവൻ വ്യാപിക്കുന്ന ഭാവനയുടെ ആവേഗങ്ങളെ മനസ്സുകൊണ്ട് പിന്തുടരാൻ ശ്രമിക്കുന്ന എഴുത്തായി ഈ നോവൽ മാറുന്നു. ഭൗതികവും ഏകീകൃതവുമായ സ്ഥലകാലങ്ങൾക്ക് നെടുകെയും കുറുകെയും ഒഴുകിപ്പരക്കുന്ന ഓർമ്മകൾ. എവിടേയ്ക്കും സഞ്ചരിച്ചെത്താൻ കഴിയുന്ന വഴികൾ.

വായനയിലൂടെ അനേകം സ്വതന്ത്ര ഭൂമികകൾ സൃഷ്ടിക്കപ്പെടുന്നുണ്ട്. വിവിധ ദേശസംസ്കാരങ്ങളിലൂടെയുള്ള യാത്രകൾ, രാഷ്ട്രീയ ചരിത്രങ്ങൾ, അനുഷ്ഠാനങ്ങൾ, കാമനകൾ, വെളിപാടുകൾ ഒക്കെ വായനയിലൂടെ പരിചയിക്കുന്ന മനുഷ്യരുടെ മനോഘടനയിൽ ഭൂപടവിജ്ഞാനീയ (cartography)ത്തിന്റെ സാധ്യതകൾ അടങ്ങിയിട്ടുണ്ട്. ഭാവനാഭൂപടങ്ങളുടെ നിർമ്മാണത്തിൽ അതിർത്തികൾ ഭേദിച്ച് പോകുന്ന ഭൂഭാഗവിസ്തൃതികളാണുള്ളത്. കൊടുങ്കാറ്റിന്റെ നിശ്ശബ്ദതയും കടലിരമ്പങ്ങളും തീക്കാറ്റുകളും മഞ്ഞുമലകളുടെ ഉറഞ്ഞ സംഗീതവും മരുഭൂമികളുടെ വിജനതയുണ്ടാക്കുന്ന ഭയവുമടക്കം ലയബദ്ധവും സ്ഫോടനാത്മകവുമായ അനേകം ഭാഷണങ്ങൾ ഉള്ളടക്കം ചെയ്തിരിക്കുന്ന സ്വനപേടകങ്ങളായി പുസ്തകങ്ങളെ മനസ്സിലാക്കുന്ന ഒരു വ്യക്തിയ്ക്ക് അവ വെറും സാമഗ്രികൾ മാത്രമല്ല. സാങ്കേതിക വിദ്യയുടെയോ അച്ചടിയുടെയോ

പ്രസാധനത്തിന്റെയോ ഭൗതികചരിത്രം ചിലപ്പോൾ വായനകളിൽ നിന്ന് ഒഴിഞ്ഞു പോയെന്നിരിക്കും. ഈ ഒഴിവിടങ്ങളിലേക്കാണ് വായനയുടെ ഗൂഢാനന്ദങ്ങളും അസഹ്യതകളും പ്രവേശിക്കുന്നത്. കൗമാരയൗവ്വനങ്ങളെ രൂപപ്പെടുത്തുകയും ജീവിതത്തെ അനിയന്ത്രിതമായി ചലിപ്പിക്കുകയും ചെയ്യുന്ന രഹസ്യലോകമാണ് "സൂസന്നയുടെ ഗ്രന്ഥപ്പുര"യിൽ ആവിഷ്കരിക്കുന്നത്.

അക്ഷരങ്ങൾ കൊണ്ട് ബന്ധിതമായ സമൂഹത്തിലാണ് പ്രലോഭിപ്പിക്കുന്ന സൗഹൃദങ്ങളും അനിർവചനീയങ്ങളായ ബന്ധങ്ങളും നിലനിൽക്കുന്നത് എന്ന ധ്വനി നോവലിലുടനീളമുണ്ട്. വായനയിലൂടെ രൂപപ്പെട്ട ആന്തരികമായ സ്ഥലകാലങ്ങൾക്കുള്ളിൽ വിഭ്രാമകമായും വിമൂകമായും അകപ്പെട്ടുപോയ മനുഷ്യരുടെ ഏകാന്തതകളെയും പ്രതിസന്ധികളെയും കണ്ടില്ലെന്ന നടിക്കാനാവില്ല. പുസ്തകങ്ങൾ ഉണ്ടാക്കുന്ന കൂട്ടുത്തരവാദിത്തമാണത്. എല്ലാവർക്കും ഇടമുള്ള ലോകം സാധ്യമാണെന്ന തോന്നലാണ് ആ ഉത്തരവാദിത്തം. ആ 'ഇടം' എല്ലാ അർത്ഥത്തിലും സ്വതന്ത്രമാണ്. അഗാധമായി സ്നേഹിക്കുമ്പോഴും കൂടെയുള്ളവരെ അവരുടെ ഇഷ്ടങ്ങൾക്കൊത്ത് സ്വതന്ത്രരാക്കാൻ സന്നദ്ധരായ ധാരാളം കഥാപാത്രങ്ങളെ സൂസന്നയുടെ ഗ്രന്ഥപ്പുരയിൽ കണ്ടുമുട്ടുന്നുണ്ട്. ബൈബിൾ മാത്രം വായിച്ചു ശീലിച്ച ജോസഫ് എന്ന കഥാപാത്രം പോലും അതിൽനിന്ന് ഭിന്നനല്ല. കാർമേഘവും വെള്ളത്തൂവൽച്ചന്ദ്രനും ജലയും അമൃദയും ഫാത്വിമയും എല്ലാം ആത്മാവിൽ തടങ്കലിലായിരിക്കുമ്പോഴും അവരുടെ ലോകങ്ങളിൽ സ്വതന്ത്രവിഹാരികൾ തന്നെയാണ്. ഒരു തരത്തിൽ 'ഇട'ത്തിനു നൽകുന്ന പരിഗണനകളാണ് 'സൂസന്നയുടെ ഗ്രന്ഥപ്പുര'യുടെ ഘടനയയെയും ലോകബോധത്തെയും നിർണ്ണയിക്കുന്നത്. പുസ്തകങ്ങളിലൂടെ രൂപപ്പെടുന്ന ഭാവുകത്വത്തെയും സൗഹൃദത്തെയും സംബന്ധിച്ചുള്ള അന്വേഷണങ്ങൾ മറ്റൊരു പാറ്റേണിൽ ഭാവന ചെയ്തിട്ടും "സൂസന്നയുടെ

> **അക്ഷരങ്ങൾ കൊണ്ട് ബന്ധിതമായ സമൂഹത്തിലാണ് പ്രലോഭിപ്പിക്കുന്ന സൗഹൃദങ്ങളും അനിർവചനീയങ്ങളായ ബന്ധങ്ങളും നിലനിൽക്കുന്നത് എന്ന ധ്വനി നോവലിലുടനീളമുണ്ട്. വായനയിലൂടെ രൂപപ്പെട്ട ആന്തരികമായ സ്ഥലകാലങ്ങൾക്കുള്ളിൽ വിഭ്രാമകമായും വിമൂകമായും അകപ്പെട്ടുപോയ മനുഷ്യരുടെ ഏകാന്തതകളെയും പ്രതിസന്ധികളെയും കണ്ടില്ലെന്നു നടിക്കാനാവില്ല.**

ഗ്രന്ഥപ്പുര" നോവൽ മാതൃകയിൽ ആയിത്തീരാനുള്ള കാരണങ്ങളിൽ ഒന്ന് 'ഇട'ത്തെക്കുറിച്ചുള്ള ജനാധിപത്യ സങ്കല്പമാണെന്ന് പറയേണ്ടി വരുന്നു. 'ഞാൻ' വന്നു നിറയാത്ത, അഹത്തിന്റെ മഹാമാരികളിൽ മറഞ്ഞുപോകാത്ത ഇടങ്ങൾ, എത്രയോ മനുഷ്യരുടെ തലങ്ങും




വിലങ്ങുമുള്ള ആത്മസഞ്ചാരങ്ങളുടെ തുറസ്സുകൾ സൂസന്നയിലുണ്ട്. ഈ നോവൽ ശ്രദ്ധേയമാകുന്നത് സങ്കീർണമായ ക്രാഫ്റ്റ് കൊണ്ടല്ല. അനേകം മനസ്സുകളുടെ അഭയമായി മാറുവാൻ നോവലിനു കഴിയുന്നത് കൊണ്ടാണ്. സൂസന്നയുടെ ഗ്രന്ഥപ്പുരയിൽ വന്നുപോകുന്നവരും വായനക്കാരും തമ്മിൽ ഗാഢമായ ഒരു പാരസ്പര്യം രൂപപ്പെടുന്നുണ്ട്. എല്ലാ മനുഷ്യർക്കും നിലനിൽക്കുവാൻ അത്തരം സമാന്തരമായ ഇടങ്ങൾ ആവശ്യമാണ്. നോവലിലെ ഓരോ കഥാപാത്രവും സ്വന്തമായ ഇടങ്ങൾ നിർമ്മിക്കുന്നുണ്ട്. ഇക്ബാൽ എന്ന നാടകപ്രവർത്തകനും ഗായകനും സൃഷ്ടിച്ചെടുക്കുന്നത് ആ ലോകമാണ്. 'ബാഷോ' എന്ന് പേരുള്ള അയാളുടെ വീട് കടുത്ത നിരാശയിലും ഏകാന്തതയിലും പ്രതീക്ഷയുടെ കൂടാരമാകുന്നു. വായനയും സംഗീതവും കുട്ടികളുടെ നാടകപരിശീലനങ്ങളും ഒക്കെയായി നിശ്ചലാവസ്ഥയിലുള്ള ആ വീടിനെ നിരന്തരം പരിവർത്തിപ്പിക്കാൻ അയാൾക്കാകുന്നു. സർഗ്ഗാത്മകതയുടെ ഉപാധികൾ മറ്റൊന്നുമല്ല. ഒരിക്കലും എത്തിച്ചേരാനാകാത്ത സ്വപ്നഭൂമിയായിരിക്കാം. എങ്കിലും അങ്ങനെ ഒരു ഭാവനാജീവിതം മനുഷ്യർ അഭിലഷിക്കുന്നുണ്ട്." സ്ട്രോബെറി ഫീൽഡ്സ് ഫോർ എവർ" എന്ന ബീറ്റിൽസ് ആൽബത്തെക്കുറിച്ചുള്ള അഭിമുഖത്തിൽ സ്ട്രോബെറി ഫീൽഡ്സ് എവിടെയാണെന്ന ചോദ്യത്തിന് മറുപടിയായി ജോൺ ലെനൻ പറയുന്നുണ്ട്: "നിങ്ങൾ എവിടെ പോകണമെന്നാണോ ആഗ്രഹിക്കുന്നത് അവിടമെല്ലാം സ്ട്രോബെറി ഫീൽഡ്സ് ആണ് " എന്ന്. അതിജീവിക്കാൻ ആഗ്രഹിക്കുന്ന മനുഷ്യരുടെ ആത്മസങ്കേതങ്ങൾ എവിടെയുമാകാം. എഴുത്തുകളിലും ഭാവനകളിലും നിശ്ശബ്ദതയിലും പ്രണയത്തിലും വിഷാദത്തിലും അരക്ഷിതത്വത്തിലും ഉൾപ്പെട്ടുപോയ മനുഷ്യരുടെ കാലങ്ങളെ വീണ്ടെടുക്കുന്നു എന്നതാണ് സൂസന്നയുടെ ഗ്രന്ഥപ്പുരയെ വിശാലമായ ഒരിടമാക്കി പരിവർത്തിപ്പിക്കുന്നത്. അത്തരം സൗഹൃദക്കൂട്ടായ്മകൾ



നിലനിർത്താൻ വേണ്ടി ബോധപൂർവം ശ്രമിക്കുന്നില്ല എന്നത് ശ്രദ്ധേയമാണ്. ഓരോരോ കാരണങ്ങൾക്ക് പുറകെ സഞ്ചരിച്ച് ബാഹ്യമായ ആകർഷണങ്ങളൊന്നമില്ലാത്ത ആ ഗ്രന്ഥപ്പുരയിലേയ്ക്ക് എത്തിച്ചേർന്നവരാണ് എല്ലാവരും. അവിടെ നിന്ന് മറ്റൊരു സൗഹൃദവലയത്തിലേയ്ക്ക് അവർ സ്വാഭാവികമായി എത്തിച്ചേരുന്നു. ചെറുതെങ്കിലും അതിന് ദൃഢതയും തുടർച്ചയുമുണ്ടാകുന്നു. അലി, അഭി, വെള്ളത്തുവൽച്ചന്ദ്രൻ, ജല, സൂസന്ന, സരസ, അമൃദ, ഇക്ബാൽ, പശുപതി, കാർമേഘം, ജോസഫ്, ഫാത്വിമ, അന്ധഗായകൻ. . . ഇവരെല്ലാം അവരവരുടെ അഭിരുചികളുടെ ലോകത്ത് സ്വതന്ത്രരാണ്. അവരാരും വൈകാരിക ബന്ധങ്ങളുടെ പേരിൽ പരസ്പരം തടവറകൾ സൃഷ്ടിക്കുന്നില്ല. സൂസന്നയുടെ അപ്പൻ തണ്ടിയേക്കനം എഴുത്തുകാരനായ നീലകണ്ഠൻ പരമാരയും നോവലിലെ ഏറ്റവും ശക്തരായ അദൃശ്യസാന്നിധ്യങ്ങളായി നിലനിൽക്കുന്നതും ഗ്രന്ഥപ്പുരയിലേക്കുള്ള വഴികളുടെ വിസ്തൃതി കൊണ്ടാണ്.

ഓർമ്മയുടെ (Memory) സങ്കേതമാണ് സൂസന്നയുടെ ഗ്രന്ഥപ്പുരയിൽ ഉപയോഗിച്ചിരിക്കുന്നത്. എന്നാൽ അതിന് ഒരു ഏകീകൃത ഘടനയില്ല എന്നത് തന്നെയാണ് സവിശേഷത. പല കാലങ്ങളിൽ, പല സ്ഥലങ്ങളിൽ ചിതറിയ ഓർമ്മകൾ നോവലിന് ബഹുസ്വരമായ അന്തരീക്ഷം നൽകുന്നു. സൂസന്നയുടെ മരണദിവസം ആരംഭിക്കുന്ന അലിയുടെ ഓർമ്മകൾ : "മരണം ഒരാളുടെ ജീവിതത്തെ കൂടുതൽ പ്രകാശമാനമാക്കുന്നു. അതുവരെ ആ ജീവിതത്തിൽ മറഞ്ഞിരുന്ന സൗന്ദര്യം പടർപ്പുകളിലൂടെ വെളിയിലേക്ക് പ്രസരിക്കുന്നു. ഞങ്ങളുടെയെല്ലാം ജീവിതത്തിലെ മനോഹരമായ ചില സന്ദർഭങ്ങളിൽ സൂസന്നയുണ്ടായിരുന്നു. ഒരുപാടു വിചിത്രസ്നേഹങ്ങളെയും ആകുലതകളെയും ഒരുമിച്ചുകൊണ്ടുപോയ അവൾ, സ്നേഹിതരുടെ കലഹങ്ങൾ ക്ഷമയോടെ കേട്ടു. പല കാലങ്ങളിൽ മറയൂരിലേക്കു വന്നവർ അവളുടെ ആതിഥ്യം സ്വീകരിച്ചു. സാഹിത്യവും സംഗീതവും ശാസ്ത്രവും സംസാരിച്ചു. അറിവുകളും ആശങ്കകളും പങ്കിട്ടു. " (പുറം: 10)

അലിയും അഭിയും അവരുടെ കോളജ് പഠനകാലത്ത് ലൈബ്രറിയിൽ വച്ചാണ് കണ്ടുമുട്ടുന്നതും സുഹൃത്തുക്കളാകുന്നതും. അവരുടെ വായനകളിൽനിന്നും പങ്കുവയ്ക്കലുകളിൽ നിന്നുമാണ് നീലകണ്ഠൻ പരമാര എന്ന ഒരു എഴുത്തുകാരനെയും അയാളുടെ " വിഷാദത്തിന്റെ ശരീരഘടന" എന്ന പുസ്തകത്തെയും കുറിച്ചുള്ള അന്വേഷണവഴികൾ രൂപപ്പെടുന്നത്. റോബർട്ട് ബർട്ടന്റെ 'ദ അനാറ്റമി ഓഫ് മെലങ്കളി' എന്ന പുസ്തകത്തിന്റെ തർജ്ജമയാണത്.

ഈ പുസ്തകം തേടിയാണ് ഒരു സന്ധ്യയിൽ അലിയും അഭിയും മറയൂരുള്ള സൂസന്നയുടെ ഗ്രന്ഥപ്പുരയിൽ എത്തുന്നത്. അപരിചിതരായ ആ ചെറുപ്പക്കാർക്ക് ആ വീട്ടിൽ കിട്ടുന്ന സ്വീകാര്യത ഹൃദ്യമാണ്. പിന്നീട് ചെറുതെങ്കിലും ഒരു സൗഹൃദവലയം സൂസന്നയുടെ വീടുമായി ബന്ധപ്പെട്ട് ഉണ്ടാകുന്നുണ്ട്. പല കാലങ്ങളിൽ അവർ അവിടെ വീണ്ടും എത്തിച്ചേരുന്നു. എന്നിട്ടും അവർ തേടി വന്ന വിഷാദത്തിന്റെ ശരീരഘടന എന്ന പുസ്തകം സൂസന്നയുടെ ഗ്രന്ഥശേഖരത്തിൽ കണ്ടെത്താനാകുന്നില്ല. അല്ലെങ്കിൽ അവർക്ക് മുൻപിൽ വെളിപ്പെടുന്നില്ല. ജോസഫിന്റെ ഇടിമുഴക്കം പോലുള്ള ചില വാക്കുകളിൽ അകപ്പെട്ട് ഇരുട്ടിലേക്ക് മറഞ്ഞുപോകുന്ന ദിവസങ്ങളിലേക്ക് അവൾ ഉറ്റുനോക്കുന്നു. ഗ്രന്ഥപ്പുരയിലെ പുസ്തകങ്ങൾക്ക് തീ കൊടുത്ത് നൂറ്റാണ്ടുകളുടെ ഭാരമേറിയ ഓർമ്മകളിൽ നിന്നും പഴമയുടെ ഗന്ധങ്ങളിൽ നിന്നും താളുകൾ പോലെ ദ്രവിച്ച കൊണ്ടിരിക്കുന്ന കാലത്തിൽ നിന്നും പൂർണമായും സ്വതന്ത്രയാവുന്നു. സൂസന്നയുടെ മരണശേഷം 'വിഷാദത്തിന്റെ ശരീരഘടന ' അലിയ്ക്ക് കിട്ടുന്നു. സൂസന്നയുടെ മകനായ പോൾ വിലപിടിപ്പുള്ള ഒരവശേഷിപ്പ് പോലെ ആ പുസ്തകം കൈമാറുന്നു. അപൂർണ്ണതയിൽ ഉപേക്ഷിക്കപ്പെട്ട ആ പുസ്തകം എന്നെങ്കിലും എഴുത്തുകാരൻ തേടി വന്നാൽ കൈമാറണമെന്ന സൂസന്നയുടെ കത്തിൽ പറയുന്നുണ്ട്.

നോവലിലുടനീളം വിഷാദത്തിന്റെ ശരീരഘടന ഒരു രൂപകം പോലെ ചരിക്കുന്നുണ്ട്. ഒഴിവാക്കാനാഗ്രഹിച്ചിട്ടും എന്തുകൊണ്ടാണ് മനുഷ്യർ വിഷാദത്തിനും ലഹരികൾക്കും അടിപ്പെട്ടു പോകുന്നത്? എന്ന ചോദ്യം സർഗ്ഗാത്മകതയുമായി ബന്ധപ്പെട്ട മൗലിക സംശയങ്ങളിൽ ഒന്നാണ്. സൂസന്നയുടെ ഗ്രന്ഥപ്പുര അവിടെ എത്തിച്ചേരുന്ന മനുഷ്യരുടെ മനോഘടനയിലൂടെ സഞ്ചരിക്കുന്നു. ആ യാത്ര കഠിനവും അസഹ്യവുമാണെന്ന് തണ്ടിയേക്കനും അലിയും അമു

**നോവലിലുടനീളം വിഷാദത്തിന്റെ ശരീരഘടന ഒരു രൂപകം പോലെ ചരിക്കുന്നുണ്ട്. ഒഴിവാക്കാനാഗ്രഹിച്ചിട്ടും എന്തുകൊണ്ടാണ് മനുഷ്യർ വിഷാദത്തിനും ലഹരികൾക്കും അടിപ്പെട്ടു പോകുന്നത്? എന്ന ചോദ്യം സർഗ്ഗാത്മകതയുമായി ബന്ധപ്പെട്ട മൗലിക സംശയങ്ങളിൽ ഒന്നാണ്.**

ദയും ഇക്ബാലും ഫാത്വിമയും വെള്ളത്തുവൽ ചന്ദ്രനും സൂസന്നയുമൊക്കെ സാക്ഷ്യപ്പെടുത്തുന്നുണ്ട്. ഏത നിമിഷവും വിഷാദത്തിലേയ്ക്കും ഏകാന്തതയുടെ ഇരുൾക്കയങ്ങളിലേയ്ക്കും വീണുപോകാൻ സാധ്യതയുള്ള ഒന്നാണ് മനുഷ്യജീവിതം എന്ന മുഴക്കം നോവലിൽ അങ്ങിങ്ങായി കേൾക്കാം. സങ്കീർണ്ണമായ മാനസികാവസ്ഥകളിലൂടെയും ജീവിതപ്രതിസന്ധികളിലൂടെയും കടന്നുപോകുന്നവരോട് അപരസ്വത്വം (Alter Ego) ലോകസാഹിത്യത്തിലെ എഴുത്തുകാരും കഥാപാത്രങ്ങളും സംഗീതജ്ഞരും അവരുടെ ഭാഷയിൽ സംസാരിക്കുന്നു. നെരൂദയും ആർതർ കോനൻ ഡോയിലും കോട്ടയം പുഷ്പനാഥും ജയനും ബൊലാനോയും ബിഥോവനും എമിലി ഡിക്കിൻസനും ഗുസ്താവ് ഫ്ലോബറും മനുഷ്യാനുഭവങ്ങളുടെ വിചിത്രവഴികളെക്കുറിച്ച് സംസാരിക്കുന്ന ധാരാളം സന്ദർഭങ്ങൾ നോവലിലുണ്ട്. ജീവിതത്തിന്റെ ഓരോ ഘട്ടത്തിലും വായനയ്ക്ക് വേണ്ടി തെരഞ്ഞെടുക്കുന്ന വിഷയങ്ങളും എഴുത്തുരൂപങ്ങളും നമ്മുടെ ജീവിതസാഹചര്യങ്ങളെയും മനോഗതികളെയും അതിസൂക്ഷ്മമായി വെളിപ്പെടുത്തും. ഒരുമിച്ച് നടക്കുന്നവർ എന്ന് കരുതുന്നവർക്കിടയിലും എത്ര ദൂരം ഇനിയും ബാക്കിയുണ്ട്?

അവരുടെ സ്വപ്നസങ്കേതങ്ങൾ എത്രയകലെയാണ്! അഭിയുടെ പ്രണയജീവിതം അലി കണ്ടെത്തുന്നത് പോലും വായനയുടെ സൂക്ഷ്മസംവേദനങ്ങളിലൂടെയാണ്. നെരൂദയുടെ കാവ്യഭാവനകളുടെ തട്ടകമായി ചിലി മാറിയതുപോലെ അഭിയുടെ സ്വപ്നഭൂമിയായി "കമ്പം" മാറുന്നതെന്തുകൊണ്ട് എന്ന് അലി അതിശയിക്കുന്നുണ്ട്. പരസ്പരം വെളിപ്പെടുത്താത്ത യാഥാർത്ഥ്യങ്ങൾക്ക് പുസ്തകങ്ങളിലൂടെ മറുപടി ലഭിക്കുന്നു.

"അന്ന രാത്രി ഞാൻ ഹോസ്പിറ്റലിലെ കൊതുകുവലയ്ക്കുള്ളിൽ ഇരുന്ന് റെസിഡൻസ് ഓൺഎർത്ത് വീണ്ടും വായിച്ചു. ആ കവിതകളെപ്പറ്റി എന്റെ ഡയറിയിൽ നേരത്തേ എഴുതിവച്ച കുറിപ്പുകൾ, പുസ്തകത്തിൽ നിന്ന് ഞാൻ പകർത്തി വച്ച വരികൾ ഒക്കെയും വീണ്ടും മറിച്ചു നോക്കി. പാബ്ലോ നെരൂദയിൽ ചെറുപ്പക്കാർക്ക് മാത്രം കേൾക്കാവുന്ന ഒച്ചകളുണ്ട്, മർമരമുണ്ട്, യൗവനം കൊണ്ടു മാത്രം അറിയാവുന്ന ഗന്ധങ്ങളുണ്ട്. അതേ ചെറുപ്പത്തിന്റെ പ്രകമ്പനം കൊണ്ടു മാത്രം ഉണരുന്ന വികാരങ്ങളുണ്ട്. ജീർണിക്കുന്ന കരിയിലകൾക്കിടയിൽ സ്വസ്ഥരായ സൂക്ഷ്മപ്രാണികൾ എന്ന പോലെ കവിതയുടെ ഈർപ്പം രഹസ്യജീവനുകളെ വസിപ്പിക്കുന്നുവെന്ന് എനിക്ക് മനസ്സിലായി. "(പുറം : 103)

സർഗ്ഗാത്മകതയിൽ ഉൾച്ചേർന്നിരിക്കുന്ന വിഷാദത്തിന്റെ കരിനീലപ്പടർപ്പുകളെക്കുറിച്ചുള്ള സൂചനകളാണ് സൂസന്നയുടെ ഗ്രന്ഥപ്പുരയുടെ കാതൽ. ഓർമ്മകളിലും കാഴ്ചകളിലും പ്രണയത്തിലുമെല്ലാം പല അനുപാതങ്ങളിൽ മരവിച്ച മനസ്സുകളുണ്ട്. അനാറ്റമി ഓഫ് മെലങ്കളിയും അതിന്റെ പരിഭാഷയും നോവലിലെ പ്രധാന അന്വേഷണ വിഷയമായി നിലനിൽക്കുന്നത് യാദൃച്ഛികമല്ല. അമിതവായനയും ചിന്തയും ഭ്രാന്തിന്റെ കാരണങ്ങളായി തിരിച്ചറിയുന്നു. കടുത്ത ലഹരിക്കും വിഷാദരോഗത്തിനുമടിപ്പെട്ട് മധുരയിലെ ഡീ അഡിക്ഷൻ സെന്ററിൽ ഏകാന്തവാസത്തിന്

പുറപ്പെട്ട തണ്ടിയേക്കൻ വായിച്ചിരുന്ന പുസ്തകവും ഇതുതന്നെ. ആർക്കും പരാജയപ്പെടുത്തുവാൻ സാധിക്കാത്ത വിധം ആർജ്ജവമുണ്ടായിരുന്ന തണ്ടിയേക്കൻ (സൂസന്നയുടെ അപ്പൻ)പതറിപ്പോകുന്നത് എവിടെയാണ്? വായനയുടെ വഴിത്താരകളിൽ അപരലോകങ്ങൾ കണ്ടുകണ്ട് ഒറ്റപ്പെട്ടു പോകുന്ന മനുഷ്യന്റെ നിസ്സഹായതകളെല്ലാം അയാളിലുണ്ട്. എന്നിട്ടും പുസ്തകങ്ങളുടെ ലോകത്ത് ജീവിക്കുവാൻ ഇഷ്ടപ്പെടുന്നു. വായനയുടെ പ്രയോജനം എന്താണ് ?

"ഓരോ മനുഷ്യനിലും വിഷാദം സൂക്ഷ്മരൂപത്തിൽ വസിക്കുന്നു. അത് സ്ഥൂലരൂപമാർജ്ജിക്കുമ്പോൾ താൻ തനിക്ക് തന്നെ അപരിചിതമാകുന്നുവല്ലോ എന്ന് ഓരോ വ്യക്തിയും അമ്പരക്കുന്നു. വിഷാദം എവിടെ നിന്ന്, എവിടെ വസിക്കുന്നു, എവിടേക്ക് പോകുന്നുവെന്ന ചിന്ത ഒരു ദിവസം തണ്ടിയേക്കനിൽ ശക്തമായി. താൻ കുടിച്ച മദ്യം കെടുത്തിക്കളഞ്ഞ തന്റെ ആന്തരിക പ്രകാശത്തെ അയാൾ തിരഞ്ഞു. താൻ ജീവിതകാലം മുഴുവൻ അലഞ്ഞു സമ്പാദിച്ച പുസ്തകങ്ങളത്രയും ഇരുളിലും പൊടിയിലും ദ്രവിച്ചു തീരുന്ന കാഴ്ച അയാളെ ഭയപ്പെടുത്തി. എന്തിനായിരുന്നു ഈ വായനയത്രയും?എന്തിനായിരുന്നു നാം രസിച്ച വാക്കുകളും സംഗീതവുമെല്ലാം, ഒടുവിൽ മദ്യലഹരിയുടെ പൂർണ്ണവിസ്മൃതിക്കു ജഡപ്രതീകങ്ങൾ ആകാനോ?"(പുറം: 87)

എഴുത്തിലും വായനയിലും വായനയിലും പടർന്നുകിടക്കുന്ന വഴികൾ അപരിചിതങ്ങളാണ്. എത്രയോ മനോമണ്ഡലങ്ങളിലൂടെയുള്ള സാഹസികയാത്രയാണത്. ചിലപ്പോൾ വഴിതെറ്റാം. ഉൾവനങ്ങളിൽ മായക്കൊട്ടാരങ്ങൾ നിർമ്മിച്ച് അതിൽ ഏകാധിപതികളായി ജീവിക്കുവാൻ വായനക്കാർക്കാകും. അപ്പോൾ അവരിൽ അപരവ്യക്തിത്വങ്ങൾ രൂപപ്പെടാം. വായിക്കുന്നവർ സമൂഹത്തിൽ ഭയം വിതയ്ക്കുന്നതായി പറയുന്നതിൽ യുക്തിയുണ്ട്. ജോസഫ് സൂസന്നയെ അഗാധമായി സ്നേഹിച്ചിട്ടും ഒരേ സമയം അവളെ ഭയക്കുന്നതും സ്വതന്ത്രയാക്കുന്നതും വായനയിലൂടെ രൂപപ്പെട്ടു വരുന്ന അവരിലെ അപരസ്വത്വത്തെ അഭിമുഖീകരിക്കാൻ അയാൾക്ക് കഴിയാത്തത് കൊണ്ടാണ്. തനിക്ക് ഒരിക്കലും പ്രവേശനമില്ലാത്ത രഹസ്യലോകം അവളുടെ ഉള്ളിലുണ്ടെന്ന് അയാൾ നിരാശയോടെ തിരിച്ചറിയുന്നുണ്ട്. വിഷാദത്തിന്റെ മഞ്ഞുമലകൾ കടന്ന് എഴുത്തിലേയ്ക്ക് പ്രചോദിതമാകുന്ന നിമിഷത്തിനു വേണ്ടിയുള്ള അലിയുടെ ഏകാന്തമായ അലച്ചിൽ,സുദീർഘമായ കാത്തിരിപ്പുകൾ, അമുദയുടെ ആത്മഹത്യ, വെള്ളത്തുവൽ ചന്ദ്രന്റെ പരിതാപകരമായ അന്ത്യം, കാർമേഘത്തിന്റെ നഷ്ടസ്വപ്നങ്ങൾ ഇതെല്ലാം വിഷാദത്തിന്റെ സൗന്ദര്യശാസ്ത്രത്തെക്കുറിച്ച് ഓർമ്മിപ്പിക്കുന്ന വിവരണങ്ങളാണ്. ഹൈറേഞ്ചിന്റെ ഭൂപ്രകൃതിയും എറണാകുളത്തിന്റെയും ഫോർട്ട്കൊച്ചിയുടെയും സങ്കരസംസ്കാരവും തമിഴ്നാടിന്റെ അന്തരീക്ഷവും ചെറിയ ഭൂഭാഗങ്ങളും അവതരിപ്പിക്കുന്നുണ്ടെങ്കിലും സൂസന്നയുടെ ഗ്രന്ഥപ്പുരയെ പൊതിഞ്ഞു നിൽക്കുന്ന വന്യവും വിജനവും വിലോഭനീയവുമായ ആന്തരപ്രകൃതിയുണ്ട്. ഏകതാനതയിൽ പുരോഗമിച്ചുകൊണ്ടിരിക്കുന്ന വിഷാദഗീതികളെ ഓർമ്മിപ്പിക്കുന്ന നാട്ടുവഴികൾ... നിലാവു പതിഞ്ഞു കിടക്കുന്ന തടാകങ്ങൾ...

എഴുത്ത്/വായന എന്നീ മൾട്ടിസെൻസറി പ്രവർത്തനത്തെയും അതിൽ വന്നുചേരുന്ന നിശ്ശബ്ദതകളെയും സൂസന്നയുടെ ഗ്രന്ഥപ്പുര ഗൗരവമായി പരിഗണിക്കുന്നുണ്ട്. സർഗ്ഗാത്മക നിശ്ശബ്ദതയെ ക്ലിനിക്കൽ സ്റ്റഡിയുടെ പശ്ചാത്തലത്തിൽ നോക്കിക്കാണുന്ന " ദ വാൻഗോഗ് ബ്ലൂസ് - ദ ക്രിയേറ്റീവ് പേഴ്സൺസ് പാത്ത് ത്രൂ ഡിപ്രഷൻ " എന്ന പുസ്തകത്തിൽ എറിക് മാഴ്സൺ പറയുന്നത് meaning crisis - അർത്ഥസന്ദിഗ്ധതകളാണ് ഒരാളെ വിഷാദത്തിലേക്ക് നയിക്കുന്നതെന്നാണ്. കലാഭിരുചിയുള്ള ഏതു വ്യക്തിയിലും ഇത്തരം സന്ദിഗ്ധതകൾ ഉണ്ടാകാം. ഒരർത്ഥത്തിൽ സൂസന്നയുടെ ഗ്രന്ഥപ്പുര അറിയാതെ നിർവ്വഹിക്കുന്ന ദൗത്യമുണ്ട്. വിഷാദത്തിന്റെ കഠിനതകളിൽ പുലരുന്നവരെ നോക്കി അവർ ആനന്ദലഹരികളിലാണെന്ന് പറയുന്നവരുടെ ഗണം വർദ്ധിക്കുമ്പോൾ വാക്ക് വറ്റി, ഭാവനയുടെയും ചിന്തയുടെയും ശൃംഖലകൾ മുറിഞ്ഞുപോയവർക്ക് സൗഹൃദത്തിന്റെ കൈത്താങ്ങ് കൊടുത്ത്, അപാരമായ ആത്മശക്തി പകർന്ന് അവരുടെ വാക്കുകളെ വീണ്ടെടുക്കുക എന്നതും സർഗ്ഗാത്മകമായ ധാർമ്മികതയാണ്. അങ്ങനെ അലി വീണ്ടെടുക്കപ്പെടുന്നത് സൗഹൃദങ്ങളിലൂടെയാണ്. ഭാവനയുടെ ഭിന്നതലങ്ങളെ സൂക്ഷ്മമായി ഇഴവിടർത്തുന്ന രീതി സൂസന്നയുടെ ഘടനയിലുണ്ട്. മരണം, വിഷാദം, ഓർമ, ഭയം, മറവി, ആശങ്ക, ഏകാന്തത, നിശ്ശബ്ദത. . എല്ലാം ഏറ്റക്കുറച്ചിലുകളോടെ ഭാവനയെ ഉദ്ദീപിപ്പിക്കുന്നുണ്ട്. ഭൗതികമായ ലാഭങ്ങൾ ഒന്നും ഇല്ലാതിരുന്നിട്ടും എന്തിന് വേണ്ടിയാണ് കാലാകാലങ്ങളായി മനുഷ്യർ ഭ്രാന്തമായ ഉൾവേഗത്തോടെ പുസ്തകങ്ങൾക്കിടയിൽ സഞ്ചരിക്കുന്നത്? പുസ്തകശേഖരണം കൊണ്ടും വായന കൊണ്ടും ഉന്മാദികളായിത്തീർന്ന മനുഷ്യരുടെ ദാരുണകഥകൾ സൂചിപ്പിക്കുന്നത് എന്താണ്? പുസ്തകമോഷ്ടാക്കളായി ജയിൽവാസം അനുഭവിച്ചവരും സ്വന്തം പുസ്തകപ്പുരകളിൽ വച്ച് വെന്തുമരിച്ചവരും അടക്കം വിചിത്രമായ രീതികളിൽ പുസ്തക ലോകത്തു ജീവിച്ച മനുഷ്യരെക്കുറിച്ച് പറയുന്ന നിക്കളസ് എബാസ് ബേൽസിന്റെ "A GENTLE MADNESS: Bibliophiles, Bibliomanes, and the Eternal Passion for Books Paperback എന്ന പുസ്തകം ഫിക്ഷനോട് അടുത്ത് നിൽക്കാൻ കാരണം മറ്റൊന്നുമല്ല. പുസ്തകോപജീവികളായിത്തീർന്നവർക്ക് നിയതമാർഗ്ഗങ്ങളില്ല. അവരുടെ ലോകത്തെ ഇരുട്ടും നിലാവും സൂര്യവെളിച്ചവും ഇനിയും നിശ്ചയിക്കപ്പെട്ടിട്ടില്ല. പുസ്തകങ്ങളെക്കുറിച്ചു വരുന്ന എല്ലാ പുസ്തകങ്ങളും ഭാവനാത്മകങ്ങളായി മാറുന്നത് എന്തുകൊണ്ട് എന്ന ഒരന്വേഷണം സൂസന്നയുടെ ഗ്രന്ഥപ്പുരയിൽ നിന്ന് ആരംഭിക്കുന്നുണ്ട്. ■

Archana P J
Sree Narayana College, Kollam

# THE SMART HERBARIUM: AI-ENHANCED DIGITAL REVOLUTION

Research on taxonomy, biogeography, ecology, conservation, and climate change is greatly aided by herbaria, which are collections of preserved plant specimens. They offer tangible proof of plant diversity, historical range, and temporal variation in morphology. Traditional herbaria, however, have a difficult time becoming accessible. Many collections are kept in actual cabinets, and most of the metadata related to them, including dates, locations, and species information, is only found in analog file systems or on handwritten labels. This restricts scientists' capacity to effectively evaluate and disseminate botanical data globally.Herbaria digitization offers a revolutionary way to get over these restrictions. Researchers can construct large, searchable databases that are available to scientists all over the world by transforming real specimens and their metadata into high-quality digital versions. This procedure is further improved by artificial intelligence (AI) technologies, which automate data extraction and processing. AI is capable of reading handwritten labels, identifying plant characteristics, identifying species from photos, and even spotting phenological trends like flowering or fruiting seasons. Additionally, machine learning models can enhance conservation and climate change research by predicting species distributions under various climate scenarios.

Numerous digitization initiatives and AI-powered applications are currently in progress, adding to databases of biodiversity worldwide. There are still issues, nevertheless, such as the high expense of photographing sizable collections, inconsistent specimen quality, lacking metadata, and the requirement for standardized data formats. Furthermore, large, high-quality datasets which are currently not consistently available are necessary for training AI models. The digitization of herbariums has a bright future notwithstanding these challenges. AI integration with digital herbaria will keep speeding up botanical discovery, facilitating extensive ecological assessments, and enhancing public access to data on biodiversity. In the end, the digitization of herbaria will produce a more interconnected, data-rich basis for comprehending and conserving plant diversity in the face of environmental change on a worldwide scale.

### Why digitized herbaria?

Digital assets, such as high-resolution specimen sheet photos and metadata (collector, date/location/taxon), are created by digitizing an analog physical collection (specimens, labels, folders) and making




them available online. "The digitization of herbaria data involves a method of collecting data and images and storing them in a digital format that allows collections to be accessed and analyzed in ways not previously possible," according to the Society of Herbarium Curators.

**Digitisation trends:**

Major herbaria have launched large-scale digitisation programmes: e.g., Royal Botanic Gardens, Kew is digitising its 7 million herbarium and 1.25 million fungarium specimens to create a global online resource.

Digitised specimens enable researchers to ask new questions: e.g., how phenology has shifted over time, or how plant distributions respond to climate change.

The scaling challenge: Worldwide there are hundreds of millions of specimens; enormous time and labour investments would be necessary without automation.

Thus, the stage is set for combining digitisation with AI/ML (machine-learning) and computer vision to accelerate metadata capture, specimen identification, trait extraction and analysis.

**AI Technologies in Herbarium Digitisation**

Methodology : AI technologies deployed in the context of herbarium digitisation include:

Computer vision / image classification: classifying taxa (species, genus) or extracting morphological features from specimen sheet photos using machine-learning (ML) methods (e.g., convolutional neural networks). For instance, 26 German tree species from plant collections were subjected to a research using a support vector machine (SVM), which produced an accuracy of almost 73% at the species level.

Optical character recognition (OCR) and handwritten text recognition (HTR): converting printed or handwritten label text into digital metadata.

Ensemble approaches / confidence-based processes: integrating several techniques (human-in-loop validation, machine learning, and picture classification) to improve automated data extraction accuracy. For instance, by discarding outputs with low confidence, an ensemble approach increased the accuracy of label digitization.

Workflow and cross-domain learning: investigating cross-domain transfer (e.g., from herbarium sheets to field photos) and using digitized herbarium sheets as training data for machine learning models. A 2022 study, for example, used ML to identify plants across domains using specimens from herbariums.

**Why herbaria are good for AI**

Training for machine learning is aided by the generally standardized images of herbarium specimens (flat sheets, scale bars, color cards, similar illumination) and their confirmed taxonomic identifications. According to one review: "The abundance of specimen images available in public repositories are especially amenable to AI, and digitalized herbarium specimens are increasingly used to train AI models" (Turnbull et al.).

An improved method might include the following:

1. A high-resolution photograph or scan of the specimen sheet is taken, and it is connected to a distinct barcode.
2. After processing the image, object detection identifies the plant section, rulers or color bars, and any labels.
3. Labels: fixes dates, locations, and taxonomy; OCR/HTR extracts text.
4. Image: ML classifiers can identify phenological states, forecast taxa, or detect characteristics (such leaf count or reproductive stage).
5. The specimen record is associated with metadata and derived annotations, which are

then made accessible in databases (for example, using the Darwin Core schema).

6. Human validation and curation, particularly for items with low confidence.

## Applications and Impacts

### Taxonomic and species-identification

It has been demonstrated that specimens may be identified automatically. For instance, an AI model covering 21,589 species was developed by a Chinese vascular plant study, and on 244,749 photos, it obtained species-level accuracy of 67.3% (Top-1) and 88.2% (Top-5). The obvious conclusion is that AI can help taxonomists by identifying potential misidentifications or reducing the number of candidate identifications.

### Phenology and trait extraction

AI procedures may extract phenological data (such as flowering/fruiting status) and morphological traits from digitized specimens that contain leaf, flower, fruit, and scale bar information. Pearson et al. (2020), for instance, examine how ML with digital herbaria might improve phenological research.

### Biodiversity, conservation, global change research

Researchers may track changes in plant distributions, identify invasive species, assess extinction risk, and correlate features with environmental change with the help of digital and AI-enhanced collections. Large-scale digitization initiatives, such as the Missouri Botanical Garden's (6 million specimen) project, use AI to rapidly recognize species and create reference libraries in an effort to aid conservation.

### Metadata capture and label digitisation

One of the main snags in digitalization is label transcription (collector, location, date, and taxon). This stage is considerably accelerated by AI, OCR, and HTR advances in technology. Processes utilizing community science and machine learning, for instance, found and classified labels with approximately 93% success.

### Democratising access & virtual herbaria

Access to international researchers, students, and citizen scientists is made possible by digitization and artificial intelligence. The growth of digital collections is demonstrated by virtual herbaria, such as the Herbarium Pomeranicum at the University of Gdańsk, which has around 468,000 specimens.

## Challenges and Limitations

Considering the possibility, plenty of challenges still exist:

### Diversity and data quality

- Handwritten, typed, and printed specimen label designs vary widely between institutions and over time. This variability makes automated label extraction more challenging. The research process found that the infraspecific taxon field was substantially poorly projected than bigger fields due to the lack of training data.
- Differences in illumination, resolution, the existence of rulers or color bars, and mounting quality can all affect how accurately a picture is analysed.

### Taxonomic imbalances and domain transfer

Many tropical taxa are underrepresented in training data, limiting generalisability of ML models. A review (Life CLEF Plant Identification task 2020) highlights the difficulty of applying models trained in one region to another.

Transfer learning from herbarium sheets to field images is often suboptimal. For example, the 2017 deep-learning study found transfer to field images was counterproductive.

### Human validation and error management

• Even while AI might speed up processes, human curation is still essential, particularly for complex labels, rare species, and applications in downstream research. For instance, human validation is still necessary for high-quality digital records even with ensemble automatic extraction.

• Confidence thresholds: automated annotation systems need to strike a compromise between accuracy and coverage. By discarding low-confidence labels, the 2024



study's confidence-based method increased accuracy but decreased coverage.

**Infrastructure, funding, and institutional capacity**

- Investments in storage, network access, scanner/photography infrastructure, and curatorial time are necessary for the digitization of millions of specimens. Kew is a large-scale project.
- Small herbaria in developing nations might not have the capacity to fill data gaps, particularly in areas with high biodiversity but little digitization.Why It is still difficult for institutions to standardize information (taxon names, geolocation, and date formats).

**Ethical, legal and metadata issues**

- Problems with data ownership, intellectual property (particularly with regard to traditional knowledge on labels), and misuse of biodiversity data may arise from digital access.
- Preserving privacy about geolocation: specimens may have precise locations that could be dangerous (e.g., gathering of endangered species).
- Ensuring the sustainability of digital platforms, versioning, and long-term data storage.

**Future Directions**

Improving AI models and workflows

- To reduce taxonomic bias, increase the number of taxa included in training datasets, particularly tropical and underrepresented species.
- To improve the generalization of models trained on herbarium sheets to field pictures, various specimen kinds, and different geographies, it is necessary to improve transfer learning capabilities.
- To enhance OCR/HTR, label parsing, and context recognition, more thoroughly used for text correction within the process
- Create partially automated workflows using human-in-loop frameworks, where human experts handle complex or low-confidence instances while AI handles the majority of "easy" cases. The combination of ML and community science shows promise.

**Expanding applications**

- Extraction of traits outside taxonomy, such as phenology, reproductive state, leaf size, shape, and color, allowing for the creation of extensive trait databases.
- Connecting with environmental data and modeling: for instance, studying climatic impacts, species migrations, and phenological changes by combining specimen image/metadata with location/time.
- Real-time biodiversity monitoring: as envisioned by the Missouri Botanical Garden RSI project, AI might assist in identifying species in the field (using photos or hyperspectral data) and then connecting to herbarium reference libraries.
- Integration of citizen science: mobile applications that use AI to upload photos of plants, connect to digital herbarium references, and feed data back into databases and collections (e.g., the e Herbarium project).

**Global collaboration and infrastructure**

- Ongoing extensive digitization projects in herbaria worldwide, particularly in areas with high biodiversity but low levels of digitization.
- Open access to digitized collections, uniform metadata standards (like Darwin Core), and shared platforms to maximize reuse.
- Long-term funding plans to update taxonomies, maintain digital repositories, and guarantee data curation.
- Increasing the ability of organizations in the Global South to fully engage in AI and digitization processes.

The digitalisation of herbarium collections, paired with AI technologies, represents a transformative frontier in botanical science. By turning physical specimens into globally accessible digital assets and applying computer vision, OCR/HTR, and ML/NLP workflows, we are unlocking biodiversity data at unprecedented scale and speed. From taxonomy to phenology, from conservation to citizen science, the possibilities are vast. However, the journey is not without challenges: data heterogeneity, taxonomic bias, infrastructure demands, and the need for human-expert oversight remain real hurdles. Success will depend not just on algorithmic innovation, but on institutional collaboration, capacity building, and thoughtful human-AI integration. In short, herbaria are no longer merely cabinets of dried plants they are data-rich laboratories for understanding Earth's green heritage. The coming decade promises that many more specimens will be digitised, many more analyses automated, and many more botanical insights gained.

References

Hussein, B. R., Malik, O. A., Ong, W.-H., & Slik, J. W. F. (2021). Application of Computer Vision and Machine Learning for Digitized Herbarium Specimens: A Systematic Literature Review.

Pearson, K. D., Goëau, H., & Heberling, J. M. (2020). Machine Learning Using Digitized Herbarium Specimens to Advance Phenological Research. BioScience, 70(7), 610-620.

Heberling, J. M., Prather, L. A., & Tonsor, S. J. (2019). Changing Uses of Herbarium Data in an Era of Global Change: An Overview Using Automated Content Analysis. BioScience, 69(10), 812-822.

Turnbull, R., Birch, J., et al. (2025). Botanical time machines: AI is unlocking a treasure trove of data held in herbarium collections.

Various digitisation project web-pages: Royal Botanic Gardens, Kew; Australian National Herbarium; Missouri Botanical Garden.

■

■ ഡോ. രേണു
ദേവസ്വം ബോർഡ് കോളേജ്, തലയോലപ്പറമ്പ്

# എന്റെ പ്രിയ സഖാവിന്.....

രാത്രി വളരെ വൈകിയിരിക്കുന്നു. ജോലി കഴിഞ്ഞ് വീട്ടിലെത്തിയാൽ വീട്ടുജോലി കഴിഞ്ഞ് പിന്നെ ഒന്നിനും ഒരു സമയവുമില്ല. ഇന്നലെ ഗ്രേസി ടീച്ചർ "നീ എന്താടി കൊച്ചേ ഇപ്പോൾ പഴയപോലെ എഴുത്തൊന്നുമില്ലേ"യെന്ന് ചോദിച്ചപ്പോഴാണ് സമയമില്ലായ്മ എന്ന വില്ലൻ എന്റെ എഴുത്തിനെ ബാധിച്ചുവെന്ന് ഞാൻ ഓർത്തത്. മനപ്പൂർവമല്ല, പക്ഷേ കഴിയുന്നില്ല. എന്റെ സഹ അധ്യാപിക മാത്രമല്ല ഗ്രേസി ടീച്ചർ. എന്നെ പഠിപ്പിച്ച അധ്യാപിക കൂടിയായിരുന്നു. എനിക്ക് ഒരമ്മയുടെ വാത്സല്യം തന്ന വ്യക്തിയായിരുന്നു ഗ്രേസി ടീച്ചർ. എന്നെ പഠിപ്പിച്ച ടീച്ചറിനോടൊപ്പം പഠിച്ച അതേ കോളേജിൽ അധ്യാപികയായി വരാനുള്ള ഭാഗ്യം എനിക്കുണ്ടായി.

പഠിക്കുന്ന കാലത്ത് ഹോസ്റ്റൽ ജീവിതത്തിന്റെ  വിരസതകളിൽ നിന്നും എന്നെ രക്ഷിച്ചത് ഗ്രേസി ടീച്ചറായിരുന്നു.  ഒരു സായാഹ്ന വേളയിൽ ടീച്ചറോട് ഞാൻ കല്യാണം കഴിക്കാത്തതിന്റെ കാര്യം ചോദിച്ചു. അന്ന് ആദ്യമായി ടീച്ചർ എന്നോട് ദേഷ്യപ്പെട്ടു. പിന്നെ എന്നോട് ഒരു വാക്കുപോലും മിണ്ടാതെ റൂമിൽ കയറി വാതിൽ അടച്ചു. ഞാൻ എത്ര വിളിച്ചിട്ടും ടീച്ചർ വാതിൽ തുറന്നില്ല. ഞാൻ എന്റെ തെറ്റ് ഏറ്റു പറഞ്ഞിട്ടും വാതിൽ തുറക്കാൻ ടീച്ചർ മടി കാണിച്ചു. ഒടുവിൽ ഞാൻ 'അമ്മ'യെ എന്ന് വിളിച്ചപ്പോൾ ടീച്ചർ എന്റെ മുന്നിൽ വാതിൽ തുറന്നു. ആ കണ്ണുകളിൽ നിന്നും കണ്ണുനീർ ധാരയായി ഒഴുകി. എന്നെ ടീച്ചർ നെഞ്ചോട് ചേർത്ത് നിർത്തി. ടീച്ചറുടെ കണ്ണുകളിൽ നിന്നും ഒഴുകിവന്ന കണ്ണുനീർ എന്റെ കവിളിലൂടെ ഒലിച്ചിറങ്ങി. അന്ന് ആദ്യമായി ഞാൻ അമ്മയുടെ സ്നേഹത്തിന്റെ ചൂട് അറിഞ്ഞു...

ഒരിക്കൽപോലും എന്റെ അച്ഛനും അമ്മയും എന്നെ നെഞ്ചോട് ചേർത്ത് നിർത്തിയിട്ടില്ല. അച്ഛന്റെ മനസ്സ് നിറയെ എപ്പോഴും പുതിയ പുതിയ കെട്ടിടങ്ങൾ നിർമ്മിക്കുന്നതിനുള്ള പ്ലാനുകളായിരുന്നു. ക്ലബ്ബുകളിലും ബ്യൂട്ടിപാർലറുകളിലും ജീവിതം കൊണ്ടു നടക്കുന്ന അമ്മയ്ക്ക് എന്നെ ലാളിക്കാൻ ഒരിക്കലും സമയം കിട്ടിയിരുന്നില്ല .എന്റെ ബാല്യ കൗമാരങ്ങൾ മുഴുവൻ ഞാൻ ചിലവഴിച്ചത് ബോർഡിങ്ങിലും ഹോസ്റ്റലിലുമായിരുന്നു. അവധിക്ക് വീട്ടിലെത്തിയാൽ ആകെ ഒരു വിരസതയായിരുന്നു. ഗ്രേസി ടീച്ചറിനെ കിട്ടിയപ്പോഴാണ് വിരസത ശരിക്കും മാറിയത് . ഗ്രേസി ടീച്ചറിന്റെ വീട്ടിലേക്ക് പോകുന്നതിനു വേണ്ടി അവധിയുള്ള ദിവസങ്ങൾക്കായി പിന്നെ ഞാൻ കാത്തിരിക്കാൻ തുടങ്ങി. മകളെ കാണാത്ത വിഷമം അച്ഛനും അമ്മയ്ക്കും ഇല്ലാത്തതുകൊണ്ട് ഗ്രേസി ടീച്ചറിന്റെ വീട്ടിലേക്ക് പോകാൻ തനിക്ക് ഒന്നും തടസ്സമായി നിന്നില്ല.

പെട്ടെന്ന് ഒരു ശബ്ദം ഭാമയെ ചിന്തയിൽ നിന്നുണർത്തി. എന്തൊരു കഷ്ടമാണിത്. ജനൽ തുറന്നിട്ടാണല്ലോ ജീവേട്ടൻ മക്കളുമായി കിടന്നുറങ്ങുന്നത് .ഒന്നിലും ശ്രദ്ധിക്കാത്ത പ്രകൃതമാണ് ജീവേട്ടന്റേത്.എന്തെങ്കിലും പറഞ്ഞാൽ പെട്ടെന്ന് ദേഷ്യം വരുന്ന സ്വഭാവമാണെങ്കിലും ജീവേട്ടന് എല്ലാ

വരെയും സ്നേഹിക്കാൻ മാത്രമേ അറിയൂ. മോളുവിന്റെ മുകളിലേക്ക് എടുത്തു വച്ചിരുന്ന അച്ചുവിന്റെ കാൽ ഭാമഎടുത്തു മാറ്റി. ജീവന്റെ നെഞ്ചോട് ചേർന്ന് കിടന്ന പുസ്തകം അവൾ മേശപ്പുറത്ത് എടുത്തു വച്ചു.

എന്റെ ഒരു മറവി! കോളേജ് മാഗസിനിലേക്ക് എന്തെങ്കിലും എഴുതണമെന്ന് ഗ്രേസിടീച്ചർ എന്നോട് പറഞ്ഞിരുന്നതാണല്ലോ. എന്താ എഴുതുക? ലേഖനം എഴുതുന്നപോലെ എളുപ്പമല്ല കഥയെഴുത്ത്.ടീച്ചറിനാണെങ്കിൽ ഞാൻ കഥ എഴുതണമെന്ന് നിർബന്ധമുണ്ടുതാനും.

പെട്ടെന്നാണ് ഭാമ ഒരു കാര്യം ഓർത്തത്. ഇന്ന് കെമിസ്ട്രി ലാബിന്റെ പടിയിറങ്ങി വരുമ്പോൾ തന്റെ ക്ലാസിലെ വിദ്യാർത്ഥിനിയായ രശ്മി 'ലൗവേഴ്സ് കോർണറിൽ' നിൽക്കുന്നത് കണ്ടു. തൊട്ടടുത്ത് അവളോട് ചേർന്ന് അവളുടെ കൈയിൽ പിടിച്ചുകൊണ്ട് ഒരു പയ്യൻ നിൽക്കുന്നു. എന്നെ കണ്ടിട്ടും രണ്ടുപേർക്കും ഒരു പേടിയുമില്ല. ഇപ്പോഴത്തെ കുട്ടികളുടെ ഒരു ധൈര്യം. പണ്ടൊക്കെ ഇങ്ങനെ പറ്റുമായിരുന്നോ?

പാതി തുറന്നിട്ട ജനലിൽ നിന്നും വരുന്ന കുളിർക്കാറ്റ് ഭാമയുടെ മുടിയിഴകളെ തഴുകി തലോടിക്കൊണ്ടിരുന്നു. മഴയുടെ തണുപ്പ് ശരീരത്തിൽ തുളച്ചു കയറുന്ന പോലെ ഭാമയ്ക്ക് തോന്നി.

തന്റെ കോളേജ് കാലത്തിലെ പ്രണയത്തെക്കുറിച്ച് തന്നെ കഥ എഴുതിയാലോ? പ്രണയിതാക്കൾക്ക് വേണ്ടി പ്രത്യേക ഇടനാഴികളുള്ള ഒരു കോളേജ് വേറെ എങ്ങും കാണില്ല. ചുംബനസമരം നടന്ന ഈ കേരളത്തിൽ പിന്നെ തന്റെ പ്രണയം എഴുതുന്നത് കൊണ്ട് എന്താ തെറ്റ്?

പലവിധമായ ചിന്തകൾക്കൊടുവിൽ ഭാമയുടെ തൂലികത്തുമ്പിൽ നിന്ന് പേപ്പറിലേക്ക് പ്രണയാക്ഷരങ്ങൾ പരന്നൊഴുകി. കോളേജ് മാഗസിനിലേക്ക് ഇതുതന്നെ കൊടുക്കാമെന്ന് മനസ്സിൽ ഉറപ്പിച്ചു കൊണ്ട്.....



ഒരിക്കൽപോലും ലൗവേഴ്സ് കോർണറിൽ ഞാൻ പഠനകാലത്ത് ഇരുന്നിട്ടേയില്ലെന്ന് ഭാമ ഓർമ്മിച്ചു. കൂട്ടുകാരികൾ തങ്ങളുടെ പ്രണയിതാക്കളുമായി ലൗവേഴ്സ് കോർണറിലൂടെ നടക്കുമ്പോൾ ഞാൻ അവർക്ക് 'റ്റാറ്റാ ' പറഞ്ഞ് ലൈബ്രറിയിലേക്ക് നടക്കുകയാണ് പതിവ്. പക്ഷേ എപ്പോഴാണ് എന്റെ മനസ്സിൽ പ്രണയം പൂവിട്ടത് ? ഭാമയുടെ മനസ്സ് കോളേജ് കാലഘട്ടത്തിന്റെ ഇടനാഴികളിൽ തെന്നി വീണു.

ആദ്യമായി തന്റെ പ്രണയത്തെ കണ്ടുമുട്ടിയ നിമിഷത്തിന്റെ ഓർമ്മയിൽ ഭാമയുടെ മുഖത്ത് നവവധുവിന്റെ ഉന്മേഷം തെളിഞ്ഞു വന്നു.

നല്ല മഴയുള്ള ദിവസം...... എന്തൊ കാരണത്താൽ 'സ്ട്രയിക്ക്, സ്ട്രയിക്ക്' എന്ന് വിളിച്ചു പറഞ്ഞുകൊണ്ട് കുട്ടികൾ പുറത്തേക്ക് വരുന്നു. വിരസമായ ഹോസ്റ്റലിലേക്ക് പോകാൻ ഭാമയ്ക്ക് താല്പര്യം ഉണ്ടായിരുന്നില്ല. ഗ്രേസി ടീച്ചറുടെ അച്ഛന് സുഖമില്ലാത്തതിനാൽ ടീച്ചർ ലോങ്ങ് ലീവെടുത്ത് നാട്ടിലേക്ക് പോയിരിക്കുകയാണ്.

“എന്താ കുട്ടി ഹോസ്റ്റലിൽ പോകുന്നില്ലേ?”എന്ന വാച്ച്മാൻ സണ്ണിച്ചേട്ടന്റെസ്ഥിരം ചോദ്യത്തിന് ഉത്തരമായി ചെറു ചിരി സമ്മാനിച്ചു കൊണ്ട് അവൾ ലൈബ്രറി ലക്ഷ്യമാക്കി നടന്നകന്നു.

പുസ്തകങ്ങളുടെ ലോകം! പല പുറം ചട്ടകളിൽ ഷെൽഫിൽ അടുക്കി വച്ചിരിക്കുന്ന പുസ്തകങ്ങളിലെല്ലാം

മൃദുവായി വിരലുകൾ ഓടിച്ചുകൊണ്ട് അവൾ നടന്നു. പെട്ടെന്നു തന്നെ 'ടോട്ടോചാൻ' എന്ന പുസ്തകത്തിൽ അവളുടെ കണ്ണുകളുടക്കി. പുസ്തകം കൈയിലെടുത്തതും 'എനിക്ക് ആ പുസ്തകം വായിക്കാൻ തരുമോ' എന്ന ചോദ്യം കേട്ടതും ഒരുമിച്ചായിരുന്നു. അവൾ തലയുയർത്തി നോക്കി.

'വിരോധമില്ലെങ്കിൽ മതി കേട്ടോ' എന്ന സംഭാഷണത്തോടെ കണ്ണട വച്ച ഒരു പയ്യൻ തന്റെ മുന്നിൽ നിൽക്കുന്നു. അവൾ പുസ്തകം അയാൾക്ക് നേരെ നീട്ടി. വെള്ളം മുണ്ടും വെള്ള ഷർട്ടും ധരിച്ച ആ രൂപം കണ്ണിൽ നിന്നും മായുന്നതു വരെ അവൾ നോക്കി നിന്നു.

പിന്നീടൊരിക്കൽ ഹോസ്റ്റൽ ക്യാന്റീനിൽ കൂട്ടുകാരികളുമായി ഭക്ഷണം കഴിക്കാൻ വന്നപ്പോഴാണ് അവൾ അയാളെ വീണ്ടും കണ്ടത്. എന്തുകൊണ്ടോ അവൾ അയാളെ തന്നെ നോക്കി നിന്നു. അയാളുടെ സംഭാഷണ രീതി, അംഗചലനങ്ങൾ എല്ലാം അവൾ കൗതുകത്തോടെ നോക്കിയിരുന്നു.

'എടീ, മൈഥിലി ഞങ്ങൾ പറയുന്നതൊന്നും കേൾക്കുന്നില്ലേ? അനു ചോദിച്ചു.

'ഇവളൊരു സ്വപ്നജീവി തന്നെ'. താര അതിന് പിന്തുണ പ്രഖ്യാപിച്ചു.

'നീ അവളെ ഒന്നുകൂടി മൈഥിലി എന്ന് വിളിക്ക്. അവൾ ഏതു ഉറക്കത്തിലും പ്രതികരിക്കും' താര പറഞ്ഞു.

ഭാമയുടെ മുഖം ദേഷ്യം കൊണ്ട് ചുവന്നു. ഞാൻ പല പ്രാവശ്യം പറഞ്ഞിട്ടുള്ളതാണ് എന്നെ 'ഭാമ 'എന്ന് വിളിച്ചാൽ മതിയെന്ന്. 'നിനക്കെന്താടി മൈഥിലിയെന്ന പേരിനോട് ഇത്ര ദേഷ്യം? നിന്റെ സർട്ടിഫിക്കറ്റ് നെയിം ആണ് മൈഥിലി'.

അനുവിന്റെ ആ ചോദ്യം ക്യാന്റീനിലെ ബഹളത്തിനിടയിൽ ലയിച്ചു ചേർന്നു.

"അനു"... പെട്ടെന്നുള്ള വിളികേട്ട് മൂന്നുപേരും തിരിഞ്ഞു നോക്കി.

'നിന്റെ കൈയിൽ കുടയുണ്ടോ? നല്ല മഴ. ഫിലിപ്പോസിന്റെ വീട്ടിൽ കൊടുക്കാനുള്ള പാർട്ടി നോട്ടീസ് എന്റെ കൈയിലുണ്ടായിരുന്നു'.

താൻ അന്ന് ലൈബ്രറിയിൽ കണ്ട കണ്ണട വച്ച ചെറുപ്പക്കാരൻ. ഭാമ അയാളുടെ മുഖത്തേക്ക് നോക്കിയതേയില്ല.

'ഇല്ല ജീവേട്ടാ'.

ക്യാന്റീനിന്റെ മൂലയിൽ ചാരി വച്ചിരുന്ന വയലറ്റ് നിറത്തിൽ ചിത്രശലഭങ്ങളുള്ള കുട ജീവൻ കൈയിലെടുത്തു.

'ഇതാരുടെ കുടയാണ്. ഇതൊന്ന് ഞാൻ എടുത്തോട്ടെ.'

'ഇത് മൈഥിലിയുടേതാ. അല്ല ജീവേട്ടാ ഭാമയുടേതാണ്.'

'ഏതു ഭാമ?' ജീവൻ തിരക്കി.

'ഞങ്ങളുടെ സീനിയറായിട്ട് ജൂനിയേഴ്സിനെ അറിയില്ലല്ലേ. രാഷ്ട്രീയം മാത്രം പോരാ. വല്ലപ്പോഴുമെങ്കിലും ക്ലാസ്സിൽ കയറണം.'

'വീട്ടിൽ വരുമ്പോഴുള്ള നിന്റെ ഉപദേശം തന്നെ സഹിക്കാൻ വയ്യ. അത് പോരാഞ്ഞിട്ടാണോ കോളേജിലും ഉപദേശിക്കാൻ വരുന്നത്?'

'ആരാണ് ഭാമ?' ജീവൻ ചോദിച്ചു.

മുഖം താഴ്ത്തിയിരുന്ന ഭാമയ്ക്ക് നേരെ അനു കൈ നീട്ടി . 'അപ്പോൾ ഇതാണോ മൈഥിലി?'

ജീവൻ താരയെ നോക്കി ചോദിച്ചു.

'അല്ല ഇത് താര.' അനു പറഞ്ഞു.

'അപ്പോൾ നീ മൈഥിലി എന്ന് പറഞ്ഞത് ആരെക്കുറിച്ചാണ്?

'ഭാമയുടെ പേര് മൈഥിലി എന്നാണ്. പക്ഷേ ആ പേര് അവൾക്ക് ഇഷ്ടമല്ല .'

'മൈഥിലി ..... മിഥുലാപുരിയുടെ പുത്രി. രാമന്റെ പ്രിയ മൈഥിലി...'

'എനിക്ക് മൈഥിലി എന്ന പേര് ഒരുപാട് ഇഷ്ടമാണ്. എന്താണ് ആ പേരിന് ഒരു കുഴപ്പം?' ജീവൻ ചോദിച്ചു.

'കുട ഞാൻ എടുക്കുകയാണ്" എന്ന് പറഞ്ഞുകൊണ്ട് നടന്നകന്ന ജീവനെ നോക്കി ഭാമ ഇരുന്നു.

'മൈഥിലി' ഇന്ന് ആദ്യമായി ആ പേരിനോട് തനിക്കിഷ്ടം തോന്നി. അച്ഛനും അമ്മയും ഇട്ട പേരാണ് മൈഥിലി. അവരോടുള്ള വെറുപ്പ് ആ പേരിനോടും തനിക്കുണ്ടായിരുന്നു.മുത്തശ്ശിയിട്ട പേരാണ് ഭാമ. എല്ലാവരോടും ഭാമയെന്നാണ് പറഞ്ഞിരുന്നത്.

'ഭാമേ' അനുവിന്റെ വിളി അവളെ ചിന്തയിൽ നിന്നും ഉണർത്തി.

'ജീവേട്ടന്റെ വീട് എന്റെ വീടിന്റെ അടുത്താണ്. ഒന്നാന്തരം പാർട്ടിക്കാരനാണ് കക്ഷി. അച്ഛനുമായി പാർട്ടിപരമായ ഓരോരോ കാര്യങ്ങൾ സംസാരിക്കാൻ വീട്ടിൽ ഇടയ്ക്ക് വരാറുണ്ട്. ജീവേട്ടന് ആറു വയസ്സുള്ളപ്പോൾ അച്ഛൻ മരിച്ചതാണ്. ജീവേട്ടന്റെ അമ്മ ഫിസിക്സ് അധ്യാപികയാണ്. ഫിസിക്സിനോടുള്ള സ്നേഹം കാരണം സി.വി. രാമന്റെ ഓർമ്മയ്ക്കായിട്ട് ജീവേട്ടന്റെ അമ്മ മകനെ സ്നേഹത്തോടെ 'രാമൻ' എന്നാണ് വിളിക്കുന്നത്. വീട്ടിൽ വരുമ്പോഴൊക്കെ ഞാൻ ജീവേട്ടനോട് തമാശയായി ചോദിക്കാറുണ്ട്. എവിടെ രാമന്റെ മൈഥിലിയെന്ന്?'

തിരിച്ചു ഹോസ്റ്റലിലെ തന്റെ മുറിയിലെത്തിയ ഭാമയ്ക്ക് ഉറങ്ങാൻ കഴിഞ്ഞില്ല. കാരണം അവളെ സംബന്ധിച്ചിടത്തോളം അന്നത്തെ ദിവസത്തിന് ഏറെ പ്രാധാന്യമുണ്ടായിരുന്നു .

രാമന്റെ മൈഥിലി? എന്തിനായിരിക്കും ജീവേട്ടൻ അങ്ങനെ പറഞ്ഞത്. എപ്പോഴോ ഉറക്കത്തിലേക്ക് അവൾ വഴുതിവീണു.

പിറ്റേന്ന് പതിവിലും ഉത്സാഹത്തോടെയാണ് അവൾ കോളേജിലെത്തിയത്. ചെമ്പക മരച്ചോട്ടിൽ ജീവൻ നിൽക്കുന്നത് ദൂരെ നിന്നു തന്നെ അവൾ കണ്ടു. ജീവന്റെ അടുത്തേക്ക് വളരെ വേഗത്തിൽ അവൾ നടന്നു ചെന്നു.

'ഭാമയുടെ കുട'-ജീവൻ കുട അവൾക്ക് നേരെ നീട്ടി .

'ഞാൻ, തന്നെ മൈഥിലിയെന്ന് വിളിച്ചോട്ടെ. എന്താണെന്നറിയില്ല. ഈ പേര് മനസ്സിൽ നിന്ന് മായുന്നില്ല. ഈ മുഖവും.....'

അവളുടെ മറുപടിയ്ക്ക് കാത്തു നിൽക്കാതെ ചെമ്പകപ്പൂവിന്റെ ഗന്ധം കൊണ്ടുവരുന്ന കാറ്റിനൊപ്പം ജീവൻ നടന്നു പോയി.

പാർട്ടി പ്രവർത്തനത്തിന്റെ ഫലമായി കോളേജിൽ നിന്നും ജീവട്ടേനെയും കൂട്ടുകാരെയും പുറത്താക്കിയെന്ന വാർത്തയാണ് ഭാമയെ തേടി പിന്നീടെത്തിയത്. അനുവിലൂടെയായിരുന്നു പിന്നീട് ജീവന്റെ കാര്യങ്ങൾ ഭാമ അറിഞ്ഞിരുന്നത്. അച്ഛന്റെ പെട്ടെന്നുള്ള മരണം അനുവിനെ മനോരോഗാശുപത്രിയിലെ അന്തേവാസിയാക്കി മാറ്റി. അതോടെ ജീവനെക്കുറിച്ചുള്ള വിവരങ്ങൾ കൈമാറുന്ന കണ്ണിയുടെ ചങ്ങല പൊട്ടിപ്പോയി.

കോളേജ് കാലഘട്ടത്തിന്റെ ഇടയിലൊരിക്കൽ പോലും ഭാമ പിന്നീട് ജീവനെ കണ്ടിരുന്നില്ല. മനസ്സിൽ ആഗ്രഹമുണ്ടായിരുന്നെങ്കിലും...

വർഷങ്ങൾ കൊഴിഞ്ഞു പോയി.

ഒരു ദിവസം ഭാമയ്ക്കൊരു ഫോൺ കോൾ വന്നു. വർഷങ്ങൾ കഴിഞ്ഞിട്ടും അനുവിന്റെ ശബ്ദം ഭാമയ്ക്ക് മനസ്സിലായി.

'ഈ വരുന്ന മാസം പതിനെട്ടിന് എന്റെ കല്യാണമാണ്. നീ വരണം'.

'അനു നീ എന്നോട് ക്ഷമിക്കണം. അന്നാണ് എന്റെ പപ്പയുടെ ഓപ്പറേഷൻ. പുതുതായി പണിയിച്ചു കൊണ്ടിരുന്ന കെട്ടിടത്തിന് മുകളിൽ നിന്ന് വീണതാണ്.'

പിന്നീടൊന്നും സംസാരിക്കാൻ അവൾക്ക് കഴിഞ്ഞില്ല. അവൾ ഫോൺ താഴെ വച്ചു.

ഇന്ന് പതിനെട്ടാം തീയതി. സമയം രണ്ടു മണി. ഓപ്പറേഷൻ കഴിഞ്ഞ് പപ്പയെ ഐ.സി. യുവിൽ കിടത്തിയിരിക്കുകയാണ്. ഇപ്പോൾ അനു പുതിയ ജീവിതത്തിലേക്ക് പ്രവേശിച്ചിരിക്കും? ഭാമ ചിന്തിച്ചു.

പെട്ടെന്നാണ് അത് സംഭവിച്ചത്! തന്റെ കാലിൽ തട്ടി ഒരു ചെറുപ്പക്കാരൻ വീഴാൻ തുടങ്ങുന്നു.

ക്ഷമിക്കണം എന്ന് പറഞ്ഞ് ചെറുപ്പക്കാരന്റെ മുഖത്തേക്ക് നോക്കിയ അവൾ ഞെട്ടിപ്പോയി.

ഇത് ജീവേട്ടനല്ലേ? എത്ര മാറിപ്പോയിരിക്കുന്നു. തന്നെ തിരിച്ചറിഞ്ഞില്ലേ? എങ്ങനെ തിരിച്ചറിയാനാണ്. പണ്ട് കോളേജിൽ പാന്റും ഷർട്ടുമിട്ട് നടന്നിരുന്ന ഒരു വിദ്യാർത്ഥിനിയെ സാരിയിൽ ആരെങ്കിലും പ്രതീക്ഷിക്കുമോ?

എന്തെങ്കിലും പറയുന്നതിനുമുമ്പ് തന്നെ 'Its ok' എന്ന് പറഞ്ഞ് ജീവേട്ടൻ നടന്നു പോയിക്കഴിഞ്ഞിരുന്നു.

പിന്നീട് ജീവേട്ടനെ കാണുന്നത് തന്നെ പെണ്ണുകാണാൻ വന്നപ്പോഴാണ്. ജീവേട്ടനെ കണ്ട് താൻ ശരിക്കും ഞെട്ടിപ്പോയെന്ന് അവൾ ഓർത്തു .

'എനിക്ക് കല്യാണത്തിന് സമ്മതമാണെന്ന് ജീവേട്ടൻ പറഞ്ഞപ്പോൾ എന്തുകൊണ്ടോ താൻ പഴയ മൈഥിലിയാണെന്ന് പറയാൻ അവൾക്കു കഴിഞ്ഞില്ല. മധുവിധുവിന്റെ ആദ്യനാളുകളിൽ താൻ പഠിച്ച കോളേജിനെ കുറിച്ച് ജീവൻ വാചാലനായി.പിന്നീട് പതുക്കെ അവളുടെ കാതുകളിൽ മന്ത്രിച്ചു : 'നിനക്ക് ദേഷ്യം വരില്ലെങ്കിൽ ഒരു കാര്യം പറയട്ടെ. ഞാൻ പഠിച്ച കോളേജിൽ നിന്റെ പേരുള്ള ഒരു കുട്ടിയുണ്ടായിരുന്നു. അവളെ എനിക്ക് ഇഷ്ടമായിരുന്നു. പക്ഷേ എന്റെ ഇഷ്ടം അവളെ അറിയിക്കുവാൻ എനിക്ക് സാധിച്ചിട്ടില്ല.'

ജീവൻ അതു പറഞ്ഞപ്പോൾ സന്തോഷം കൊണ്ട് ഭാമയുടെ കണ്ണുകൾ നിറഞ്ഞൊഴുകി. അവൾ കരയുന്നത് കണ്ടിട്ട് തന്റെ രണ്ടു കൈകളും കൊണ്ട് ജീവൻ അവളെ തന്നിലേക്ക് അടുപ്പിച്ചു.

'നീ വിഷമിക്കേണ്ട. ഭാര്യ ഭർത്താക്കന്മാർ നല്ല സുഹൃത്തുക്കൾ ആയിരിക്കണം. അതുകൊണ്ടാണ് ഞാൻ ഇത് നിന്നോട് തുറന്ന് പറഞ്ഞത്.'

'ആ പെൺകുട്ടി'സംഭാഷണം പൂർത്തിയാക്കാൻ ഭാമയ്ക്ക് കഴിഞ്ഞില്ല.

'മൈഥിലി, ഈ വിഷയം നമുക്കിനി സംസാരിക്കേണ്ട. എത്രയോ പെൺകുട്ടികളെ ഞാൻ കണ്ടു. അവരെയൊന്നും എനിക്കിഷ്ടപ്പെട്ടിട്ടില്ല. നിന്നെ കണ്ടപ്പോൾ മുതൽ എന്നോ കണ്ട ഒരു പരിചയം പോലെ തോന്നി. നീയാണ് എന്റെ പെൺകുട്ടിയെന്ന് മനസ്സ് മന്ത്രിക്കുന്നത് പോലെ തോന്നി'.

ഇത്രയും പറഞ്ഞ് ജീവൻ അവളെ തന്റെ കരവലയത്തിനുള്ളിലാക്കി. പിന്നീട് പലവട്ടം താനാണ് ആ പഴയ മൈഥിലിയെന്ന് ജീവേട്ടനോട് പറയാൻ തുടങ്ങിയതാണെന്ന് അവൾ ഓർമ്മിച്ചു. പക്ഷേ കഴിഞ്ഞില്ല.

വർഷങ്ങൾ എത്ര പെട്ടെന്നാണ് പോകുന്നത് ?

മഴ ശക്തിയായി പെയ്തു കൊണ്ടേയിരിക്കുന്നു....

ഷെൽഫിൽ നിന്നും നീല പുറം ചട്ടയുള്ള ഒരു ഡയറി താഴെ വീണു. താനെന്നും ജീവേട്ടനിൽ നിന്നും മറച്ചുവെച്ച തന്റെ ഡയറി.

ഡയറിയിലെ ജനുവരി ഇരുപത്തിയൊൻപത് എന്ന തീയതിയ്ക്കു താഴെ 'പ്രിയ സഖാവിന്'എന്ന തലക്കെട്ട് ജീവേട്ടന്റെ കൈയൊപ്പോടെ കിടക്കുന്നു.

താൻ സ്വപ്നം കണ്ട തന്റെ പ്രണയം. അതാണ് ഇന്ന് തന്റെ ജീവിതം.

തന്റെ യൗവനത്തിൽ തന്നിലേക്ക് പ്രണയം പകർന്നു നൽകിയ ആളാണ് തന്റെ ഭർത്താവായ ജീവനായി നിൽക്കുന്നതെന്ന സത്യം തനിക്ക് മാത്രമേ അറിയൂ. താൻ മറച്ചു വച്ച സത്യം തന്റെ എഴുത്തിലൂടെ അദ്ദേഹം അറിയട്ടെ. ഒരു പക്ഷേ ചിലപ്പോൾ അദ്ദേഹം മാഗസിൻ ശ്രദ്ധിച്ചെന്നു വരില്ല. എന്നെങ്കിലും അറിയുമ്പോൾ അറിയട്ടെ. അതിനൊരു സുഖമുണ്ട്.

രാമന്റെ സ്വന്തം മൈഥിലി തന്നെയാണ് ഞാനെന്ന സത്യം! എന്റെ നിശ്ശബ്ദ പ്രണയത്തിന്റെ സത്യം! എന്നെന്നും രാമനുവേണ്ടി മാത്രം ജനിച്ചവളും കാത്തിരുന്നവളുമാണ് മിഥുലാപുത്രിയായ മൈഥിലിയെന്ന സത്യം!

■

അനൂപ് വി.
എസ്.എസ്.വി. കോളേജ്, വളയൻചിറങ്ങര

# മാന്ത്രികഭാവനയിലെ സഞ്ചാരങ്ങളും പാതകളും

ജീവിതം ഒരു യാത്രയാണെന്നും നിരന്തരമായ ജീവിതചര്യകളിലൂടെ നാമോരുത്തരും ഓരോ വഴികൾ അന്വേഷിക്കുകയും അതു കണ്ടെത്തുന്നതിലൂടെയോ അന്വേഷണതുടർച്ചയിലൂടെയോ ജീവിതമവസാനിപ്പിക്കുകയാണെന്നും നാം സാമാന്യമായി കരുതാറുണ്ട്. അർത്ഥപൂർണ്ണമായ ലക്ഷ്യത്തിലേക്കുള്ള ഒന്നാണ് പലപ്പോഴും യാത്രകൾ. വഴിവിട്ട യാത്രകളിലല്ലാതെ അന്വേഷണ പൂർണ്ണമായ യാത്രകളിൽ വഴികളെപ്പോഴും കൃത്യതയുള്ളതും അതിരുകൾ ഉള്ളതുമായിരിക്കും. വഴികളേ അപൂർണ്ണമായ ചില നാട്ടുരാവുകളിലെ നിഗൂഢസ്മരണകളാണ് ഈ മാന്ത്രികലോകത്തിലെ സഞ്ചാരപാതകളെപ്പറ്റിയുള്ള അന്വേഷണത്തിൽ പ്രധാനമാകുന്നത്. കളിച്ചുനടന്ന ബാല്യത്തിൽ പഠിച്ചുനടന്ന കൗമാരത്തിൽ ഗവേഷണം ചെയ്ത യൗവ്വനത്തിൽ എല്ലാം നടത്തിയ നാട്ടിൻപുറസഞ്ചാരത്തിൽ കണ്ടെത്തിയ നാട്ടുവഴികളുടെ രാത്രിയോർമ്മകളാണ് ഇതിലൂടെ പങ്കുവയ്ക്കുന്നത്. ഭൗതികമായ തുടക്കവുമൊടുക്കവുമുള്ള വഴികൾക്ക് കുറുകയും നെറുകയും അലയാൻ വിധിക്കപ്പെട്ട ആത്മാക്കളുടെ നാട്ടുവഴികൾ ഇക്കാലമത്രയും എന്റെ ചിന്തകളെ അലോസരപ്പെടുത്തുകയോ ആനന്ദപ്പിക്കയോ ചെയ്തിട്ടുണ്ട്.

അതിനിഗൂഢമായ രാത്രിയുടെ അന്ത്യയാമങ്ങളിൽ യാതൊരു ലക്ഷ്യവും മുന്നിൽ കാണാതെ മരണശേഷവും അലയാൻ വിധിക്കപ്പെട്ട പരേതാത്മാക്കളുടെ ആഘോഷയാത്രകളിൽ തെളിഞ്ഞിരുന്ന വഴി നാട്ടിൻപുറത്തെ മാന്ത്രിക ഭാവനകളുടെ രാക്കിനാവായിരുന്നു. കേരളത്തിലെ മാന്ത്രികഭാവനകളെ കരുപ്പിടിപ്പിക്കുന്നതിൽ ശബ്ദ-ദൃശ്യമായികതയെപ്പോലെ ത്തന്നെ വളരെ പ്രധാനപ്പെട്ട ഒരു ഉപാധിയായിരുന്നു ഈ സഞ്ചാര പാതകൾ. കേരളത്തിന്റെ ഭൗതിക ഭൂപടത്തിന് കുറുകയും നെറുകയുമായി അലഞ്ഞ ഈ സങ്കല്പങ്ങളുടെ സാമൂഹികപ്രസക്തിയെക്കുറിച്ച് പില്ക്കാലത്ത് ധാരാളം ആലോചിക്കുകയും എഴുതുകയും ചെയ്തിട്ടുണ്ട്. സേലത്തിനടുത്തുള്ള ആർക്കോടിനു സമീപമുള്ള പഴകനെല്ലൂരിൽ നിന്ന് കാവേരിപൂംപട്ടണത്തിലേക്കും ആരുവാമൊഴിപ്പാതയിലൂടെ മുപ്പന്തലിലേക്കും പിന്നീട് തോവാളയിലൂടെ കളിയങ്കാട്ടിലേക്കും അവിടന്ന് കേരളത്തിലേക്കും പടരുന്ന നീലിയുടെ കാലത്തിനും ദേശത്തിനും കുറുകെയുള്ള സഞ്ചാര പാതകൾ പലതരത്തിൽ വിസ്മയിപ്പിച്ചിട്ടുണ്ട്.

ബാല്യത്തിലെ രാപ്പേടികളിൽ ഈ വഴിയെനിക്ക് അടയാളപ്പെടുത്തി തന്നിരുന്നത് പടിഞ്ഞാറു നിന്ന് പുഴകടന്ന് എത്തിയിരുന്ന മാന്ത്രികപാരമ്പര്യമുള്ള അപ്പച്ചേട്ടനായിരുന്നു. സ്കൂൾ അവധിദിവസങ്ങളിൽ ഞങ്ങളുടെ നാടു നില്ക്കുന്ന ഉയർന്ന പ്രദേശത്തിൽ നിന്നും ഇറക്കമിറങ്ങി നീണ്ട പാടശേഖരത്തിനു നടുവിലൂടെ പോകുന്ന വഴിയിൽ അപ്പച്ചേട്ടൻ നടത്തിയ രാത്രി സഞ്ചാരങ്ങളെപ്പറ്റിയുള്ള കഥകൾ വല്ലാത്തൊരു അനുഭവമായിരുന്നു. ജോലിസംബന്ധമായ ആവശ്യങ്ങളുടെ ഭാഗമായി പുലർച്ചെ ഏറെ വെളുപ്പിന് പുഴകടന്ന് അക്കരെ പോകേണ്ടിയിരുന്ന ചേട്ടൻ ആ പാടത്തിനു നടുവിൽ നേർരേഖ പോലെ തെളിഞ്ഞു കിടക്കുന്ന വരമ്പിലൂടെ നടന്നതും പിന്നീടങ്ങോട്ട് നടത്തം തന്നെയായിരുന്നത്രെ!! നടന്നു പിന്നിട്ട വഴികൾ എന്തിന്നെന്നറിയാതെ വീണ്ടും ആവർത്തിച്ച് ഒടുവിൽ നേരം പുലർന്നപ്പോൾ വഴിതെറ്റിയതു ബോധ്യമായി തിരിച്ചുവന്നുവെന്നുമാണ് കഥ. പൊട്ടൻ വഴി തെറ്റിക്കുക എന്ന് സമാന അനുഭവമുള്ള കഥ



കേരളത്തിലെ നാട്ടിൻപുറങ്ങളിൽ പ്രാദേശികഭേദത്തോടെ പ്രചരിക്കുന്ന ഒന്നാണ്.

പൊട്ടൻവഴിതെറ്റിക്കുക എന്ന തരത്തിലുള്ള ഈ കഥ പലപ്രകാരത്തിൽ കേരളത്തിലുടനീളം പ്രചരിക്കുന്ന ഒന്നാണ്. അതുപോലെതന്നെ ഏറെ പ്രചാരത്തിലുള്ള ഒരു കഥയാണ് പോത്തുകാലിന്റേതും. രാത്രിയേറെ കഴിഞ്ഞുനടന്നത്തെമ്പോൾ കണ്ടെത്തുന്ന മനുഷ്യനുമായി സംസാരിക്കുമ്പോൾ അയാളുടെ കാലുകൾ പെട്ടന്ന് പോത്തുകാലാണെന്ന് കണ്ടെത്തുകയും പേടിക്കുകയും ചെയ്യുന്നത്. രാസഞ്ചാരങ്ങളിൽ പാതവക്കിലൊളിച്ചു നില്ക്കുന്ന ഒടിയുടെ സൂചനകളീ കഥകളിലുണ്ട്.

അപ്പച്ചേട്ടന്റെ ആഖ്യാനത്തിലെ നേർരേഖപോലെതെളിഞ്ഞ പാടത്തെ നീണ്ടവഴി കടന്നു ഇപ്പോഴെത്തുന്നത് പ്രസിദ്ധനായ പനമ്പിള്ളി ഗോവിന്ദമേനോന്റെ സ്മരണയുണർത്തുന്ന തീരദേശ റോഡിലാണ്. അതിനപ്പുറം ചാലക്കുടിപ്പുഴയ്ക്ക് ഇടയിലായുള്ള രണ്ടു വലിയപറമ്പുകളിൽ (പടിഞ്ഞാറേത്തോട്ടം, കിഴക്കേത്തോട്ടം എന്ന് പഴമക്കാർ) ഇന്ന് അന്യദേശ തൊഴിലാളികൾ വാസമുറപ്പിച്ചിട്ടുണ്ട്. കുട്ടിക്കാലത്ത് ഞങ്ങളവിടെ കളിക്കാൻ പോകുമ്പോൾ വെള്ളിയാഴ്ച ഒഴിവാക്കുമായിരുന്നു. കാരണം ശങ്കരമ്മാൻ എന്ന മന്ത്രവാദിയെ മാന്ത്രികവിദ്യ പഠിപ്പിച്ച മറിയത്തുമ്മ എന്ന സ്ത്രീയെ ഗർഭിണിയായിരിക്കെ കൊന്നു തള്ളിയ കോരുത്തോട് കടന്നുവേണം ഈ പറമ്പിലേക്ക് എത്തുവാൻ. ഇന്ന് ഈ കോരുതോട് നികന്ന് പുഴയിൽനിന്നുമുള്ള വെള്ളത്തിന് പൈപ്പ് ഇട്ടിട്ടുണ്ട്. പക്ഷേ ഈ രണ്ടു കാലത്തിനുമിടയിൽ ഒരുപാട് പേർ രാത്രികാലങ്ങളിൽ കുട്ടികളുടെ കരച്ചിൽ കേട്ടു ഞെട്ടിയ നാട്ടുവഴിയായിരുന്നു അത്.

കൊരട്ടി സ്വരൂപത്തിന്റെ തായ് വഴി ആയിരുന്ന പാക്കാട്ട് സ്വരൂപത്തിലെ തമ്പുരാട്ടിയെ ആധിക്ഷേപിച്ച ശങ്കരമ്മാനെ പടയാളികൾ ഓടിച്ചിട്ട വഴിയാണത്. അരിയനൂറത്തേയും വാളൂർകലിക്കലേയും പെലിച്ചേരിമുത്തിയിലേയും പുലയപ്പതികളിൽ (ഞങ്ങളുടെ നാട്ടിലെ പുലയസമുദായക്കാർക്കിടയിലെ ആരാധനയ്ക്കായി ഉപയോഗിച്ചിരുന്ന രണ്ടു പ്രധാനപ്പെട്ട നാട്ടുപതികളായിരുന്നു ഇതു രണ്ടും. ഇന്നും ആരാധന നിലനില്ക്കുന്നുണ്ടെങ്കിലും പഴയ ആരാധനാസമ്പ്രദായങ്ങളൊക്കെ വിട്ടു സാമാന്യ ആരാധനയുടെ ഭാഗമാവാനുള്ള വ്യഗ്രത അവരിൽ കാണാം) നാട്ടുകാരണവന്മാർ, പല കാലങ്ങളിലായി മരിച്ചു മണ്ണടിഞ്ഞു പോയവർ കുംഭമാസത്തിൽ കാറ്റത്തു കരയിലപോലെ പാറിപ്പറന്നു തിരിച്ചിട്ട തിരിവെള്ളംപോലെ ആനകളികണ്ടു അന്തംമറിഞ്ഞ് കുതിരകളികണ്ടു കൂത്താടി തങ്ങളുടെ പിൻതലമുറയെ കാണാൻ ആർത്തട്ടഹസിച്ചുവന്നിരുന്ന വഴിയാണത്.

ഈ വഴികളിലെ ആത്മാക്കളുടെ രാസഞ്ചാരത്തിനു പോക്കുവരവ് എന്നാണ് നാട്ടുഭാഷയിൽ പറയുക. ചാലക്കുടിപ്പുഴയോരത്തെ അന്നമനട മഹാദേവ ക്ഷേത്രത്തിലേക്കു കുറച്ചുകൂടി പടിഞ്ഞാറുമാറിയുള്ള തലക്കുള്ളത്ത് ദേവിയുടെ പോക്കുവരവ് ഉണ്ടത്രെ!! രാത്രി താലവും കുത്തുവിളക്കുമായി ദേവി ഭൂതഗണങ്ങളോടുകൂടി അന്നമനട ക്ഷേത്രത്തിലെത്തി തിരികെ പോകുന്ന നാട്ടുവഴികളിലിന്നു നിറയെ കെട്ടിടങ്ങളാണ്. പക്ഷേ അവിടുത്തെ പഴമനസ്സുകളിലിന്നും ഈ വഴിയുണ്ട്. ഇലക്ട്രിസിറ്റിപോലുമില്ലാത്ത കാലങ്ങളിൽ രാത്രിയിൽ എപ്പോഴോ ഉണർന്നു കണ്ട കാഴ്ച ഓർക്കുന്ന കണ്ടരുമഠത്തിൽ അയ്യ അമ്മൂമയും കുഞ്ഞിക്കാളി അമ്മായിയും കല്യാണി ചേച്ചിയുമെല്ലാം ആ പേടി എനിക്കു പകർന്നു തന്നു. "എന്റെ മാഷേ പന്തമങ്ങോട്ട് നീങ്ങി പോകുന്നതുകണ്ട കാഴ്ച ഓർക്കുമ്പോൾ ഇപ്പോഴും വിറയലാണ്" എന്ന് പറഞ്ഞു തരുന്ന ശക്തമായ കാഴ്ചയനുഭവങ്ങൾ.

എന്റെ വീടിന് സമീപത്തു ഇപ്പോഴും ഒന്നും ചെയ്യാതെ കാടുകേറി കിടക്കുന്ന ഒരു കൊച്ചു ഇടവഴിയുണ്ട്. നാട്ടിൽ പണ്ടുണ്ടായിരുന്നതും ഇന്നു മൂടപ്പെട്ടതുമായ കുളത്തിൽ നിന്നും ഈ വഴിയിലൂടെ അടുത്തുള്ള മലംപതിയിലേക്കും അവിടുന്ന് പുഴകടന്ന് അന്നമനട മഹാദേവ ക്ഷേത്രത്തിലേക്കും തിരിച്ചും ഒരു പോക്കുവരവുണ്ടായിരുന്നുവെന്ന കേട്ടു പേടിച്ചതും പുതപ്പിനകത്തു കിനാവുകണ്ടതും യാത്രാനുഭൂതി തന്നെ എന്നിപ്പോൾ മനസ്സിലാകുന്നു.

ഇതിനേക്കാൾ ഭീകരമാണ് തേർക്കെട്ട്, തണ്ടൻത്തല്ലക പോലുള്ള അനുഭവങ്ങൾ. അപ്പച്ചേട്ടൻ തന്നെ പറഞ്ഞ കഥകൾ ഉണ്ട് ധാരാളം. ജീവിതത്തിൽ ഒന്നും കിട്ടാതെ മരിച്ച ഗതികെട്ട ആത്മാക്കൾ ( അതിൽ നമ്പൂതിരി സ്ത്രീകളും അപ്പന്മാരുമുണ്ടത്രെ!!) ആർത്തട്ടഹസിച്ച് കാണുന്നവരെ ഉപദ്രവിച്ചു നടന്നതും ഈ വഴിയിലൂടെ തന്നെ. ഗതികിട്ടാതെ അലയുന്ന, പല കാലത്തിൽ പലസാമൂഹികനിലയിലുള്ള ആത്മാക്കളുടെ ക്രമംതെറ്റിയുള്ള അധികാരനിലയിലുള്ള ഈ സഞ്ചാരപാതകൾ യഥാർത്ഥത്തിൽ പലപ്പോഴും പ്രത്യയശാസ്ത്ര പരമായ അപരലോകക്രമത്തെ വിഭാവനചെയ്യുന്ന ഇടങ്ങളുണ്ട്.

ഇന്ന് ഈ നാട്ടുവഴികൾ മുഴുവൻ നിറയെകെട്ടിടങ്ങളും ടാറിട്ട പുതിയ വഴികളുമായി പരിണമിച്ചു. ആത്മാക്കൾ ആർത്തട്ടഹസിച്ച മാന്ത്രികഭാവനകൾ നിർമ്മിച്ച പഴമനസ്സുകൾ മണ്ണോടടിഞ്ഞു. പക്ഷേ ബാല്യത്തിലെ നാട്ടനുഭവങ്ങളിൽ കരിമ്പടപ്പുതപ്പുകൾക്കിടയിൽ വിയർത്തുറങ്ങു പേടിച്ചുറങ്ങിയ ഒരു തലമുറയ്ക്കു കൂടി ഈ റോഡിനു സമാന്തരമായും ഇടകലർന്നും കിടക്കുന്ന ഈ പ്രേതവഴികളറിയാം. പല കാലങ്ങളിൽ പല അധികാരസ്ഥാനങ്ങളിൽ പല പ്രായ വർഗ്ഗ സംവർഗങ്ങളിൽ ജീവിച്ചിരുന്ന, ജീവിതം മതിയാകാത്ത ഒരുകൂട്ടം ആത്മാക്കൾ അലയാൻ വിധിക്കപ്പെട്ടവരെന്ന ഒറ്റ സമാനാനുഭവത്തിൽ കൂട്ടംകൂടി ലക്ഷ്യങ്ങളില്ലാതെ അലഞ്ഞുനടന്ന ഈ നാട്ടുവഴികൾ നിർമ്മിക്കുന്ന മാന്ത്രികഭാവന നമ്മുടെ സാമാന്യ യുക്തിയിൽ നിന്നും വിട്ടുനില്ക്കുന്നു. വല്ലാതെ ഭ്രമിപ്പിച്ച്... ■

രാഗി ആർ ജി
കെ എസ് എം ഡി ബി കോളേജ്, ശാസ്താംകോട്ട


# അറവുകല്ല് - കുറ്റബോധത്തിന്റെ സുവിശേഷം

ഹൃദയത്തിലേയ്ക്ക് വലിച്ചടുപ്പിക്കുകയും പറിച്ചെടുക്കാനാവാത്ത ആഴത്തിൽ തറപ്പിച്ചൊരു മുള്ളുകൊണ്ട് വ്രണപ്പെടുത്തുകയും ചെയ്യുന്ന കഥയാണ് കെ ആർ മീരയുടെ 'അറവുകല്ല്'. സമകാല കഥാപരിസരത്തിൽ ഭാഷയും ആഖ്യാനവും ഇത്രയേറെ ഉരുകിച്ചേർന്ന മറ്റൊരു കഥ വിരളമായിരിക്കും. പാൽമണം മാറാത്ത ഇളം ശരീരങ്ങളുടെ മേലുള്ള ലൈംഗിക അതിക്രമങ്ങളുടെ ഗാഥ നിത്യമെന്നോണം കേൾക്കേണ്ടിവരുന്ന വരണ്ട കാലത്തു അറവുകല്ലിന് പ്രമേയപരമായ പുതുമ അവകാശപ്പെടാനില്ല. എന്നാൽ കഥയിലാകെ വാരിപ്പുണർന്നു നിൽക്കുന്ന രസം ഭാഷയുടെയും ആഖ്യാനത്തിന്റെയും സൂക്ഷ്മത്തിലേക്കു എത്തുന്നുവെന്നത് ഈ കഥയെ വ്യത്യസ്തമാക്കുന്നു. ബീഭത്സമാണ് 'അറവുകല്ലിലെ ' അംഗിയായ രസം.രാത്രിതോറും ശരീരത്തിൽ കൊഴുത്ത രക്തം കിനിയുന്ന നിർമ്മല മേരിയും അന്തരാത്മാവിൽ ഉറച്ചുപോയൊരു അറവുകല്ലും പേറി നടക്കേണ്ടി വരുന്ന ഡോക്ടർ ജോഷ്വയുമാണ് കഥയിലെ പ്രധാന കഥാപാത്രങ്ങൾ.

ചോരത്തിളപ്പിന്റെ കാലത്ത്, രണ്ടു കൂട്ടുകാർക്കൊപ്പം ബാല്യം വിടാത്തൊരു പെൺകിടാവിനെ ബലാത്സംഗം ചെയ്യുകയും അർദ്ധ പ്രാണനായവളെ ചതുപ്പിൽ പുതയ്ക്കുകയും ചെയ്തു ഡോ. ജോഷ്വ.എച്ചിൽ വീപ്പയിൽ നിന്നും കടിച്ചീമ്പിയ ഇറച്ചിക്കഷ്ണത്തിൽ ബാക്കി വല്ലതുമുണ്ടോ എന്നു പരിശോധിക്കുന്ന വേളയിലാണ് ആ കൊച്ചു പെൺകുട്ടിയെ ജോഷ്വയും കൂട്ടുകാരും കണ്ടെത്തുന്നത്. മുഴപ്പട്ടിണിക്കാരിക്ക് ഭക്ഷണമാണല്ലോ പ്രലോഭനം. ഭക്ഷണം കൊടുക്കാമെന്നു പറഞ്ഞു ഒപ്പം കൂട്ടിയ അവളെ കുളിപ്പിച്ച് വൃത്തിയാക്കി മൂവരും ചേർന്ന് അതിക്രൂരമായി ബലാത്സംഗം ചെയ്തു. ജോഷ്വയുടെ ആക്രമണത്തെ അവൾ ചെറുത്തിരുന്നില്ല. കഴിച്ച ബിരിയാണിയുടെ നന്ദിയാലും ആക്രമിക്കും മുമ്പ് തന്നോട് കാണിച്ച സ്നേഹവായ്പിനാലും അവൾ വിധേയപ്പെടുകയായിരുന്നു. മറ്റു രണ്ടു പേർ കൂടി ചാടി വീണപ്പോൾ ആ കുഞ്ഞുശരീരം പ്രതിരോധിക്കുകയും അവരെ കടിച്ചു മുറിവേൽപ്പിക്കുകയും ചെയ്തു. പീഡനപർവ്വത്തിന്റ അവസാനം "പെൺകുട്ടിയുടെ തല ഒരു വശത്തേക്കു ചരിഞ്ഞു. അവളുടെ നാടിമിടിപ്പ് നിലച്ചു. മൂക്കിലും വായിലും വിടരാൻ വ്യഗ്രതപ്പെടുന്ന പിഞ്ചു മാറിലും തുടകളിലും പാതിയുരുകിയ ചുവന്ന കറുത്ത മെഴുകുപോലെ രക്തം പറ്റിനിന്നു (അറവ് കല്ല്). പെൺകുട്ടി മരിച്ചെന്നു കരുതി മൂവരും പുഴയോരത്തെ ചതുപ്പുമണ്ണിൽ അവളെ പുതയ്ക്കുകയും അതിനു മുകളിലായി ഉരുളൻ കല്ല് വയ്ക്കുകയും ചെയ്തു. അന്നുമുതൽ ജോഷ്വയുടെ മനസ്സിൽ ഒരു അറവ് കല്ല് വിങ്ങാൻ തുടങ്ങി.

വിദേശത്ത് അറവുകാരനായ ജോഷ്വയുടെ അപ്പൻ വീടിനു മുന്നിൽ ഒരു അറവുകല്ല് സ്ഥാപിച്ചിരുന്നു. വിദേശത്തേക്ക് പറക്കും മുമ്പ് ആ അറവുകല്ലിൽ നിന്നും കോഴിയുടെയോ മുയലിന്റെയോ ആടിന്റെയോ ഒക്കെ കരൾ ദ്രവിപ്പിക്കുന്ന കരച്ചിലുയർന്നിരുന്നു. "മൃഗങ്ങളെ മനുഷ്യരാക്കുകയാണ് താൻ എന്നായിരുന്നു അപ്പന്റെ പ്രമാണം" (അറവു കല്ല്) അപ്പന് ഓരോ അറവും ഓരോ ബലിയായിരുന്നു. ബാല്യം മുതൽ അറുക്കുന്നവന്റെയും അറുക്കപ്പെടുന്നവരുടെയും

കാഴ്ചയും കാഴ്ചപ്പാടും കണ്ടുവളർന്ന ജോഷ്വയിൽ അസ്ഥിരമായൊരു മാനസിക ഘടനയാണ് രൂപപ്പെട്ടത്. ഒരേസമയം അയാൾ കുറ്റബോധം കൊണ്ട് ഉരുകുകയും കുറ്റബോധം തോന്നിയതിൽ സ്വയം കുറ്റപ്പെടുത്തുകയും ചെയ്തു. മനസ്സിലൊരുക്കിയ അറവുകല്ലിൽ ജോഷ്വ സ്വയം തലവച്ച് കിടക്കുകയായിരുന്നു. കൊച്ചു പെൺകുട്ടിയെ വലിച്ചു കീറാൻ ഒപ്പം നിന്ന കൂട്ടുകാർക്കൊന്നും അവളൊരു എതിരാളിയായി പോലും തോന്നിയില്ല. തവള പിടുത്തക്കാർ രക്ഷിച്ച പെൺകുട്ടിയെ ചികിത്സയ്ക്കായി കൊണ്ടുവന്നത് ജോഷ്വ പഠിക്കുന്ന മെഡിക്കൽ കോളേജിലായിരുന്നു. ആരും ചോദിക്കാനോ സംരക്ഷിക്കാനോ ഇല്ലാത്ത പെൺകുട്ടിയെ കൊന്നുകളയാൻ കൂട്ടുകാർ ആവശ്യപ്പെടുമ്പോൾ, ഒരിക്കൽ അവളെ ചതുപ്പിൽ പുതയ്ക്കാൻ ധൈര്യം കാട്ടിയ ജോഷ്വയ്ക്ക് അതിന് കഴിയാതിരുന്നത് അയാളുടെ ചഞ്ചല സ്വഭാവം കൊണ്ടു തന്നെയാണ്. ഈ മനശ്ചാഞ്ചല്യം അയാളെ വീണ്ടും വീണ്ടും മന:സാക്ഷിയുടെ അറിവുകല്ലിൽ കിടത്തുന്നു. ആക്രമിച്ചു മുറിവേൽപ്പിച്ചവളെ ജോഷ്വ സംരക്ഷിക്കാൻ തീരുമാനിച്ചു. നല്ല ഭക്ഷണവും മികച്ച ചികിത്സയും അവൾക്കുറപ്പാക്കി. അവളുടെ വീട് സന്ദർശിച്ചു. മാനസിക രോഗികളായ അച്ഛനമ്മമാരും പോളിയോ വന്ന് ശരീരം തളർന്ന അനുജത്തിയും പ്ലാവില തിന്നു വിശപ്പടക്കുന്ന അനുജനുമായിരുന്നു അവളുടെ സമ്പാദ്യം. അവരുടെ ഏക ആശ്രയമായിരുന്ന മുത്തശ്ശിയുടെ മരണശേഷമാണ് എച്ചിൽ വീപ്പകളിൽ അവൾ ഭക്ഷണം തിരഞ്ഞു വന്നത്. അവരെ സംരക്ഷിക്കുന്നതിന് കുറച്ചു തുക അയൽക്കാരെ ഏൽപ്പിച്ചു വിദേശത്തു തുടർ പഠനത്തിനായി ജോഷ്വ യാത്ര തിരിക്കുന്നു. ഇടം മാറിയിട്ടും രാജ്യം തന്നെ വിട്ടു പോയിട്ടും ജോഷ്വയുടെ മനസ്സിന് സ്വസ്ഥമാകാൻ കഴിഞ്ഞില്ല. പഠനം പാതിവഴിയിൽ നിർത്തി അയാൾക്ക് തിരികെ പോരേണ്ടിവന്നു. അപ്പോഴേക്കും ആ പെൺകുട്ടിയുടെ അവസ്ഥ ആകെ മാറിയിരുന്നു. അവളെ വീട്ടിലെത്തിച്ചു അക്ഷരം



പഠിപ്പിക്കാൻ ശ്രമിച്ചു. അമ്മ എന്നു പോലും അവൾക്കെഴുതാനായില്ലെങ്കിലും'നിർമ്മല മേരി' എന്ന സ്വന്തം പേരവൾ എഴുതിക്കാണിച്ചു.

പരിശുദ്ധ മറിയം എന്നർത്ഥം വരുന്ന നിർമല മേരി എന്ന നാമധേയം കഥയിൽ അവളുടെ നിഷ്കളങ്കതയുടെയും സഹനത്തിന്റെയും കൂടി അടയാളപ്പെടുത്തലാകുന്നു. ജോഷ്വയുടെ വീട്ടിലെ സൗകര്യങ്ങളിൽ നിർമ്മല മേരിയെ തളച്ചിടാൻ അയാൾക്കു പറ്റുന്നില്ല. അവൾ പുസ്തകം വായിക്കാൻ പഠിച്ച ദിവസം ജോഷ്വയെ സമീപിക്കുന്നത് ശാരീരിക ബന്ധത്തിനു വേണ്ടിയായിരുന്നു. ജോഷ്വ അതിനു വിസമ്മതിക്കുമ്പോൾ അവൾ പാചകക്കാരന്റെ കിടക്ക പങ്കിടുന്നു. ആഘാതവും കുറ്റബോധവും ഏറെയും കുറഞ്ഞും ജോഷ്വയെ പിടികൂടുമ്പോൾ താനതു ചെയ്തിരുന്നില്ലെങ്കിൽ മറ്റാരെങ്കിലും ചെയ്തേനെ എന്നയാൾ ആശ്വസിക്കുന്നു. എന്നാൽ മറുപുറത്തിൽ അന്നവളെ ആക്രമിക്കാതെ അടുത്തിരുത്തി ജീവിത സാഹചര്യങ്ങൾ ചോദിച്ചറിഞ്ഞിരുന്നെങ്കിൽ, ആ കുടുംബത്തെ സംരക്ഷിച്ചിരുന്നെങ്കിൽ എന്നു പോലും അയാൾക്കു തോന്നിപ്പോകുന്നു . അങ്ങനെ ഇറക്കിവെക്കാൻ ആകാത്ത കുറ്റബോധത്തിന്റെ അറവുകല്ലിൽ അയാൾ ബലിമൃഗമായി മാറിക്കൊണ്ടിരുന്നു.

ആദ്യമായി ആക്രമിക്കപ്പെട്ട നിമിഷം മുതൽ നിർമ്മലമേരിക്ക് ജീവിതം സഹനാനുഭവങ്ങളുടേതായിരുന്നു. രാത്രി തോറും അവളുടെ ശരീരത്തിൽ നിന്നും കറുത്ത കൊഴുത്ത രക്തം സ്രവിച്ചു. എത്ര ഡോക്ടർമാർ പരിശോധിച്ചിട്ടും അവളുടെ ശരീരത്തിൽ മുറിവുകൾ കണ്ടെത്തിയില്ല. അത് അവളുടെ മുറിവേറ്റ ഹൃദയത്തിൽ നിന്നു വമിച്ചതായിരുന്നു. ഒരു ആറു വയസ്സുകാരിയുടെ ഭീതിദവും ബീഭത്സവുമായ അനുഭവത്തിന്റെ ചോരച്ചൊരിച്ചിലായിരുന്നവത്. ജുഗുപ്സാവഹമായിരുന്നു അവളുടെ രക്തസ്രാവം. കൺപീലികളിൽ പോലും രക്തത്തിന്റെ കറുത്ത കൊഴുപ്പ് തളംകെട്ടി നിന്നു. മൂന്നു പുരുഷന്മാർക്കൊപ്പം ശയിക്കാതെ ഒരു ദിനവും കടന്നുപോകാനവൾക്ക് കഴിയുമായിരുന്നില്ല. ശരീര വില്പനക്കാരിയായല്ലാതെ അവൾക്ക് ജീവിക്കാനാകുമായിരുന്നില്ല. പോളിയോ ബാധിച്ച പതിനാലുകാരിയായ അനുജത്തി രണ്ടു തവണ ഗർഭിണിയാക്കപ്പെടുകയും കുഞ്ഞനുജൻ പേപ്പട്ടി കടിച്ചു മരിക്കുകയും ചിത്തരോഗത്താൽ

അച്ഛനമമ്മയും മരണപ്പെടുകയും ചെയ്തിട്ടും നിർമ്മല മേരിയുടെ രക്തച്ചൊരിച്ചിൽ അവസാനിച്ചില്ല. അവളെ രക്ഷിക്കാനുള്ള ജോഷ്വയുടെ എല്ലാ ശ്രമങ്ങളെയും ജുഗുപ്സയോടെ അവൾ അവഗണിച്ചു. വേട്ടക്കാരന്റെ കുഞ്ഞാടിൻ രൂപം ഒരു ആറു വയസ്സുകാരിയെ അത്രമേൽ വെറുപ്പിച്ചിരുന്നു. പുരുഷ കാമനയ്ക്ക് ശരീരം പങ്കിട്ട് അവൾ ജോഷ്വയോട് നിരന്തരം പ്രതികാരം വീട്ടി. ലൈംഗികത നിർമ്മല മേരിയുടെ പ്രതിരോധ തന്ത്രമായിരുന്നു.

നിർമ്മല മേരിയും ജോഷ്വയും സമൂഹത്തിലെ വിചിത്രവും വിഭിന്നവുമായ രണ്ടു രൂപകങ്ങളാണ്. ഒരേ സമയം ആക്രമിക്കുകയും കുറ്റബോധത്താൽ സംരക്ഷിക്കാൻ സന്നദ്ധനാവുകയും ചെയ്യുന്ന ജോഷ്വമാർ പുതിയകാലത്ത് ഏറെയാണല്ലോ! ബലാത്സംഗം ചെയ്തവൻ തന്നെ പെൺകുട്ടിയെ വിവാഹം കഴിക്കാൻ സന്നദ്ധനാവുകയും സമൂഹം ചിലപ്പോഴെങ്കിലും അതിനു സമ്മതം മൂളുകയും ചെയ്യുന്ന സംഭവങ്ങൾ സമകാലത്തും നിലവിലുണ്ട്. വേട്ടക്കാരൻ ഇരയെ സംരക്ഷിക്കുന്ന വിചിത്രമായ അവസ്ഥാന്തരത്തിനു കാരണം കുറ്റബോധമോ തെറ്റിൽ നിന്നും രക്ഷപ്പെടാനുള്ള തന്ത്രമോ ആകാം. ജോഷ്വ കുറ്റബോധത്തിന്റെ കയത്തിൽ നിന്നും പുറത്തു കടക്കാനാണ് അതിനു ശ്രമിക്കുന്നത്. മനസ്വാസ്ഥ്യത്തിനു വേണ്ടിയുള്ള അയാളുടെ സ്വാർത്ഥതയാണ് അതിനു കാരണം. യൗവനത്തിൽ ചെയ്തുപോയൊരു തെറ്റിൽ "കുറ്റബോധത്തിന്റെ പെട്ടകം ചുമന്ന് അയാൾക്കു മടുത്തിരുന്നു. അതെവിടെയെങ്കിലും ഇറക്കിവയ്ക്കാൻ അയാൾ തീവ്രമായി വെമ്പി"(അറവുകല്ല് ). സ്റ്റെല്ലയെ വിവാഹം കഴിച്ചെങ്കിലും അവൾ നഗ്നയായി മാറുമ്പോഴൊക്കെ അവളിലും ജോഷ്വ രക്തച്ചൊരിച്ചിൽ കണ്ടു. വൈവാഹിക ജീവിതമോ ഭൗതിക ജീവിതമോ സാധ്യമാകാതെ ഉരുകിയപ്പോഴാണ് അമ്പതാം വയസ്സിൽ അയാൾ വീണ്ടും നിർമ്മലയെ വീട്ടിലേക്ക് ക്ഷണിച്ചത്. അവിടെ വച്ച് അയാളെയും പ്രായപൂർത്തിയാകാത്ത മകനെയും കേവലം പുരുഷ ശരീരമായി മാത്രമേ നിർമ്മല കാണുന്നുള്ളൂ എന്ന തിരിച്ചറിവ് അയാളെ പാപബോധത്തിന്റെ തീവ്രതയിൽ ബന്ധിച്ചു. തന്റെ മകൾക്കും 'നിർമ്മല മേരി' എന്ന പേരാണ് ജോഷ്വ നൽകിയിരിക്കുന്നത് എന്നറിയുമ്പോൾ അത് വേണ്ടിയിരുന്നില്ല എന്ന് നിർമ്മല പറയുന്നു. മകളായി കാണേണ്ടിയിരുന്നവളുടെ ശരീരവും മനസ്സും നശിപ്പിച്ചവന്റെ പരിശുദ്ധപ്പെടാനുള്ള വ്യഗ്രതയെ അവൾ തച്ചുടക്കുന്നു. കാൽവണ്ണകളിൽ ചുവന്നു കറുത്ത പുതുചോര ഒലിപ്പിച്ചെത്തിയ മകൾ ആശങ്കയോടെ അച്ഛനെ തിരയുമ്പോൾ നികൃഷ്ടനാകാനും പരിശുദ്ധനാകാനും കഴിയാതെ നെഞ്ചിലെ അറവുകല്ലിൽ ജോഷ്വ തിരുമ്മി നിൽക്കുന്നു. 'മൃഗങ്ങളെ മനുഷ്യരാക്കുന്ന അറിവുകല്ല്'എന്നത് കഥയിലെ തീഷ്ണമായൊരു പ്രതീകമാണ്. മൃഗീയ വാസനകളിൽ നിന്നും മനുഷ്യത്വമുള്ള മനുഷ്യനിലേക്കുള്ള പരിവർത്തനമാണ് പശ്ചാത്താപം. മനുഷ്യനാക്കുന്ന കല്ല് ജോഷ്വയുടെ കുറ്റബോധത്തിന്റെയും പശ്ചാത്താപത്തിന്റെയും ബിംബമായി മാറുന്നു.

**പെൺശരീരം കാമനയ്ക്കുള്ള ഇടമായി മാത്രം കാണുന്ന ആൺ നോട്ടങ്ങളെ നിർമ്മലയുടെ രക്തസ്രാവം കൊണ്ട് കറുപ്പിക്കാനാണ് കഥാകാരി ശ്രമിക്കുന്നത്. ജോഷ്വയ്ക്ക് ഒരിക്കലും പാപമുക്തി നൽകാത്ത നിർമ്മല ഹൃദയംകൊണ്ട് മുറിവേറ്റവളെങ്കിലും ആർജ്ജവമുള്ള പുതിയ പെൺകാലത്തിന്റെ പ്രതിനിധിയാണ്. ഇടങ്ങളും മുഖങ്ങളും അപ്രസക്തമാകുമ്പോഴും ഇന്നും നിലനിൽക്കുന്ന യാഥാർത്ഥ്യമാണ് അറിവുകല്ലിലെ ജോഷ്വയും നിർമ്മല മേരിയും. വാക്കുകളുടെ മുനകൊണ്ട് വായനക്കാരുടെ ഹൃദയം കോറിവരയ്ക്കുകയാണ് മീര .**

നിർമ്മല മേരിയും പോളിയോ ബാധിച്ച അവളുടെ അനുജത്തിയും പുരുഷകാമനയുടെ ബീഭത്സമുഖങ്ങൾക്കു ഇരയാണ്. കൊടിയ പട്ടിണിയും ദാരിദ്ര്യവും ചൂഷകരുടെ രാസത്വരകങ്ങളാകുന്നതിന്റെ ദുരന്തകാഴ്ചയാണ് അറവ്കല്ല് എന്ന കഥ. നിർമലമേരിയിൽ നിന്നും ഒലിച്ചിറങ്ങുന്ന കറുത്ത രക്തം പുരുഷാസക്തിയുടെ മുഖത്ത് വീണ് പൊള്ളിക്കുന്നതാണ് കഥയുടെ രസതന്ത്രം.

പെൺശരീരം കാമനയ്ക്കുള്ള ഇടമായി മാത്രം കാണുന്ന ആൺ നോട്ടങ്ങളെ നിർമ്മലയുടെ രക്തസ്രാവം കൊണ്ട് കറുപ്പിക്കാനാണ് കഥാകാരി ശ്രമിക്കുന്നത്. ജോഷ്വയ്ക്ക് ഒരിക്കലും പാപമുക്തി നൽകാത്ത നിർമ്മല ഹൃദയംകൊണ്ട് മുറിവേറ്റവളെങ്കിലും ആർജ്ജവമുള്ള പുതിയ പെൺകാലത്തിന്റെ പ്രതിനിധിയാണ്. ഇടങ്ങളും മുഖങ്ങളും അപ്രസക്തമാകുമ്പോഴും ഇന്നും നിലനിൽക്കുന്ന യാഥാർത്ഥ്യമാണ് അറിവുകല്ലിലെ ജോഷ്വയും നിർമ്മല മേരിയും. വാക്കുകളുടെ മുനകൊണ്ട് വായനക്കാരുടെ ഹൃദയം കോറി വരയ്ക്കുകയാണ് മീര. തീഷ്ണ ബിംബങ്ങളാലും ജുഗുപ്സാവഹമായ വിവരണങ്ങളാലും കഥയാവശ്യപ്പെടുന്ന ഭാവം ആഖ്യാനഘടനയിൽ പകർത്താനുള്ള മീരയുടെ പ്രാഗല്ഭ്യം അറവുകല്ലിലും വ്യക്തമാണ്. പീഡിപ്പിക്കുന്നവർ സ്വതന്ത്രവിഹാരം നടത്തുന്ന പുതുകാലത്ത് പീഡനം ഏറ്റുവാങ്ങേണ്ടി വരുന്നവരുടെ മനസ്സിന്റെ രക്തസ്രാവം പകർത്തുന്ന ഈ കഥ മനോവ്യാപാരങ്ങളുടെ സങ്കീർണ്ണതകൾ പ്രത്യക്ഷവത്കരിക്കുന്ന ശ്രദ്ധേയമായ രചനയാണ്. ■

ബ്ലെയ്സ് ജോണി
ഹെൻ്റി ബേക്കർ കോളേജ്, മേലുകാവ്

# വരൂ കാണൂ, തിരശീലയിലെ ചോര

*“നിങ്ങളിൽ ചില പുല്ലുതീനികൾ പൂർണ്ണഗർഭിണിയുടെ/വയറു കീറി കുട്ടികളെ വെളിയിലെടുത്ത് തിന്നതോ?* – (“ക്യാ,” കടമ്മനിട്ട രാമകൃഷ്ണൻ)

സിനിമയെക്കുറിച്ചുള്ള ഗൗരവതരമായ ചർച്ചകളിൽ എക്കാലവും ഉയർന്നുവരുന്ന ചിന്തകളാണ് അതിന്റെ കലാമികവും രാഷ്ട്രീയപക്ഷപാതിത്വവും സംബന്ധിച്ചവ. സാങ്കേതികതയിൽ അധിഷ്ഠിതമായ സംവേദന മാധ്യമമെന്ന നിലയിൽ സിനിമ ഇവ രണ്ടും യഥാക്രമം ഉൾച്ചേർത്തുകൊണ്ടാണ് നിലനിൽക്കുന്നത്. എന്നാൽ, സ്വതന്ത്രമായ കലാവിഷ്കാരത്തിൽ ഉള്ളടങ്ങിയിരിക്കുന്ന അധികാര/രാഷ്ട്രീയ ധ്വനിഭേദങ്ങളെ ഇഴപിരിച്ചെടുത്ത് പരിശോധിക്കുകയെന്നത് സംസ്കാരപഠനത്തിലൂന്നിയ വിമർശപ്രക്രിയയുടെ (critique) ഭാഗമാകുന്നു. അതിനാൽ, കലാരൂപമായി പരിഗണിക്കപ്പെടുന്ന അവസരത്തിൽ ചലച്ചിത്രത്തിലെ നഗ്നത, ലൈംഗികത, ഹിംസാത്മകത എന്നിവയിൽ കേവലം ശരീരനിഷ്ഠമായ പ്രകടനത്തിനുപരിയായി ആവിഷ്കാരത്തിന്റെ ഉന്നത മൂല്യം ആരോപിതമാകുന്നു. അത്തരമൊരു സാഹചര്യത്തിലാണ് സിനിമയിൽ മേൽപ്പറഞ്ഞ ആവിഷ്കാരങ്ങൾ എപ്രകാരം പ്രയോഗത്തിൽ വരുന്നുവെന്നതും കലാപരമായും സാമൂഹികമായും ഇവയുടെ പരിധി നിശ്ചയിക്കപ്പെട്ടിട്ടുണ്ടോയെന്നുമുള്ള ചിന്തകൾ പ്രാമുഖ്യം നേടുന്നത്.

ഇതര ദൃശ്യകലകളുമായി താരതമ്യം ചെയ്യുമ്പോൾ, സിനിമ ജനസാമാന്യവുമായി ഏറെ അടുത്തിടപഴകുന്ന മാധ്യമമാണ്. അതിനാൽ തന്നെ, അവയിലൂടെ പ്രക്ഷേപിക്കപ്പെടുന്ന ദൃശ്യങ്ങളിൽ കേവലം കലാമൂല്യമെന്നതിലുപരി ചില സാമൂഹ്യമാനങ്ങൾ ഉൾച്ചേർന്നിരിക്കുന്നു. ദൃശ്യങ്ങളിലൂടെ പ്രക്ഷേപണം ചെയ്യപ്പെടുന്ന പ്രത്യയശാസ്ത്രം, അധികാരം, നോട്ടം എന്നിവ സിനിമയെന്ന ജനസാമാന്യത്തിന്റെ കലയെ സജീവ ചർച്ചകൾക്ക് വിധേയമാക്കേണ്ടതിന്റെ ആവശ്യകത വെളിവാക്കുന്നു. സിനിമയുടെ സ്വാഭാവികമായ ആശയസംവേദനത്തിന് നഗ്നത, ലൈംഗികത, ഹിംസ തുടങ്ങിയവ ഉള്ളടങ്ങിയ രംഗങ്ങൾ ആവശ്യമെങ്കിൽ അവ സാമൂഹ്യ വിലക്കുകളെയും സ്വീകാര്യതയെയും മുൻനിർത്തി ഒഴിവാക്കേണ്ടതുണ്ടോ? കലയുടെ സ്വതന്ത്രമായ അസ്തിത്വത്തിന് വിഘാതം സൃഷ്ടിക്കുന്ന ‘സദാചാര’നിഷ്ഠമായ ചിന്തകൾ സിനിമയുടെ അന്തസ്സത്ത ഇല്ലാതാക്കുമോ? വിപണി വിജയത്തിന് വേണ്ടി സിനിമാഖ്യാനത്തിൽ ഇവ നിർബാധം ഉൾപ്പെടുത്തുന്നത് ഉചിതമാണോ? തുടങ്ങിയ ചോദ്യങ്ങൾ ഈ പ്രകരണത്തിൽ പ്രസക്തമാകുന്നു.

സമീപകാലത്തായി ഇന്ത്യൻ സിനിമയിൽ അവതരിപ്പിക്കപ്പെടുന്ന ഹിംസയുടെ വിവിധ തലങ്ങളെ മുൻനിർത്തി സജീവമായ ചർച്ചകൾ അരങ്ങേറിയിരിക്കുന്നു. ആനിമൽ (2023), കിൽ (2024), മാർക്കോ (2024) തുടങ്ങിയ ചിത്രങ്ങളെയും അവ വിപണി വിജയത്തിനായി ഉപയോഗപ്പെടുത്തിയ ഹിംസയുടെ ധാരാളിത്തത്തെയും മുൻനിർത്തി കലാപരവും സാമൂഹികവുമായ



മാനങ്ങളെ അനാവരണം ചെയ്യുന്ന നിരവധി ചർച്ചകൾ അരങ്ങേറുന്നു. സമൂഹമനസ്സിന്റെ രോഗാതുരമായ അവസ്ഥയുടെ പ്രതിഫലനമാണ് ഇത്തരം ചിത്രങ്ങൾക്ക് ലഭിക്കുന്ന സ്വീകാര്യതയെന്ന ഒരു പ്രബല മതം നിലനിൽക്കുന്നു. മറ്റൊന്നാവട്ടെ, കഥാപാത്രത്തിന്റെയും കഥാപരിസരത്തിന്റെയും ക്രൗര്യ സ്വഭാവം വിവൃതമാക്കുവാൻ ഇത്തരം രംഗങ്ങൾ അനിവാര്യമാണെന്ന വാദമാണ്. ഇത്തരമൊരു വാദപ്രതിവാദത്തിന്റെ പരിപ്രേക്ഷ്യത്തിലാണ് സിനിമയിലെ ഹിംസയെന്ന വിഷയത്തിന്റെ സാധ്യത ആഴത്തിൽ പരിശോധിക്കപ്പെടേണ്ടത്.

## ഹിംസയും സിനിമാഖ്യാനവും

കലയും യാഥാർത്ഥ്യവും തമ്മിലുള്ള ബന്ധത്തെ മുൻനിർത്തി കലാ-സാംസ്കാരിക പശ്ചാത്തലത്തിൽ അനവധി ചർച്ചകൾ അരങ്ങേറിയിട്ടുണ്ട്. കല യാഥാർത്ഥ്യത്തിന്റെ പ്രതിഫലനമാണെന്ന് ഒരു വിഭാഗം കലാസ്വാദകർ കരുതുന്നു. മറ്റൊരു വിഭാഗമാകട്ടെ കലയെന്നത് പ്രതിഫലനമല്ല, പ്രതിനിധാനമാണ് നടപ്പിലാക്കുന്നതെന്ന് സമർഥിക്കുന്നു. വിരുദ്ധാശയങ്ങളുടെ സാധ്യതകളാണ് ഈ രണ്ടു വാദങ്ങളും മുന്നോട്ടുവെക്കുന്നത്. യഥാതഥവാദത്തിൽ (realism) അധിഷ്ഠിതമായ കലാസ്വാദനപ്രക്രിയ യാഥാർത്ഥ്യങ്ങളെ കലയിൽ സവിസ്തരം പ്രതിഫലിപ്പിക്കണമെന്ന് ഒരു വശത്ത് കരുതുമ്പോൾ, പ്രതീകാത്മകമായ പ്രതിനിധാനമാണ് കലയിലൂടെ ആവിഷ്കരിക്കപ്പെടേണ്ടതെന്ന മറുസാധ്യതയും പ്രാമുഖ്യം നേടുന്നു. ഇപ്രകാരമുള്ള സന്ദിഗ്ധാവസ്ഥയിലാണ് കലയിലുള്ളടങ്ങിയിരിക്കുന്ന യഥാതഥ ചിത്രീകരണത്തിന്റെ സാധ്യതകളും പരിമിതികളും ചർച്ചയാവുന്നത്. എന്നാൽ, സിനിമയടക്കമുള്ള കലാരൂപങ്ങളിൽ ഇത്തരത്തിൽ വിപുലമായ തോതിൽ യഥാതഥമായ ആവിഷ്കരണം നടപ്പിലാകുമ്പോൾ കാണികളുടെ സ്വതന്ത്രമായ ഭാവനാശേഷിയിലൂടെ സാധ്യമാകുന്ന കലാസ്വാദനം പരിമിതപ്പെടുന്നു.

സമീപനാളുകളിൽ വെള്ളിത്തിരയിലെത്തിയ ധീരം (2025), ധുരന്ധർ (2025) എന്നീ ചിത്രങ്ങൾ പരിശോധനാവിധേയമാക്കാം. ഇവയിൽ ആവിഷ്കൃതമായിരിക്കുന്ന ഹിംസാത്മക രംഗങ്ങളുടെ അതിപ്രസരം ആഖ്യാനപരമായി സിനിമയുടെ പരിമിതിയാണ്. സിനിമ പ്രസരിപ്പിക്കുന്ന വൈകാരികതലം പ്രേക്ഷകരിലേക്ക് പരിവർത്തിപ്പിക്കുന്നതിനായി ഉപയോഗപ്പെടുത്തുന്ന ഇത്തരം രംഗങ്ങൾ പരിമിത പരിസരങ്ങളിലേക്ക് കാണികളുടെ ഭാവനാഭൂപടത്തെ ചുരുക്കുന്നു. ആസ്വാദനത്തിലുൾപ്പെടുന്ന വൈയക്തികമായ വികാര-വിചാരതലം ഇത്തരം ചലച്ചിത്രാഖ്യാനങ്ങളിൽ പ്രാവർത്തികമാകുന്നില്ല.

സിനിമയുടെ ആവിഷ്കരണത്തിൽ സംവിധായകൻ പുലർത്തേണ്ടുന്ന കൈയ്യടക്കം ഏറെ പ്രധാനമാണ്. വിവരണാത്മകമായ രംഗചിത്രീകരണവും സംഭാഷണങ്ങളുടെ ആധിക്യവും ചലച്ചിത്രമാധ്യമത്തിന്റെ വ്യാകരണത്തിന് യോജിച്ച മാതൃകകളല്ല. കഥാപാത്രങ്ങളുടെ സവിശേഷതകൾ അനാവരണം ചെയ്യുന്നതിനായി സാമാന്യത്തിലധികം രംഗങ്ങൾ ഹിംസ, ലൈംഗികത എന്നിവയ്ക്കായി നീക്കിവയ്ക്കപ്പെടുമ്പോൾ പ്രേക്ഷകരുടെ പങ്കാളിത്തം സംവിധായകന്റെ കാഴ്ചയിലേക്ക് ചുരുങ്ങുന്നു. അനേകം വീക്ഷണസാധ്യതകൾ സൃഷ്ടി

ക്കാവുന്ന സിനിമാസ്വാദനത്തെ ക്ലിപ്തമായ പരിസരങ്ങളിലേക്ക് ചുരുക്കുന്നതിൽ സിനിമകളിലെ രംഗവിസ്താരത്തിന്റെ ധാരാളിത്തം ഗണ്യമായ പങ്കുവഹിക്കുന്നു.

## ഹിംസയും വിപണിയുടെ ബലതന്ത്രങ്ങളും

വിപണി താത്പര്യങ്ങൾക്കനുസൃതം നിലപാടുകൾ സ്വീകരിക്കുന്ന ജനപ്രിയ സിനിമാ മേഖലയിൽ സമീപകാലങ്ങളിലായി ചിത്രീകരിക്കപ്പെടുന്ന ഹിംസയുടെ തോത് ഏറെ ഉയരത്തിലാണ്. സിനിമയിലെ ആണത്ത പ്രതിരൂപമെന്ന നിലയിൽ വ്യാപകമായി ആഘോഷിക്കപ്പെട്ട അർജ്ജുൻ റെഡ്ഡി, ആനിമലിലെ രൺവിജയ് സിംഗ്, കിൽ എന്ന ചിത്രത്തിലെ അമൃത്, മാർക്കോ തുടങ്ങിയ കഥാപാത്രങ്ങൾ അഭിനയസാധ്യതകളേക്കാൾ പ്രേക്ഷകനിൽ ഉളവാക്കിയ 'അഡ്രിനാലിൻ റഷി'ന്റെ പേരിലാണ് ശ്രദ്ധിക്കപ്പെട്ടത്. പ്രതിയോഗികളെ നേരിടുമ്പോൾ ദാക്ഷിണ്യമേതുമില്ലാതെ ക്രൂരതയുടെ മൂർത്തിമത്ഭാവങ്ങൾ പ്രകടിപ്പിക്കുക വഴി ഇവർ ജനപ്രീതിയാർജിക്കുന്നു.

"ഇന്ത്യൻ സിനിമയിലെ ഏറ്റവും ഹിംസാത്മകമായ ചിത്രം", "ഇനി മേൽ കരുണയില്ല, തിരിച്ചടികൾ മാത്രം" (No Mercy, It's Payback Time) പോലുള്ള പ്രചരണവാചകങ്ങളോടു കൂടി തിരശീലയിലെത്തിയ മാർക്കോ, സിനിമാഖ്യാനത്തിലെ ക്രൗര്യത്തിന് പുതിയ ഭാഷ്യങ്ങൾ ചമച്ചു. എന്നാൽ, ഇന്ദ്രജിത്ത് കേന്ദ്രകഥാപാത്രമായ ധീരമെന്ന ചിത്രത്തിൽ ഹിംസയുടെ സകല സീമകളും ലംഘിച്ചുകൊണ്ട് ജുഗുപ്‌സാവഹമായ തലത്തിൽ വന്യമായ രംഗങ്ങൾ സിനിമയിൽ ഉൾപ്പെടുത്തിയിരിക്കുന്നു. സമാനമായി ആനിമൽ, കിൽ, ധുരന്ധർ തുടങ്ങിയ ബോളിവുഡ് സിനിമകളും ഇന്ത്യൻ സിനിമയിൽ ഹിംസാത്മകതയുടെ പുത്തൻ വ്യാകരണം രചിച്ചവയാണ്. ഇവയിൽ ഏറിയ പങ്കുചിത്രങ്ങളും വിപണിവിജയമായതിനാലാണ് സിനിമയുടെ വിപണി ബലതന്ത്രങ്ങളും പ്രേക്ഷകരുടെ സാമൂഹിക

> **കഥാപാത്രങ്ങളുടെ സവിശേഷതകൾ അനാവരണം ചെയ്യുന്നതിനായി സാമാന്യത്തിലധികം രംഗങ്ങൾ ഹിംസ, ലൈംഗികത എന്നിവയ്ക്കായി നീക്കിവയ്ക്കപ്പെടുമ്പോൾ പ്രേക്ഷകരുടെ പങ്കാളിത്തം സംവിധായകന്റെ കാഴ്ചയിലേക്ക് ചുരുങ്ങുന്നു. അനേകം വീക്ഷണസാധ്യതകൾ സൃഷ്ടിക്കാവുന്ന സിനിമാസ്വാദനത്തെ ക്ലിപ്തമായ പരിസരങ്ങളിലേക്ക് ചുരുക്കുന്നതിൽ സിനിമകളിലെ രംഗവിസ്താരത്തിന്റെ ധാരാളിത്തം ഗണ്യമായ പങ്കുവഹിക്കുന്നു.**

മനശാസ്ത്രവും തമ്മിലുള്ള അന്തർധാര പരിശോധനാവിധേയമാകേണ്ടത്.

ക്വിന്റിൻ ടരന്റിനൊയുടെ ചിത്രങ്ങളിലൂടെയും (Pulp Fiction, Kill Bill, Inglourious Basterds, Django Unchained) , കിം കി ഡൂക്കിന്റെ ചിത്രങ്ങളിലൂടെയും (Bad Guy, 3- Iron, The Bow, Moebius, Pieta) പരിചിതമായ നഗ്നത, ലൈംഗികത, ഹിംസാത്മകത എന്നിവയുടെ ആധിക്യം നിറഞ്ഞ സിനിമാറ്റിക് രംഗങ്ങൾ മലയാളി പ്രേക്ഷകരിൽ ഒരു നവീന കാഴ്ചാഭാവുകത്വം നിർമിച്ചു. സമാനമായി, പുതുതലമുറ സിനിമാകാണികൾ ഒ.ടി.ടി വേദികളിലൂടെയും ടോറന്റ് സൈറ്റുകളിലൂടെയും പരിചയപ്പെടുന്ന കൊറിയൻ വെബ് സീരീസുകളുടെ സ്വാധീനവും കാഴ്ചയുടെ പരമ്പരാഗത മാനകങ്ങളെ പരിഷ്കരിച്ചു. ഇത്തരമൊരു പശ്ചാത്തലത്തിലാണ് വിപണിയുടെയും പ്രേക്ഷകാഭിരുചിയുടെയും പിന്നിൽ രൂപപ്പെടുന്ന സാമ്പത്തികശാസ്ത്രത്തിന്റെ രീതിപദ്ധതികൾ പരിശോധിക്കപ്പെടേണ്ടത്. മാറുന്ന യൗവനത്തിന്റെ കാഴ്ചാഭിരുചികൾക്കിണങ്ങും വിധം ചലച്ചിത്രത്തിന്റെ ഭാവനാപരിസരം പരിണമിക്കുകയെന്നത് സിനിമയുടെ അടിസ്ഥാന കമ്പോളയുക്തിയാണ്.

## സിനിമയുടെ ആനന്ദമൂല്യവും ഹിംസയുടെ ദൃശ്യാസക്തികളും

സിനിമ ഉൽപാദിപ്പിക്കുന്ന ആനന്ദമൂല്യം പരിശോധിക്കുകയെന്നത് ശ്രമകരമായ പ്രവൃത്തിയാണ്. പ്രേക്ഷകനെന്ന ഏകകവും കാണികളെന്ന ബഹുലകവും ഒരേ സമയം വിരുദ്ധ യുക്തികളാൽ നിയന്ത്രിക്കപ്പെടുന്നവയാണ്. മറ്റൊരർത്ഥത്തിൽ, പ്രേക്ഷകന്റെ വൈയക്തികമായ കാഴ്ചാനുഭവവും കാണിക്കൂട്ടത്തിൽ നിന്ന് ലഭിക്കുന്ന ഉന്മാദവും വ്യത്യസ്തമാണ്. അതിനാൽ തന്നെ, ക്രൂരവും വന്യവുമായ ചലച്ചിത്രരംഗങ്ങൾ കാണിക്കൂട്ടങ്ങളിൽ ദമിത വികാരങ്ങളുടെ തിരിച്ചുവരവും ആഘോഷവുമായിത്തീരുന്നു. വൈയക്തികമായി ഇത്തരം രംഗങ്ങൾ പ്രേക്ഷകരിൽ ഭയം, ആസക്തി, ജുഗുപ്‌സ, ക്രൗര്യം തുടങ്ങിയ വികാരങ്ങൾ ജനിപ്പിക്കുമെങ്കിൽ, ആൾക്കൂട്ട സിനിമാ കാഴ്ചകളിൽ ആണത്തഘോഷണത്തിന്റെയും അടിച്ചമർത്തലിന്റെയും തീവ്രഭാവങ്ങളാണ് ഉണരുന്നത്.

ഇത്തരം ഹിംസാത്മകരംഗങ്ങൾ ഉള്ളടങ്ങുന്ന സിനിമകളുടെ നിർമ്മാണ-പരിചരണ രീതി ശ്രദ്ധയർഹിക്കുന്നു. ചടുലവും വേഗതയാർന്നതുമായ ക്യാമറാചലനങ്ങൾ, ദ്രുതഗതിയിലുള്ള എഡിറ്റിംഗ്, ക്രൗര്യത്തിന്റെ ഭീതിദമായ ദൃശ്യങ്ങൾ പ്രേക്ഷകനെ പരമാവധി 'ബാധിക്കുവാൻ' ഉപയുക്തമായ വിധത്തിലുള്ള ക്ലോസ് അപ്പ് ഷോട്ടുകളുടെ ധാരാളിത്തം, പ്രകമ്പനം കൊള്ളിക്കുന്ന പശ്ചാത്തല സംഗീതം, കഥാപാത്രങ്ങളുടെ അവതരണത്തിലും വസ്ത്രധാരണത്തിലും പുലർത്തുന്ന നവീനമാതൃകകൾ എന്നിവയെല്ലാം ചേർന്ന് നിർമ്മിക്കുന്ന മിഥ്യാബോധത്തിലൂടെയാണ് സിനിമയിലെ ഹിംസ പ്രേക്ഷകനെ സ്വാധീനിക്കുന്നത്.



കേവലം പ്രതികാര കഥകളിൽ മാത്രം ഒതുങ്ങി നിൽക്കുന്നതല്ല സിനിമയിലെ ഹിംസാത്മക രംഗങ്ങൾ. അപരശരീരങ്ങളോട് അധികാരശരീരങ്ങൾ നടത്തുന്ന നിരവധി തലങ്ങളിലുള്ള പ്രകടനങ്ങൾ വിശാലാർത്ഥത്തിൽ ഹിംസ തന്നെയായിത്തീരുന്നു. പലപ്പോഴും പുരോഗമന മുഖത്തോടെ അവതരിപ്പിക്കപ്പെടുന്ന സിനിമകളിലും, അവയുടെ പ്രഖ്യാപിത ആശയങ്ങൾക്ക് വിരുദ്ധമായി നിരവധി ഹിംസാത്മക രംഗങ്ങൾ കണ്ടെത്തുവാനാകും. ഉദാഹരണമായി, ടി.ജെ. ജ്ഞാനവേൽ സംവിധാനം ചെയ്ത ജയ് ഭീം (2021), ജിതിൻ ഐസക് തോമസ് സംവിധാനം ചെയ്ത "പ്ര.ളു.മു." (ഫ്രീഡം ഫൈറ്റ് (2022) എന്ന ചിത്രത്തിലെ ഒരു ഭാഗം) എന്നിവ പരിശോധിക്കാം. ആദിവാസികൾ, ദളിതർ എന്നീ വിഭാഗങ്ങൾക്കെതിരെ സമൂഹത്തിലെ അധികാര വിഭാഗം നടത്തുന്ന വ്യവസ്ഥാപിതമായ ഹിംസ/ചൂഷണം അനാവരണം ചെയ്യുകയെന്ന ദൗത്യം ഇരു ചിത്രങ്ങളും നിർവഹിക്കുന്നതായി പ്രഥമദൃഷ്ട്യാ തോന്നുമെങ്കിലും, ഇവയിൽ ഉത്പാദിപ്പിക്കപ്പെടുന്ന രാഷ്ട്രീയം വിമർശനമർഹിക്കുന്നു. ഇരുള വിഭാഗത്തിൽ ഉൾപ്പെട്ട രാജാക്കണ്ണ് എന്ന ആദിവാസി യുവാവ് മോഷണശ്രമം ആരോപിക്കപ്പെട്ട് പോലീസ് കസ്റ്റഡിയിലാകുന്നതും ക്രൂരമായ പീഡനങ്ങൾ മൂലം കൊല്ലപ്പെടുന്നതുമാണ് ജയ് ഭീം സിനിമയുടെ ഇതിവൃത്തം. രാജാക്കണ്ണിനും ഭാര്യ സെങ്കനിക്കും നീതി ലഭിക്കുവാനായി അഡ്വ. ചന്ദ്രു നടത്തുന്ന അന്വേഷണങ്ങളും പോരാട്ടങ്ങളുമാണ് പ്രസ്തുത ചിത്രം അവതരിപ്പിക്കുന്നത്. എന്നാൽ, അധികാരത്തിന്റെ ഉരുക്കുമുഷ്ടികൾ കീഴാള ശരീരങ്ങളിന്മേൽ എപ്രകാരം പ്രവർത്തിക്കുന്നുവെന്ന് സ്ഥാപിക്കുവാനായി സംവിധായകൻ അവലംബിച്ച രീതി വിമർശനമർഹിക്കുന്നു. ക്രൂരവും വന്യവുമായ പീഡനമുറകൾ ആവർത്തിച്ച് ചിത്രീകരിക്കുക വഴി സമൂഹം കീഴാളസ്വത്വങ്ങൾക്കുമേൽ നടപ്പിലാക്കി വന്നിരുന്ന ഹിംസാത്മകമായ പ്രവർത്തനം തന്നെയല്ലേ സംവിധായകനും കലാപരമായി പുനരുത്പാദിപ്പിക്കുന്നത്? സമാനമായ തലത്തിൽ പ്ര.ളു.മു. എന്ന ചിത്രത്തിലും സെപ്റ്റിക്ക് ടാങ്ക് ശുചീകരണ തൊഴിലാളിയുടെ മേൽ അധികാര വർഗം പ്രയോഗിക്കുന്ന മർദ്ദനമുറകൾ വിവൃതമായി അവതരിപ്പിക്കുക വഴി പ്രസ്തുത സിനിമയുടെ ആഖ്യാനവും ഹിംസയുടെ ഭാഷ അനുവർത്തിക്കുന്നു.

മറ്റൊരർത്ഥത്തിൽ, ഇരുചിത്രങ്ങളും കീഴാളശരീരങ്ങൾക്ക് മേൽ പൊതുസമൂഹം/അധികാരസമൂഹം നടപ്പിലാക്കി വരുന്ന ഹിംസയെ വിപുലമായി ചിത്രീകരിക്കുക വഴി സമാനമായ ഹിംസ, സിനിമയെന്ന മാധ്യമത്തിലൂടെയും ആവർത്തിക്കുന്നു. മനുഷ്യാന്തസ്സിന് നിരക്കാത്ത ശരീരാപഹാസം നടത്തുക വഴിയും കീഴാളജനത നാളിതുവരെ ആർജ്ജിച്ചെടുത്ത ജ്ഞാന ഉണർവിനെ റദ്ദ് ചെയ്യുക വഴിയും അധികാരസമൂഹം നടപ്പിലാക്കുന്നത് ജ്ഞാന ശാസ്ത്രപരമായ ഹിംസയാണ് (epistemic violence). മുഖ്യധാരാ സമൂഹത്തിന്റെ ഭാഗമായ കാണികളിൽ സഹതാപം ജനിപ്പിക്കുകയെന്ന ലക്ഷ്യത്തിൽ അവതരിപ്പിക്കപ്പെടുന്ന ഇത്തരം ഹിംസാത്മക രംഗങ്ങൾ കീഴാളശരീരങ്ങളെ അധികാര നോട്ടങ്ങൾക്ക് (privileged gaze) വിധേയപ്പെടുന്ന വസ്തുക്കളായി (object) ഇകഴ്ത്തുന്നു. കീഴാളശരീരങ്ങൾക്കും അഭിമാനത്തിനും മേൽ ക്രൂരമായ അവഗണനകളും പീഡനങ്ങളും നടപ്പിലാക്കുന്ന ഇന്ത്യൻ സാമൂഹിക യാഥാർത്ഥ്യത്തെയല്ല ഇത്തരം സിനിമകളിലെ പീഡന രംഗങ്ങളിലൂടെ ചിത്രീകരിക്കുന്നത്. മറിച്ച്, അധികാരവ്യവസ്ഥയ്ക്ക് മുന്നിൽ പ്രതികരിക്കുവാനാകാതെ

പോകുന്ന ജനവിഭാഗത്തെ സഹാനുഭൂതിയുടെ മേമ്പൊടിയോടെ കാഴ്ചവസ്തുവാക്കി (spectacle) പ്രേക്ഷകരുടെ ആനന്ദമൂല്യത്തിനായി വിട്ടുനിൽക്കുന്ന പ്രക്രിയയാണത്.

കീഴാളശരീരങ്ങളെന്ന പോലെ സ്ത്രീശരീരങ്ങളും ചലച്ചിത്രങ്ങളിൽ പല മട്ടിൽ സമാനമായ വസ്തുവത്ക്കരണത്തിന് വിധേയമാകുന്നു. മെർലിൻ മൻറോയുടെ ബയോപിക്ക് എന്ന നിലയിൽ ശ്രദ്ധ നേടിയ ബ്ലോണ്ട് (2022) എന്ന ചിത്രത്തിലെ പെണ്ണുടലിന്റെ വസ്തുവൽക്കരണത്തെ വിമർശിക്കുന്ന അനിറ്റ ഷാജിയുടെ ലേഖനമാണ് "ആസക്തിയുടെ ദൃശ്യപാഠങ്ങൾ" (കൊട്ടക, നവംബർ- ഡിസംബർ 2022). പ്രസ്തുത ലേഖനത്തിൽ പീഡനങ്ങൾക്ക് വിധേയമാകുന്ന മെർലിൻ മൻറോയുടെ ശരീരം ആവർത്തിച്ച് ചിത്രീകരിക്കുക വഴി എപ്രകാരമാണ് കമ്പോളവൽക്കരിക്കുന്നതെന്ന് വിശദീകരിക്കുന്നുണ്ട്. സമാനമായ തലത്തിൽ മലയാളം സിനിമകളായ പുതിയ നിയമം (2016), പണി (2024) എന്നിവയും വിമർശനവിധേയമാകേണ്ടവയാണ്. ബലാത്സംഗത്തിനിരയാകുന്ന പെണ്ണുടലിന്റെ ചിത്രീകരണം, ബലാൽസംഗ രംഗങ്ങൾ എന്നിവ കലാപരമായും കാല്പനികമായും ചിത്രീകരിക്കുക വഴി സിനിമ പ്രക്ഷേപിക്കുന്ന ബോധം എന്താണ്? ആൺകാണിയുടെ ദമിത ലൈംഗികചോദനകളെ ഉത്തേജിപ്പിക്കുക യെന്ന ലക്ഷ്യം സാക്ഷാത്കരിക്കപ്പെടുമ്പോൾ ബലാത്സംഗമെന്നത് മറ്റൊരു ശരീരത്തിന്മേൽ നടക്കുന്ന ഹിംസാത്മകമായ പ്രവർത്തനമായി പരിഗണിക്കപ്പെടുന്നില്ല. പെണ്ണുടലിന്മേലുള്ള ആണാസക്തിയുടെയും ദമിത കാമനകളുടെ സാക്ഷാത്കാരത്തിന്റെയും പൂർത്തീകരണമായി ഇത്തരം സിനിമകൾ അവശേഷിക്കുന്നു.

ഏതെല്ലാം ശരീരത്തിന്മേലുള്ള ഹിംസകളാണ് സിനിമകളിൽ ആഘോഷിക്കപ്പെടുന്നത്? ശക്തരായ ആണൊരുത്തന്മാരുടെ പോരിൽ ഹിംസയെന്നതിലുപരി നായകകേന്ദ്രിതമായി സിനിമ ചിന്തിക്കുമ്പോൾ, ദുർബലരുടെയും

**ആൺകാണിയുടെ ദമിത ലൈംഗികചോദനകളെ ഉത്തേജിപ്പിക്കുകയെന്ന ലക്ഷ്യം സാക്ഷാത്കരിക്കപ്പെടുമ്പോൾ ബലാത്സംഗമെന്നത് മറ്റൊരു ശരീരത്തിന്മേൽ നടക്കുന്ന ഹിംസാത്മകമായ പ്രവർത്തനമായി പരിഗണിക്കപ്പെടുന്നില്ല. പെണ്ണുടലിന്മേലുള്ള ആണാസക്തിയുടെയും ദമിത കാമനകളുടെ സാക്ഷാത്കാരത്തിന്റെയും പൂർത്തീകരണമായി ഇത്തരം സിനിമകൾ അവശേഷിക്കുന്നു.**

കീഴാളരുടെയും സ്ത്രീകളുടെയും ശരീരത്തിന്മേൽ നടപ്പിലാകുന്ന ഹിംസ കേവലം സഹതാപമെന്നതിലുപരി പ്രേക്ഷകരിൽ ജനിപ്പിക്കുന്നത് ഹിംസാത്മകമായൊരു ആനന്ദമൂർച്ഛയാണ് (orgasmic pleasure). ദുർബലരെ കീഴ്പ്പെടുത്തുകയും അവരെ കായികമായി ഉപദ്രവിക്കുകയും ചെയ്യുമ്പോൾ പ്രേക്ഷകരിലെ സവിശേഷ അധികാരമുള്ള വിഭാഗങ്ങളിൽ പ്രവർത്തിക്കുന്ന അധികാരോന്മാദമാണ് സിനിമയിലെ ഹിംസയുടെ വിൽപ്പന മൂല്യം നിർണയിക്കുന്നത്. ഉദാഹരണമായി, കരുമാടിക്കുട്ടനിലെ കലാഭവൻ മണിയുടെ ശരീരത്തെ പീഡനത്തിനായി സംവിധായകൻ വിട്ടുനൽകുമ്പോൾ, കാണികളുടെ ഉന്മാദം നിറഞ്ഞ ആസക്തികൾ പല മട്ടിൽ ഉണരുന്നു. സമാനമായ തരത്തിൽ, ഇതര മനുഷ്യരോട് ചെയ്യാവുന്ന നിഷ്ഠൂരമായ ഹിംസകൾ (ബലാത്സംഗം, ശരീരത്തിന്മേലുള്ള മലമൂത്ര വിസർജനം) പീഡനത്തിന്റെ കാഠിന്യമോ ജാതി ഹിംസയുടെ പാരമ്യമോ വ്യക്തമാക്കുന്നതിലുപരി, അധികാരം നിറഞ്ഞ കണ്ണുകളിൽ പുലരുന്ന വികൃതഭാവനകളായി തീരുന്നു. ഇത് വ്യക്തമാകണമെങ്കിൽ, തമിഴ്നാട്ടിലെ ജാതി വ്യവസ്ഥയിലൂന്നി നിർമിക്കപ്പെട്ട കക്കൂസ് എന്ന ഡോക്യുമെൻററി പ്ര.ഭൂ.മു പോലുള്ള സിനിമകളുമായി താരതമ്യം ചെയ്താൽ മതിയാകും. യാഥാർത്ഥ്യത്തെ ഡോക്യുമെന്റ് ചെയ്ത് അവതരിപ്പിച്ച ദിവ്യ ഭാരതിയുടെ ഡോക്യുമെൻററി കാണികളിൽ അസ്വസ്ഥത ജനിപ്പിക്കുമ്പോൾ, മേൽപ്പറഞ്ഞ സിനിമയിലെ ദൈർഘ്യമേറിയ ശരീരാപമാനരംഗങ്ങൾ കേവലം സഹതാപം മാത്രം ജനിപ്പിക്കുന്നു. രാഷ്ട്രീയ ബോധ്യം ജനിപ്പിക്കുവാൻ വിസമ്മതിക്കുന്നതും കേവലം ആസക്തിയുടെ ആനന്ദമൂല്യങ്ങൾ മാത്രം അവശേഷിപ്പിക്കുന്നതുമായ സിനിമകൾ പ്രക്ഷേപിക്കുന്ന പുരോഗമന രാഷ്ട്രീയം വിശ്വാസയോഗ്യമല്ല.

ഹിംസാത്മക രംഗങ്ങൾ ആസക്തിയോടെ സ്വീകരിക്കുന്ന സമൂഹം അനിവാര്യമായ ഒരു പരിണാമത്തിന്റെ സൂചകമാണ്. ആണത്തബോധം (പണി), അപരവിദ്വേഷം (കള), സ്ത്രീ-ട്രാൻസ്ജെൻഡർ വിരുദ്ധത (ഞാൻ മേരിക്കുട്ടി) ജാതിബോധം (RDX) ശേഷിവാദം (വാസന്തിയും ലക്ഷ്മിയും പിന്നെ ഞാനും ) തുടങ്ങിയവയെല്ലാം കരഘോഷത്തോടെയും ആരവത്തോടെയും സ്വീകരിക്കുന്ന സിനിമാ കാണിക്കൂട്ടം ആത്യന്തികമായി ഫാഷിസ്റ്റ് മൂല്യബോധ വ്യവസ്ഥയെ അബോധത്തിൽ സ്വാംശീകരിച്ചു കഴിഞ്ഞുവെന്നതിന്റെ പ്രകടമായ സൂചനയാണ്. തീവ്രഹൈന്ദവികതയിലും മതാത്മകതയിലും അടിയുറച്ച നിർമ്മിക്കപ്പെടുന്ന പൊതുബോധം അപരഹിംസയെ ഒരേസമയം ലളിതവത്കരിക്കുകയും (normalise) മഹത്വവത്കരിക്കുകയും (glorify) ചെയ്യുന്നു. രോഗാതുരമായ ഫാഷിസ്റ്റ് കാലത്തെ സ്വാഭാവികമെന്ന മട്ടിൽ ഇന്ത്യൻ പൊതുബോധം സ്വീകരിക്കുന്നതിൽ സിനിമയിലെ ഹിംസാത്മകത വഹിക്കുന്ന പങ്ക് ഇനിയുമേറെ ചർച്ച ചെയ്യേണ്ടിയിരിക്കുന്നു. ■

# സംഘടനാവാർത്തകൾ

## മഹാത്മാഗാന്ധി സർവകലാശാലയിലെ ഗവേഷകസൗഹൃദപര മല്ലാത്ത ഫീസ് വർദ്ധനവ് പിൻവലിക്കണം



മഹാത്മഗാന്ധി സർവ്വകലാശാലയിലെ ചില ഗവേഷണ കേന്ദ്രങ്ങൾ പിഎച്ച്.ഡി. ഓപ്പൺ ഡിഫൻസ് നടത്തിപ്പ മായി ബന്ധപ്പെട്ട് ഗവേഷകരിൽ നിന്ന് അമിത ഫീസ് ഈടാക്കുന്നത് തീർത്തും ഗവേഷകസൗഹൃദപരമല്ലാത്ത നടപടിയാണ്. ഇത് പുനഃപരിശോധിക്കണമെന്നും വർദ്ധി പ്പിച്ച ഫീസ് പിൻവലിക്കണമെന്നും എ കെ പി സി ടി എ എം.ജി. മേഖല കമ്മിറ്റി മഹാത്മാഗാന്ധി സർവകലാ ശാല അധികാരികളോട് ആവശ്യപ്പെട്ടു.

സംസ്ഥാന സെക്രട്ടറി ഡോ. ജേക്കബ് ഏബ്രഹാം, സിൻ ഡിക്കേറ്റംഗങ്ങളായ ഡോ. എ.എസ്. സുമേഷ്, പി. ഹരി കൃഷ്ണൻ, കോട്ടയം ജില്ലാ സെക്രട്ടറി ഡോ. വിനു ടി.പി, എറണാകുളം ജില്ലാസെക്രട്ടറി ഡോ. എം.ജി. സനിൽ കുമാർ, പത്തനംതിട്ട ജില്ലാ സെക്രട്ടറി റെയ്സൺ സാം രാജു, ഇടുക്കി ജില്ലാ സെക്രട്ടറി ഡോ. കൃഷ്ണകുമാർ എം.വി എന്നിവർ സർവകലാശാല വൈസ് ചാൻസലറെ കണ്ട് ഇതു സംബന്ധിച്ച നിവേദനം നൽകി.

# നേട്ടങ്ങൾ



ആയുർവേദ മേഖലയിലെ ഈ വർഷത്തെ മികച്ച അധ്യാപകനുള്ള ആരോഗ്യ സർവകലാശാലയുടെ പുരസ്കാരം നേടിയ എ.കെ.പി.സി.ടി. സംസ്ഥാന കമ്മിറ്റിയംഗം ഡോ. എം.വി.വിനോദ് കുമാർ. കോട്ടയ്ക്കൽ വൈദ്യരത്നം പി.എസ്. വാരിയർ ആയുർവേദ കോളജിലെ പ്രഫസറും സംഹിതാവിഭാഗം മേധാവിയുമാണ്

ദി അസോസിയേഷൻ ഓഫ് ശാലാകി ഇന്ത്യയുടെ മികച്ച അധ്യാപികയ്ക്കുള്ള ഈ വർഷത്തെ പുരസ്കാരം നേടിയ എ.കെ.പി.സി.ടി. സംസ്ഥാന പ്രവർത്തക സമിതിയംഗം ഡോ. ജീന എൻ. ജെ. കോട്ടയ്ക്കൽ വൈദ്യരത്നം പി.എസ്. വാരിയർ ആയുർവേദ കോളജിലെ പ്രഫസറും ശാലാക്യതന്ത്രം വിഭാഗം മേധാവിയുമാണ്



## സംഘടനാവാർത്തകൾ

# എ.കെ.പി.സി.ടി.എ സംസ്ഥാന കൗൺസിലും സ്ഥാപകദിനാചരണവും

എ.കെ.പി.സി.ടി.എയുടെ സ്ഥാപകദിനമായ ഡിസംബർ 21ന് ആലുവ യു.സി. കോളേജിൽ വച്ച് സംസ്ഥാന കൗൺസിൽ യോഗം നടന്നു. സ്ഥാപകദിനാചരണത്തിന്റെ ഭാഗമായി പതാകയുയർത്തുകയും അതിജീവതയ്ക്കൊപ്പം എന്ന പേരിൽ അതിജീവതയ്ക്ക് ഐക്യദാർഢ്യം പ്രഖ്യാപിച്ചുകൊണ്ടുള്ള ചിത്രരചനയും കൈയൊപ്പ് രേഖപ്പെടുത്തലും നടത്തുകയും ചെയ്തു. പ്രശസ്തചിത്രകാരി സീമ സി. ആർ. ചടങ്ങിൽ പങ്കെടുത്തു സംസാരിക്കുകയും അതിജീവതയ്ക്ക് ഐക്യദാർഢ്യം പ്രഖ്യാപിച്ചുകൊണ്ട് ക്യാൻവാസിൽ ചിത്രം വരയ്ക്കുകയും ചെയ്തു. സംസ്ഥാന ജനറൽസെക്രട്ടറി ഡോ. കെ. ബിജുകുമാർ, സംസ്ഥാന പ്രസിഡന്റ് എ. നിശാന്ത്, ട്രഷറർ ഡോ. എൻ. രേണുക എന്നിവരുടെ നേതൃത്വത്തിൽ പ്രവർത്തകസമിതിയംഗങ്ങൾ, സംസ്ഥാന കൗൺസിൽ അംഗങ്ങൾ എന്നിവരെല്ലാവരും ചേർന്ന് ഐക്യദാർഢ്യപ്രതിജ്ഞയെടുത്തു.













AKPCTA

# സംഘടനാവാർത്തകൾ

## കേന്ദ്ര ഉന്നതവിദ്യാഭ്യാസ കമ്മീഷൻ ബിൽ 2025 പിൻവലിക്കുക

ഉന്നത വിദ്യാഭ്യാസ രംഗത്തെ എല്ലാ സമിതികളെയും ഇല്ലാതാക്കിക്കൊണ്ട് ഉന്നതവിദ്യാഭ്യാസ കമ്മീഷൻ രൂപീകരിക്കാൻ കേന്ദ്ര സർക്കാർ കൊണ്ടുവന്ന ബിൽ ഈ മേഖലയിൽ വലിയ പ്രത്യാഘാതം സൃഷ്ടിക്കുമെന്ന് എ കെ പി സി ടി എ സംസ്ഥാന കമ്മിറ്റി പ്രസ്താവനയിൽ പറഞ്ഞു.

യു ജി സി - യും എ ഐ സി ടി ഇ- യും എൻ സി ടി ഇ- യും ഉൾപ്പെടെയുള്ള വ്യത്യസ്ത അപ്പെക്സ് സംവിധാനങ്ങൾ വഴി നേരത്തേ ഉറപ്പാക്കി കൊണ്ടിരുന്ന ഗുണമേൻമയും, തുല്യതയും, പ്രാപ്യതയും കഴിഞ്ഞ കുറച്ച് വർഷങ്ങളായി ഇല്ലാതാക്കാൻ കേന്ദ്ര വിദ്യാഭ്യാസ മന്ത്രാലയം പരിശ്രമിച്ച് കൊണ്ടിരിക്കുകയാണ്. ഇതിന്റെ തുടർച്ചയായാണ് ഫെഡറൽ തത്വങ്ങൾ പാടേ നിരാകരിക്കുന്നതും, ജനാധിപത്യമൂല്യങ്ങൾ തകർക്കുന്നതും, സർവ്വകലാശാലകളുടെയും സ്ഥാപനങ്ങളുടെയും സ്വയംഭരണാവകാശം ഇല്ലായ്മ ചെയ്യുന്നതുമായ കേന്ദ്രീകൃത അധികാര സംവിധാനം ബില്ലിലൂടെ കേന്ദ്രസർക്കാർ തയ്യാറാക്കിയിരിക്കുന്നത്.

രാജ്യത്താകമാനമുള്ള എല്ലാ ഉന്നത വിദ്യാഭ്യാസ സ്ഥാപനങ്ങളെയും കേന്ദ്രസർക്കാറിന്റെ പൂർണ്ണ നിയന്ത്രണത്തിൽ കൊണ്ടുവരാനും മതനിരപേക്ഷ വിദ്യാഭ്യാസത്തെ കശാപ്പ് ചെയ്യാനും അത് വഴി കോർപ്പറേറ്റ് താൽപര്യങ്ങൾക്കനുസൃതമായ ഒരു വിദ്യാഭ്യാസ പരിസരം സൃഷ്ടിക്കാനുമാണ് ഈ ബിൽ പ്രേരകമാകുക. അതിന് വേണ്ടിയാണ് 12 അംഗ ഉന്നതാധികാരസമിതിയിൽ 8 പേരെ കേന്ദ്രസർക്കാർ തന്നെ നാമനിർദ്ദേശം ചെയ്യുന്നത്.

2020 ലെ ദേശീയ വിദ്യാഭ്യാസ നയം സൃഷ്ടിച്ച കടുത്ത പ്രതിസന്ധികൾക്കിടയിൽ രാജ്യത്തെ ഉന്നത വിദ്യാഭ്യാസ മേഖല നട്ടംതിരിയുമ്പോൾ ആണ് യു ജി സി റഗുലേഷൻസ് 2025 സംബന്ധിച്ച ഒരു കരട് കേന്ദ്ര സർക്കാർ പുറത്തിറക്കിയത്. തീർത്തും അപ്രായോഗികമായ ഈ റഗുലേഷൻസ് സംബന്ധിച്ച് വലിയ എതിർപ്പ് രാജ്യമാകെ ഉയർന്ന് വന്നപ്പോൾ ലേർണിങ് ഔട്ട്കം കരിക്കുലം ഫ്രെയിംവർക് ( LOCF ) എന്ന ഒറ്റ അച്ചിൽ വാർത്ത കരിക്കുലവും മാതൃകാ സിലബസുകളും പുറത്തിറക്കി. വികസിത പുരോഗമന സമൂഹത്തെ വാർത്തെടുക്കേണ്ട ഉന്നത വിദ്യാഭ്യാസത്തെ പ്രതിലോമ ആശയങ്ങളാൽ ഉള്ളടക്കം ചെയ്യുതും അന്ധ വിശ്വാസവും അശാസ്ത്രീയതയും കുത്തി നിറച്ചതുമായ ഈ പാഠ്യപദ്ധതിക്കെതിരെ അക്കാദമിക് സമൂഹം രാജ്യത്താകെ പ്രതിഷേധിക്കുന്നതിനിടെയാണ് ഈ ഉന്നത വിദ്യാഭ്യാസ ബിൽ കേന്ദ്രസർക്കാർ കൊണ്ടുവന്നിരിക്കുന്നത്.

ഗ്രാമീണ മേഖലയിലടക്കമുള്ള സാധാരണ ഉന്നതവിദ്യാഭ്യാസ സ്ഥാപനങ്ങളുടെ അക്രഡിറ്റേഷനേയും നിലനിൽപ്പിനേയും തന്നെ സാരമായി ബാധിക്കാനിടയുള്ള നിർദ്ദേശങ്ങൾ ഈ ബില്ലിൽ ഉണ്ട്.

അക്കാദമിക് സമൂഹവുമായും അധ്യാപക- വിദ്യാർത്ഥി സംഘടനകളുമായും സർവ്വകലാശാലകളുമായും യാതൊരു വിധ ചർച്ചയും നടത്താതെ വ്യത്യസ്ത അപെക്സ് സംവിധാനങ്ങളെ ഒരു കുടക്കീഴിലാക്കുന്നത് വൈവിധ്യപൂർണ്ണമായ പരിഷ്കൃത വിദ്യാഭ്യാസത്തെ തകർക്കുമെന്നും, ഈ ബിൽ പിൻവലിക്കണമെന്നും, അല്ലാത്തപക്ഷം ജനാധിപത്യവിരുദ്ധമായ ഈ നീക്കത്തെ ചെറുക്കുമെന്നും എ കെ പി സി ടി എ സംസ്ഥാന പ്രസിഡന്റ് എ നിശാന്ത്, ജനറൽ സെക്രട്ടറി ഡോ ബിജുകുമാർ കെ എന്നിവർ പ്രസ്താവനയിൽ പറഞ്ഞു.

# നേട്ടങ്ങൾ

ഇന്ത്യൻ ഇംഗ്ലീഷ് സാഹിത്യത്തിലെ മികച്ച പുസ്തകങ്ങൾക്ക് നൽകുന്ന പ്രശസ്തമായ ക്രോസ്‌വേഡ് ബുക്ക് അവാർഡ് നേടിയ ചങ്ങനാശ്ശേരി എൻ എസ് എസ് കോളേജ് അധ്യാപകനായ മനോജ് കുറൂർ.

മനോജ് കുറൂരിന്റെ 'നിലം പൂത്തുമലർന്ന നാൾ' എന്ന പുസ്തകത്തിനും അതിന്റെ പരിഭാഷയായ 'ദ ഡേ ദി എർത്ത് ബ്ലൂംഡ്' എന്ന പുസ്തകത്തിനുമാണ് മനോജ് കുറൂരിനും പരിഭാഷകയായ ജെ. ദേവികയ്ക്കും ക്രോസ്‌വേഡ് ബുക്ക് അവാർഡ് ലഭിച്ചത്.



ബ്രിട്ടീഷ് സെന്റർ ഫോർ ലിറ്ററി ട്രാൻസ്‌ലേഷന്റെ (BCLT) Charles wallace india trust Fellowship നേടിയ ഡോ. മാലിനി മുരളി (അസിസ്റ്റന്റ് പ്രൊഫസർ, ഇംഗ്ലീഷ് വിഭാഗം, ദേവസ്വംബോർഡ് കോളേജ് തലയോലപ്പറമ്പ്)



ഭരണഭാഷ – മാതൃഭാഷ

നം.**TRY/4797/2025-E1**

ട്രഷറി ഡയറക്ടറേറ്റ്
തിരുവനന്തപുരം,
**24-12-2025**

പ്രേഷകൻ

ട്രഷറി ഡയറക്ടർ

സ്വീകർത്താവ്

എല്ലാ ജില്ലാ /സബ് ട്രഷറി ഓഫീസർമാർക്കും

സർ,

വിഷയം: ട്രഷറി വകുപ്പ്-**Career Advancement Scheme Bills** പാസ്സാക്കുന്നത്-തുടർ നിർദ്ദേശം-സംബന്ധിച്ച്

സൂചന: 1. സർക്കാരിൽ നിന്നുള്ള **29/11/2025**-ലെ എസ്.എസ്2/ **69/2025**/ധന നമ്പർ കത്ത്

2. ഈ കാര്യാലയത്തിലെ **03/11/2025**-ലെ ഇതേ നമ്പർ കത്ത്

മേൽ വിഷയത്തിലേക്കും സൂചനകളിലേക്കും ശ്രദ്ധ ക്ഷണിക്കുന്നു. നിലവിൽ ട്രഷറികളിൽ സമർപ്പിച്ചിട്ടുള്ളതും സമർപ്പിക്കുന്നതുമായ **Career Advancement Scheme**-മായി ബന്ധപ്പെട്ട **UGC ബില്ലുകൾ** അവ മറ്റ് തരത്തിൽ ക്രമപ്രകാരമാണെങ്കിൽ പാസ്സാക്കി നൽകേണ്ടതാണ്.

എന്നാൽ **ഗവണ്മെന്റ് എഞ്ചിനീയറിംഗ് കോളേജുകളിലെ അധ്യാപകരുടെ** **AICTE** സ്കീം പ്രകാരം വിവിധ കാലയളവുകളിലുള്ള **CAS** പ്ലേസ്മെന്റുകളുടെ കുടിശ്ശിക ബില്ലുകൾ തുടർനിർദ്ദേശം ലഭ്യമായതിന് ശേഷം മാത്രം പാസ്സാക്കി നൽകേണ്ടതാണെന്നും സർക്കാർ സൂചന **(1)** പ്രകാരം വ്യക്തമാക്കിയിട്ടുണ്ട്.

മേൽ നിർദ്ദേശം കർശ്ശനമായി പാലിക്കേണ്ടതാണെന്നും അറിയിക്കുന്നു.

വിശ്വസ്തതയോടെ

Digitally signed by
SAJAN V
Date: 24-12-2025
11:47:07

**V SAJAN**

**DIRECTOR**

PREDICT YOUR FUTURE

**C&C COLLEGE**
TRIVANDRUM

# THE LEGACY OF NO.1 CONTINUES...

KERALA'S NO.1 COMPANY SECRETARY RESULT - ACHIEVED 5 TIMES !

**SOUTH INDIA'S NO.1 COMPANY SECRETARY RESULT**

Excellence isn't luck. It's C&C College, Trivandrum




## FEATURES OF C&C COLLEGE

**OFFLINE & ONLINE CLASSES**

Mission Ignite ✓ Expert Faculty ✓ 24x7 Doubt Clearing ✓ Class Room Theatre ✓ Offline & Online Classes ✓ Individual Attention ✓ Materialised System ✓ Question & Answer Sessions ✓ Weekly Assessment Test (WAT) ✓ Counselling Support ✓ Individual Assessment Book (IB) ✓ Text Reading Sessions ✓ Group Study ✓ Mentors support ✓ Revision classes ✓ Model Exams ✓ Exam Techniques Writing Speed Practice ✓ Memory Boosting ✓ Crash Course

**ഡിഗ്രിയോടൊപ്പം CS കോഴ്സ് പഠിക്കൂ... കരിയർ ഉറപ്പാക്കൂ!**

ക്ലാസ്സ് കണ്ട് മനസ്സിലാക്കിയതിന് ശേഷം ജോയിൻ ചെയ്യാൻ അവസരം നൽകുന്നു

**No Fees** For Repeaters

Our Courses

| CS only | CS + B.Com | CS + BBA | CS + MBA | CS + M.Com |
|---|---|---|---|---|

Regular Batch | Online batch | Evening batch | Sunday batch



NIOS +1 & +2
B.com | M.com
BBA | MBA
LLB Classes

C-apt MS Office
C-apt Tally
C-apt DFFA
Commerce Tution

MORE INFORMATION : 9633932211

WHATSAPP

GOOGLE

INSTAGRAM

**HOSTEL FACILITY AVAILABLE**

Company Secretary എന്ന സ്വപ്നം നേടിയെടുക്കാൻ C&C College നോടൊപ്പം ചേരൂ...

KERALA PRIVATE
COLLEGE TEACHER
ISSUE No.318
ISSN 2454-4795
DECEMBER 2025 - JANUARY 2026




Printed and Published by Prof. (Dr.) K. Bijukumar, AKPCTA State Committee Office, Vanchiyoor, Thiruvananthapuram-35
Ph: 0471-2463494 E-mail: akpctatvm@gmail.com www.akpcta.org
**Editor : Dr. Vidhu Narayan**